2023 DECEMBER 30

emalayalee.com

# The Weekly

WEEKLY NEWSPAPER

Contact: editor@emalayalee.com | Phone: 917 324 4907; 917 662 1122

# ദൈവകൃപയുടെ തണലിൽ എന്നും ഐസക് മാർ ഫീലിക്സിനോസ് എപ്പിസ്കോപ്പ



**ആ**ഴമേറിയ പ്രാർത്ഥനയും, ആത്മീയതയും, പ്രതിബദ്ധതയുള്ള സാമൂഹിക സേവനവും ഈ ശ്രേഷ്ഠാചാര്യനെ വ്യത്യസ്തനാക്കുന്നു. മലങ്കര മാർത്തോമ്മാ സുറിയാനി സഭയുടെ നോർത്ത് അമേരിക്കൻ ഭദ്രാസനത്തിന്റെ വളർച്ചക്ക് പ്രൗഢഗംഭീരമായ നേതൃതം നൽകി റൈറ്റ്.റവ.ഡോ.ഐസക് മാർ ഫീലിക്സിനോസ് തിരുമേനി നാട്ടിലേക്ക് മടങ്ങുകയാണ്. കഴിഞ്ഞ ഏഴു വർഷക്കാലം നോർത്ത് അമേരിക്ക -യൂറോപ്പ് ഭദ്രാസനം ആത്മീയവും ഭൗതീകവുമായ തലത്തിൽ സമാനതകളില്ലാത്ത വളർച്ചയാണ് കൈവരിച്ചത്. സമൂഹത്തിൽ പിൻതള്ളപ്പെട്ട നിർഭാഗ്യരുടെ സ്പന്ദനങ്ങൾ തിരിച്ചറിഞ്ഞ് വ്യത്യസ്തമായ ജീവകാരുണ്യ പദ്ധതികളാണ് മാർ ഫിലക്സിനോസ് നടപ്പാക്കിയത്. ഭദ്രാസനത്തിന്റെ ചരിത്ര ഏടുകളിൽ മാർ ഫിലക്സിനോസിന്റെ നേതൃത്വം എന്നും സ്മരിക്കപ്പെടുമെന്ന് ഭദ്രാസന വക്താക്കൾ ചൂണ്ടിക്കാട്ടുന്നു

കർമ്മ ധീരതയോടെ ഭദ്രാസനത്തെ നയിച്ച തിരുമേനി നാട്ടിലേക്ക് മടങ്ങുന്നതിനു മുൻപ് പ്രവാസി ചാനലിന്റെ ഡോ. ഷെറിൻ എബ്രഹാമിന് നൽകിയ അഭിമുഖത്തിൽ നിന്ന്. പ്രൊഡ്യൂസർ ലാജി തോമസ്. കാമറ: ബിനു തോമസ്

***ചോദ്യം: തിരുമേനിയുടെ വിദ്യാഭ്യാസകാലം എങ്ങനെയായിരുന്നു? പഠിച്ച വിഷയങ്ങളെ എങ്ങനെ വിലയിരുത്തുന്നു?***

മാവേലിക്കരയിൽ ജനിച്ചു വളർന്ന് ഒരു ഗവൺമെന്റ് സ്ക്കൂളിൽ പ്രാഥമിക വിദ്യാഭ്യാസം ആരംഭിച്ചു. മാവേലിക്കര ബി.എച്ച്. ഹൈസ്കൂളിൽ പഠനം കഴിഞ്ഞ് മാവേലിക്കര ബിഷപ് മൂർ കോളേജിൽ നിന്ന് ബിരുദം കരസ്ഥമാക്കിയ ശേഷം ബനാറസ് ഹിന്ദു യൂണിവേഴ്സിറ്റിയിൽ ഫിലോസഫിയിൽ മാസ്റ്റേഴ്സിന് ചേർന്നു. ക്രൈസ്തവ ദൈവശാസ്ത്രവും ഹൈന്ദവ തത്വശാസ്ത്രവും തമ്മിലുള്ള ബന്ധം പഠിക്കുവാനുള്ള താൽപര്യം ആയിരുന്നു കാരണം. പിന്നീട് പ്രിൻസ്ടൺ യൂണിവേഴ്സിറ്റിയിൽ ദൈവശാസ്ത്രം കൂടുതലായി പഠിക്കുവാനുള്ള അവസരം പിന്നീട് ലഭിച്ചു. വീണ്ടും ബനാറസ് ഹിന്ദു യൂണിവേഴ്സിറ്റിയിൽ വന്ന് വൈഷ്ണവ തത്വചിന്തയെപ്പറ്റിയും ക്രിസ്ത്യൻ ദൈവശാസ്ത്രത്തെപ്പറ്റിയും ഗവേഷണം നടത്തി ഡോക്ടറേറ്റ്. ഭാരത സംസ്കാരത്തിന്റെ പശ്ചാത്തലത്തിൽ ക്രൈസ്തവ മൂല്യങ്ങൾക്കുള്ള പ്രാധാന്യം എന്തായിരിക്കും എന്നുള്ള വീക്ഷണമാണ് ഈ പഠനത്തിലേക്ക് എന്നെ നയിച്ചത്. ബനാറസ് ഹിന്ദു യൂണിവേഴ്സിറ്റിയിൽ ഏതാണ്ട് ഏഴ് വർഷക്കാലം താമസിച്ച് മാസ്റ്റേഴ്സും ഡോക്ട്ടറേറ്റ് ഡിഗ്രിയും പൂർത്തിയാക്കി. കൂടുതലായി ആഴത്തിൽ ഹൈന്ദവ തത്വചിന്തകളെ മനസിലാക്കുവാനും എങ്ങനെ മതങ്ങൾ ഒരുമിച്ച് ദൈവകൃപയുടെ തണലിൽ മുന്നോട്ടു പോകുവാൻ സാധിക്കും എന്നുമുള്ള ഒരന്വേഷണമായിരുന്നു അത്. അത് പിന്നീടുള്ള ജീവിത യാത്രയിൽ അനുഗ്രഹമായി മാറി.

***ചോദ്യം: തിരുമേനിക്ക് ചെറിയ പ്രായത്തിൽ തന്നെ വളരെ നല്ല ഒരു വിഷൻ (കാഴ്ചപ്പാട്) ഉണ്ടായിരുന്നു എന്ന് വ്യക്തം. എപ്പോഴാണ് പൗരോഹിത്യത്തിലേക്ക് വരണമെന്ന ആഗ്രഹമുണ്ടായത്.?***

ചെറുപ്രായത്തിൽ തന്നെ ഭവനത്തിൽ പ്രോത്സാഹനം ഉണ്ടായിരുന്നു. അതോടൊപ്പം തന്നെ ഗുരുക്കൻമാരിൽ നിന്ന് ലഭിച്ച മൂല്യബോധം സ്വായത്തമാക്കാൻ സാധിച്ചിട്ടുണ്ട്. അനേകരുടെ ജീവിതവും പ്രവർത്തനങ്ങളും മനസിലാക്കി എങ്ങനെ സമൂഹത്തിൽ നല്ല രീതിയിൽ ജീവിക്കുവാനും പ്രവർത്തിക്കുവാനും സാധിക്കുമെന്ന് മനസിലാക്കുവാൻ സാധിച്ചിട്ടുണ്ട്. ചെറുപ്രായത്തിൽ തന്നെ ദൈവിക ശുശ്രൂഷയിൽ എങ്ങനെ മനുഷ്യർക്ക് പ്രയോജനകരമായിട്ട് ജീവിക്കാൻ സാധിക്കും എന്ന ചിന്ത ഉയരുകയും വൈദിക

ശേഷം - പേജ് 3 ▸▸

The Weekly
emalayalee.com
WEEKLY NEWSPAPER
Contact: editor@emalayalee.com | Phone: 917 324 4907; 917 662 1122

Editorial



# അയോധ്യയ്ക്ക് മുമ്പേ വേണ്ടത് ആർജ്ജവം

**അ**യോധ്യയിലേക്ക് വീണ്ടും ഇന്ത്യയുടെ ശ്രദ്ധ തിരിയുകയാണ്. ജനുവരി 22 നു നടക്കുന്ന പ്രതിഷ്ഠാദിനത്തിന്റെ മുന്നോടിയായി രാഷ്ട്രീയവിവാദങ്ങളും ചൂടേറിക്കൊണ്ടിരിക്കുന്നു. ഉദ്ഘാടനത്തിൽ പങ്കെടുക്കണോ വേണ്ടയോ എന്ന സന്ദേഹമാണ് നിലപാടുകളിലെ ഭിന്നത വ്യക്തമാക്കുന്നത്. ബി.ജെ.പി തങ്ങളുടെ തിരഞ്ഞെടുപ്പ് വാഗ്ദാനത്തിൽ ഒന്നുകൂടെ അടിയുറച്ചുകൊണ്ട് അഭിമാനത്തിളക്കത്തോടെ വരാൻ പോകുന്ന തിരഞ്ഞെടുപ്പിലെ ഏറ്റവും വലിയ പ്രചാരണയുദ്ധത്തിന് കാഹളം മുഴക്കുമ്പോൾ എന്തു തീരുമാനമെടുക്കണമെന്ന വലിയ പ്രതിസന്ധിയിലാണ് കോൺഗ്രസ് മുന്നോട്ടുപോകുന്നത്. യു.പിയിലെ നേതാക്കൾ പങ്കെടുക്കണമെന്ന് ശഠിക്കുമ്പോൾ മറ്റുള്ളവർ മതേതരത്വത്തെയാണ് മുറുകെ പിടിക്കേണ്ടതെന്ന വാദമാണുയർത്തുന്നത്. കോൺഗ്രസ് ചടങ്ങിൽ പങ്കെടുത്താലും ഇല്ലെങ്കിലും വിവാദം കൊഴുക്കുമെന്നറിയുന്ന ബി.ജെ.പി മാറി നിന്ന് കളികണ്ടുകൊണ്ടിരിക്കുന്നു. ഇതുവരെ തീരുമാനമെടുക്കാൻ കഴിയാതെ കോൺഗ്രസും ഇരുട്ടിൽത്തപ്പുന്നു. ചടങ്ങിൽ കോൺഗ്രസ് പങ്കെടുക്കേണ്ടെന്നാണ് കേരള നേതാക്കളുടെ പൊതുവികാരം. ഇക്കാര്യം കേന്ദ്രനേതൃത്വത്തെ അറിയിച്ചു.

സോണിയാ ഗാന്ധിക്കും പ്രസിഡന്റ് മല്ലികാർജുൻ ഖാർഗെക്കുമാണ് ക്ഷേത്ര ട്രസ്റ്റിന്റെ ക്ഷണം ഔദ്യോഗികമായി ലഭിച്ചത്. സോണിയാഗാന്ധി പങ്കെടുക്കുമെന്ന രീതിയിൽ വാർത്തകളുമുണ്ടായി. അതേ സമയം ചടങ്ങിൽ പങ്കെടുക്കുമോയെന്ന് ദേശീയ നേതൃത്വം വ്യക്തമാക്കാത്തതും വിവാദങ്ങൾ മുന്നിൽ കണ്ടാണ്. ജനറൽ സെക്രട്ടറി കെ.സി. വേണുഗോപാലടക്കമുള്ള മുതിർന്ന നേതാക്കളും ഇതുമായി ഉയർന്ന ചോദ്യങ്ങളിൽ നിന്നും ഒഴിഞ്ഞു മാറുന്നതും പാർട്ടിയുടെ സന്ദേഹമാണ് കാണിക്കുന്നത് .

കോൺഗ്രസ് ദേശീയനേതൃത്വത്തിന്റെ തീരുമാനം വരട്ടെയെന്നാണ് മുസ്ലിം ലീഗിന്റെ നിലപാട്. സംഭവമുണ്ടായപ്പോൾത്തന്നെ കോൺഗ്രസ് നേതൃത്വം ലീഗ് നേതാക്കളുമായി ആശയവിനിമയം നടത്തിയത് അന്തരീക്ഷം ലഘൂകരിച്ചു.

കഴിഞ്ഞ പാർലമെന്റ് തിരഞ്ഞെടുപ്പിൽ സ്ത്രീകൾക്ക് പ്രായഭേദമെന്യെ ശബരിമലയിൽ കയറാമെന്ന സുപ്രീംകോടതി വിധിയോടുള്ള സമീപനം കേന്ദ്രത്തിലും സംസ്ഥാനത്തിലും രണ്ടു തരത്തിലാണ് കോൺഗ്രസ് സ്വീകരിച്ചത്. ശബരിമലയിൽകോൺഗ്രസ് ദേശീയനേതൃത്വം വിധിക്ക് അനുകൂലമായിരുന്നെങ്കിലും സംസ്ഥാനത്തെ സാഹചര്യം കണക്കിലെടുത്ത് വ്യത്യസ്ത നിലപാടെടുക്കാൻ സംസ്ഥാനഘടകത്തിന് അനുമതി നൽകിയിരുന്നു. അതേ സമയം അയോധ്യാ വിഷയത്തിൽ ഇങ്ങനെ രണ്ട് നിലപാടുകൾ എടുക്കുന്നത് വിമർശിക്കപ്പെടുമെന്ന വാദവും പൊതുവേ ചൂണ്ടിക്കാട്ടുന്നു.

ബാബറി മസ്ജിദിന്റെ തകർച്ച മുതൽതന്നെ അങ്ങോട്ടുമില്ല, ഇങ്ങോട്ടുമില്ല എന്ന നിലയിലെടുക്കുന്ന മൃദുഹിന്ദുത്വ നിലപാട് കോൺഗ്രസിന് ദോഷംചെയ്യുമെന്നാണ് ചടങ്ങിൽ പങ്കെടുക്കേണ്ടെന്ന് പറയുന്നവരുടെ വാദം. പലവട്ടം ഈ നിലപാട് തിരിച്ചടിക്കുമെന്ന് തെളിഞ്ഞിട്ടും വീണ്ടും അതേ തീരുമാനം എടുക്കുന്നത് എന്തിനെന്ന ചോദ്യമാണ് കേരളനേതാക്കൾ ഉയർത്തുന്നത്. നെഹ്‌റുവിന്റെയും ഇന്ദിരാഗാന്ധിയുടെയും കാലത്തെന്നപോലെ ശക്തമായ മതേതരത്വ നിലപാടിൽ അടിയുറച്ച് നിൽക്കണമെന്നാണ് കേരളനേതാക്കൾ ഉൾപ്പെടെയുള്ളവരുടെ ആവശ്യം.

മൃദുഹിന്ദുത്വമെന്ന് സമസ്ത ഉൾപ്പടെയുള്ള മുസ്‌ലിം ലീഗ് സംഘടനകൾ കോൺഗ്രസിനെ കുറ്റപ്പെടുത്തുന്നു. ഉദ്ഘാടന ചടങ്ങിൽ പങ്കെടുക്കില്ലെന്ന് പ്രഖ്യാപിച്ച സി.പി.എം ജനറൽ സെക്രട്ടറി സീതാറാം യെച്ചൂരിയുടെ ആർജ്ജവം പോലും കോൺഗ്രസിന് ഇല്ലേ എന്നായിരുന്നു സമസ്തയുടെ ചോദ്യം. ഏതായാലും സമസ്തയുടെ ചോദ്യം കൊള്ളേണ്ടിടത്തൊക്കെ കൊണ്ടു. ഈ കാര്യത്തെക്കുറിച്ചുള്ള ചോദ്യത്തിന് കെ.പി.സി.സിയല്ല, എ.ഐ.സി.സിയാണ് തീരുമാനിക്കേണ്ടതെന്നായിരുന്നു കോൺഗ്രസ് നേതാവ് കെ. സുധാകരന്റെ മറുപടി.

മതവും ജാതിയും വോട്ടുബാങ്കും ഒന്നും നോക്കിയല്ല, ഇന്ത്യ ഇന്ത്യയെന്ന രാജ്യമായി മാറിയത്. അവിടെ മാനവികതയും വികസനസങ്കൽപ്പങ്ങളും ഏകതയും മതേതരത്വവും തന്നെയായിരുന്നു പ്രധാനം. തങ്ങൾ തീരുമാനമെടുക്കുമ്പോൾ മതം പിണങ്ങുമോ എന്ന് സംശയിക്കുന്നതിന് പകരം തങ്ങളുടെ നയങ്ങളും നിലപാടുകളും ഉറക്കെ പ്രഖ്യാപിക്കാൻ ആശങ്കയോടെ, പകുതി മനസോടെ തീരുമാനങ്ങളെടുക്കുന്ന പാർട്ടി നേതൃത്വങ്ങൾക്ക് ഇനിയെങ്കിലും കഴിയട്ടെ. അതല്ലാതെ മറ്റുള്ളവർ ആയുധമാക്കും എന്ന നിലയിൽ, രാഷ്ട്രീയ നേട്ടങ്ങൾക്കുവേണ്ടി മാത്രം തീരുമാനങ്ങൾ മാറ്റാതിരിക്കുക. എന്തിലാണ് ഉറച്ചു നിൽക്കുന്നതെന്ന് ജനങ്ങളെ ബോധ്യപ്പെടുത്തുന്നത് ഇന്നല്ലെങ്കിൽ നാളെ നിങ്ങളുടെ ചുവടുകൾക്ക് ബലം നൽകും.



**ജോർജ് ജോസഫ്**
ചീഫ് എഡിറ്റർ



**സുനിൽ ട്രൈസ്റ്റാർ**
മാനേജിംഗ് എഡിറ്റർ

# ഐസക് മാർ ഫീലിക്സിനോസ് എപ്പിസ്കോപ്പ

1-ാം പേജ് തുടർച്ച...

ശുശ്രൂഷയിലേക്ക് വരണമെന്ന താൽപര്യം ജനിക്കുകയും ചെയ്തു. ഒരു പക്ഷേ ഭവനാന്തരീക്ഷത്തിലൂടെയാണ് അത് കൈവന്നത്. ഇടവകയിലെ വിശ്വാസ സമൂഹത്തിന്റെ പിന്തുണയുണ്ടായിരുന്നു. അതൊടൊപ്പം തന്നെ ഗുരുക്കൻമാരും സുഹൃത്തുക്കളുമെല്ലാം ഇതിന് സ്വാധീനം ചെലുത്തിയിട്ടുണ്ട്. ആ വിധത്തിലായിരുന്നു ആത്മീയ രീതിയിൽ വളരുവാനായിട്ട് സാധ്യമായത് എന്ന് ഞാൻ വിശ്വസിക്കുന്നു.



***ചോദ്യം: അങ്ങയുടെ റോൾ മോഡൽ ആരായിരുന്നു.***

ഒരു പ്രത്യേക റോൾ മോഡൽ എന്ന് പറയാൻ സാധ്യമല്ല. ജീവിതത്തിൽ സ്വാധീനിച്ച ആളുകൾ ധാരാളം ഉണ്ട്. യൂഹാനോൻ മാർത്തോമ്മാ മെത്രാപ്പോലീത്തയുടെ പ്രവർത്തനവും ജീവിത ശൈലിയുമെല്ലാം എന്നെ വളരെയധികം സ്വാധീനിച്ചിരുന്നു. പിന്നെ ഓർത്തഡോക്സ് സഭയിൽ ഉണ്ടായിരുന്ന ഗീവർഗീസ് മാർ ഒസ്താത്തിയോസ് തിരുമേനി. തിരുമേനി കുടുംബാംഗം കൂടിയാണ്. ആ രീതിയിൽ തിരുമേനിയുടെ ദർശനവും വീക്ഷണവും സാമൂഹ്യ പ്രതിബദ്ധതയും ഒക്കെ സ്വാധീനിച്ചു. അങ്ങനെ ധാരാളം ആളുകൾ. അവരുടെ ജീവിതം കാണുമ്പോൾ ആകർഷണം തോന്നിയിട്ടുണ്ട്. സുവിശേഷ പ്രവർത്തനത്തിലിരിക്കുന്ന ആളുകൾ അവരുടെ സാക്ഷ്യവും പ്രവർത്തനരീതിയുമൊക്കെ വെളിപ്പെടുത്തുമ്പോൾ അവരുടെ ജീവിതവും സ്വാധീനിച്ചിട്ടുണ്ട്. ധാരാളം ആളുടെ പ്രചോദനം ലഭിച്ചു എന്നാണ് ഞാൻ കരുതുന്നത്.

***ചോദ്യം: തിരുമേനി ധാരാളം ആളുകളെ സ്വാധീനിക്കുന്ന വ്യക്തിയായി തീർന്നതിൽ ഞങ്ങൾക്ക് അതിയായ സന്തോഷം. ധാരാളം ദൈവാനുഗ്രഹം ഉണ്ട് അതിൽ എന്നു തന്നെ വിശ്വസിക്കുന്നു. കഴിഞ്ഞ ഏഴു വർഷക്കാലമായി തിരുമേനി അമേരിക്ക യൂറോപ്പ് രാജ്യങ്ങളിലെ മാർത്തോമാ ഡയോസിസിനെ നയിച്ചു. ഒന്നു വിലയിരുത്താമോ ആ നേതൃത്വ പദവിയെ?***

ഏഴുവർഷമായി നോർത്തമേരിക്ക-യൂറോപ്പ് ഭദ്രാസനത്തിൽ പ്രവർത്തിക്കാനായി ഒരു അവസരം ലഭിച്ചു. അതൊരു ദൈവിക നിയോഗമായിട്ടാണ് ഞാൻ കരുതുന്നത്. 2016 ഏപ്രിൽ ഒന്നാം തീയതി മുതലാണ് ഈ ഭദ്രാസനത്തിന്റെ ചുമതല ഏറ്റെടുക്കുന്നത്. അതിന് ശേഷം ഈ ഭദ്രാസനത്തിന്റെ ഓരോ പ്രവർത്തനങ്ങളും സസൂക്ഷ്മം പഠിക്കുകയും മനസ്സിലാക്കുകയും എവിടെയാണ് ആവശ്യം എന്ന് മനസിലാക്കി അവിടെ വേണ്ട ആലോചന നൽകുവാനും പ്രോത്സാഹനം നൽകുവാനും ശ്രമിച്ചിട്ടുണ്ട്. ഈ ഒരു കാലഘട്ടത്തിലാണ് കോവിഡിന്റെ പ്രതിസന്ധി. 2020, 21 ഒക്കെ വളരെയധികം വെല്ലുവിളികൾ ഉണ്ടായ കാലമാണ്. ജനങ്ങളെല്ലാം വളരെയധികം പ്രയാസപ്പെട്ടു. ആ സമയമൊക്കെ ജനങ്ങളുമായുള്ള ബന്ധം തുടരാനും അവർക്ക് ആശ്വാസം നൽകുന്ന വചനങ്ങളും ആരാധനയുമായി ദൈവവുമായ ബന്ധത്തിൽ നിലനിർത്തുന്നതിനും ഒട്ടേറെ കാര്യങ്ങൾ ചെയ്യാൻ സാധിച്ചിട്ടുണ്ട്. ഇവിടെ കുടിയേറി പ്രവാസികളായി താമസിക്കുമ്പോൾ ഒരു വ്യത്യസ്ത സംസ്കാരത്തിൽ എങ്ങനെ നമ്മുടെ പൈതൃകം കാത്തു സൂക്ഷിക്കാൻ സാധിക്കും, എങ്ങനെ വിശ്വാസം നിലനിർത്താൻ സാധിക്കും, എങ്ങനെ വെല്ലുവിളികൾക്കെതിരെ ക്രിയാത്മമായിട്ടുള്ള പ്രതികരണം സാധിക്കും എന്നതെല്ലാം വളരെയധികം ശ്രദ്ധയോടെ കൈകാര്യം ചെയ്യേണ്ട കാര്യങ്ങളാണ്. പ്രവാസ സമൂഹം ഒന്നാം തലമുറ കഴിഞ്ഞ് നാലാം തലമുറവരെ ആയിരിക്കുന്നു. തലമുറകൾ തമ്മിലുള്ള വിള്ളൽ വളരെയധികം ഇവിടെ കാണുന്നുണ്ട്. അവരെ ഒരുമിച്ച് കൊണ്ടുപോകുക വിഷമകരമാണ്. അവിടെയെല്ലാം ദൈവികമായുള്ള നടത്തിപ്പ് അനുഭവഭേദ്യമാക്കുവാൻ നമ്മുടെ സാന്നിധ്യം സഹായകരമായി തീർന്നിട്ടുണ്ട്. ഇതിൽ വളരെയധികം ശ്രദ്ധയോടു കൂടെ അവരോടൊത്ത് യാത്ര ചെയ്യുവാൻ കഴിഞ്ഞ എഴു വർഷം സാധ്യമായി എന്നുള്ളത് വളരെയധികം കൃതാർത്ഥതയോടെ ഓർക്കുകയാണ്.

ഏഴുവർഷമായി നോർത്തമേരിക്ക – യൂറോപ്പ് ഭദ്രാസനത്തിൽ പ്രവർത്തിക്കാനായി ഒരു അവസരം ലഭിച്ചു. അതൊരു ദൈവിക നിയോഗമായിട്ടാണ് ഞാൻ കരുതുന്നത്. 2016 ഏപ്രിൽ ഒന്നാം തീയതി മുതലാണ് ഈ ഭദ്രാസനത്തിന്റെ ചുമതല ഏറ്റെടുക്കുന്നത്. അതിന് ശേഷം ഈ ഭദ്രാസനത്തിന്റെ ഓരോ പ്രവർത്തനങ്ങളും സസൂക്ഷ്മം പഠിക്കുകയും മനസ്സിലാക്കുകയും എവിടെയാണ് ആവശ്യം എന്ന് മനസിലാക്കി അവിടെ വേണ്ട ആലോചന നൽകുവാനും പ്രോത്സാഹനം നൽകുവാനും ശ്രമിച്ചിട്ടുണ്ട്.



***ചോദ്യം: ആ രീതി തെരെഞ്ഞെടുത്ത എന്ത് കൊണ്ട്? അതാണോ ഗുണകരമായത്?***

ദൈവിക ശുശ്രൂഷയിൽ ക്രിസ്തുവിന്റെ പാത പിന്തുടരുന്ന ശിഷ്യൻ എന്നരീതിയിൽ ആ ശൈലിയാണ്




pravasi CHANNEL HD

# TEAM Pravasi Channel

MediaAppUSA

SAJAN MOOLEPLACKEL | C G PRADEEP | SHAJI S RAMAPURAM | BOBBY RETINA | DR HIMA RAVINDRANATH | JIJI P. SCARIA

JIMMY KULANGARA | JOBY VARGHESE | SAM ALEX | SUDHIN CHANDY | LINDO JOLLY | JOSEPH SAVIO (JAYAN) | MALAVIKA PREM | MANESH MANI | RENJITH THAZHATHUMATTATHIL | JERRY KAMPIYIL | PRASANTH PREMKUMAR

PAULOSE KUYILADAN | Dr. GIJI SKARIA | THANKU SAKARIA (DAS) | KAJAL ZACHARIAH | BIDHU KISHAN | BIJU OOMMEN | CUCKOO ANN JACOB | DEEPTHY VARGHESE | MEERA PUTHIYADATH | RANJU VARGHESE | RINCY VARGHESE

SHAJI JOHN | ROBIN THOMAS | RAJESH VARGHESE | ROSHY C. MALATH | AJU VARIKKAD | JITHESH CHUNGATH | RONY THOMAS | ROY MATHEW | ALWIN GEORGE | JIJO THOMAS

MANJJU PULICKAL | NIRMAL MUKUNDAN | SOBIN CHACKO | GEO JOSEPH | LAGI THOMAS | JOEL SKARIA | JOSEN JOSEPH | MELVIN MAMMEN | Dr SHERIN ABRAHAM

SABARINATH NAIR | THOMAS MATHEW (ANIL) | VIGI ABRAHAM | LIJO P. GEORGE | ANU SKARIAH | JUSTIN JOSE | ROBIN DAN SAMUEL | SHALU PUNNOOSE | ANSU JINTO

തിരഞ്ഞെടുക്കുന്നത്. ക്രിസ്തു കാട്ടിയ പാത ഒരു പക്ഷെ തന്റെ അധികാരം വെളിപ്പെടുത്തിയിട്ടുണ്ട്. ദൈവം നൽകിയ അധികാര മാണ് തനിക്കുള്ളത് എന്ന്. അതിനപ്പുറമായിട്ട് ഒന്നുമില്ല. എന്നാൽ ആ അധികാരം സമൂഹ നന്മയ്ക്ക് വേണ്ടി വിനിയോഗിച്ചത് ക്രിസ്തുവാണ്. അവിടെ ചാട്ടവാർ എടുത്തതായ ഘട്ടം വരെയുണ്ട്. അത് നീതിയ്ക്കു വേണ്ടിയും ദൈവീക പദ്ധതി നടപ്പാക്കുവാൻ വേണ്ടിയും ആയിരുന്നു. എന്നാൽ അവിടെ തന്നെ ക്രിസ്തു പറയുന്നുണ്ട്, ഞാൻ ഇവിടെ ആയിരിക്കുന്നത് എന്റെ ജീവനെ നൽകാൻ വേണ്ടിയാണ്. ദാസരൂപമെടുത്ത് മനുഷ്യമധ്യത്തിൽ വിളങ്ങി മനുഷ്യനായി നമ്മോടൊപ്പം ഉള്ള ക്രിസ്തുവാണ്. ആ ക്രിസ്തുവിനെയാണ് ക്രിസ്തുമസ് കാലയളവിൽ എല്ലാവരും ഓർക്കുന്നത്. അതുകൊണ്ട് അധികാരത്തിന്റെ അമിതമായ ആധി നമ്മിൽ കടന്ന് സ്വയം ഇല്ലാതാവുകയല്ല മറിച്ച് ദൈവം നൽകിയ അവസരങ്ങൾ ദൈവത്തിന്റെ പദ്ധതിയാണ് നിറവേറ്റുന്നത് എന്ന ബോധത്തോടു കൂടെ താഴ്മയോടു കൂടെ പ്രവർത്തിക്കാൻ സാധിച്ചാൽ ഞാൻ ഒന്നുമല്ല ദൈവമാണ് വലിയവൻ എന്നുള്ള ബോധം ഉണ്ടാകും. അവിടെയാണ് ദാസശുശ്രൂഷയുടെ പ്രത്യേകത നാം കാണുന്നത്. അവിടെയാണ് മനുഷ്യനെ മനുഷ്യനായി കാണാൻ സാധിക്കുന്നത്. അവിടെയാണ് മറ്റുള്ളവരിൽ ദൈവത്തെ കാണാൻ സാധിക്കുന്നത്.

***ചോദ്യം: നന്ദി തിരുമേനി അത് നല്ലൊരു സന്ദേശമാണ് ഈ ക്രിസ്തുമസ് കാലത്ത് നൽകുന്നത്.***

അന്താരാഷ്ട്ര തലത്തിലടക്കം വിവിധ സംഘടനകളിൽ തിരുമേനി പ്രവർത്തിച്ചിട്ടുണ്ട്. ഈയിടെ ഏഷ്യൻ കൗൺസിലിൽ ക്ഷണിക്കപ്പെട്ട അതിഥിയായി പോയി. എക്ക്യൂമിനിക്കൽ ഫെഡറേഷനിൽ. അതിനെപറ്റി ഒന്നു പറയാമോ?

അഖില ലോകസഭാ കൗൺസിൽ ലോകത്തിലെ എല്ലാ സഭാ വിഭാഗങ്ങളും ഒന്നിച്ച് ചേർന്ന് വരുന്ന ഒരു ആത്മീയ സംഘടനയാണ്. ഐക്യത്തിന്റെയും ഒരുമയുടെയും ഭാവം എങ്ങനെ വെളിപ്പെടുത്തുവാൻ സാധിക്കും എന്നത് വ്യക്തമായിട്ട് ലോകത്തിന് കാട്ടികൊടുക്കുന്ന ഒരു പ്രസ്ഥാനമാണ്. ഏതാണ്ട് 14 വർഷങ്ങളോളം അതിൽ സെൻട്രൽ കമ്മിറ്റി അംഗം എന്ന രീതിയിൽ പ്രവർത്തിക്കുവാനായി സാധിച്ചിട്ടുണ്ട്. പല രാജ്യങ്ങളിലും പ്രത്യേകിച്ച് അക്രമവും അനീതിയും നടക്കുന്ന സാഹചര്യങ്ങളിൽ സമാധാന ദൂതുമായിട്ട് പോകുന്ന ഒരു പ്രവർത്തനം വേൾഡ് കൗൺസിൽ ഓഫ് ചർച്ചസ്ന്റെ പ്രധാന ദൗത്യമാണ് അതിലൊക്കെ പങ്കുചേരുവാൻ സാധിച്ചത് ജീവിതത്തിലെ വലിയ സൗഭാഗ്യമായിട്ടാണ് ഞാൻ കരുതുന്നത്. വിവിധ രാഷ്ട്രങ്ങൾ അഭിമുഖീകരിക്കുന്ന വിഷമ സാഹചര്യങ്ങളിൽ സഭയ്ക്ക് എങ്ങനെ തങ്ങളുടേതായ ഇടപെടൽ സാധ്യമാകും എന്ന് വെളിപ്പെടുത്താനായി സാധിച്ചട്ടുണ്ട്. ഭാരതത്തിലെ നാഷണൽ കൌൺസിൽ ഓഫ് ചർച്ചസ് ഇൻ ഇന്ത്യയിൽ ധാരാളം പ്രവർത്തിക്കുവാൻ അവസരം ലഭിച്ചിട്ടുണ്ട്. കേരള കൌൺസിൽ ഓഫ് ചർച്ചസിന്റെ ചുമതലയിലൊക്കെ ഉണ്ടായിട്ടുണ്ട്. അമേരിക്കയിൽ ആണെങ്കിൽ നാഷണൽ കൌൺസിൽ ഓഫ് ചർച്ചസ് യൂ സ് എ അതിന്റെ പ്രവർത്തനങ്ങളിലും ചേർന്നിട്ടുണ്ട്. ഇതെല്ലം സഭകൾ തമ്മിലുള്ള പ്രവർത്തനം എങ്ങനെ ശക്തമാക്കാൻ സാധിക്കും അതിലൂടെ മാനവ സമൂഹത്തിന് എങ്ങനെ പ്രയോജനം ലഭ്യമാവും എന്ന് ലക്ഷ്യമിടുന്നു. എവിടെ മനുഷ്യർ വേദനിക്കുന്നുവോ, വിഷമത അനുഭവിക്കുന്നുവോ അവരുടെ മധ്യത്തിൽ സഭകൾ ഒരുമിച്ച് എങ്ങനെ പ്രവർത്തിക്കാൻ സാധിക്കും. ആ രീതിയിലുള്ള പ്രവർത്തനങ്ങൾക്ക് മാർഗനിർദ്ദേശം നൽകുവാൻ ഒരു പരിധി വരെ സാധിച്ചിട്ടുണ്ട്. മത-ലോക നേതാക്കളുമായിട്ട് ഇടപെടൽ വഴി എന്നെത്തന്നെ മനസിലാക്കുവാനും എന്നാൽ അവരോടൊത്ത് അൽപ്പമെങ്കിലും ഈ ദൈവീക പദ്ധതിയിൽ പങ്കാളിയാകുവാനും ഇടയായത് ഒരു സന്തോഷ അനുഭവമായിട്ടാണ് കാണുന്നത്. കഴിഞ്ഞ പ്രവർത്തന രംഗങ്ങളിൽ എല്ലാം തന്നെ അത് വളരെ കാര്യമായിട്ട് ചെയ്യാനായിട്ട് ദൈവം സഹായിച്ചു. അതിന് ദൈവത്തിന് നന്ദി പറയുകയാണ്.

***ചോദ്യം: തിരുമേനി ഒരു എഴുത്തുകാരൻ കുടി ആണെല്ലോ. പ്രകാശ കിരണങ്ങൾ എന്ന പുസ്തകം എല്ലാ മാതാപിതാക്കളും ഒരു മസ്റ്റ് റീഡ് ബുക്ക് ആയിട്ടാണ് കരുതുന്നത്. സ്വയം എഴുത്തുകാരനായി എങ്ങനെ വിലയിരുത്തുന്നു.***

ഞാൻ വലിയൊരു എഴുത്തുകാരൻ ഒന്നുമല്ല. സമയം കിട്ടുമ്പോൾ ചില ആശയങ്ങൾ ഒക്കെ കുറിച്ചു വച്ചു അങ്ങനെ എഴുതുന്നുവെന്നേ ഉള്ളു. അവസരം കിട്ടുമ്പോൾ അതിനെ ഉപയോഗിക്കും. പ്രകാശകിരണങ്ങൾ ഭാവന ചെയ്തപ്പോൾ അത് ഒരു ഓട്ടോബയോഗ്രഫി എന്ന രീതിയിൽ അല്ല. എങ്കിലും കഴിഞ്ഞകാല പ്രവർത്തനങ്ങളെ വെളിപ്പെടുത്തുന്ന ഒരു വിശകലനം അതിനകത്തുണ്ട്. പ്രവർത്തനങ്ങൾ എല്ലാം തന്നെ അതിൽ ഭംഗിയായി അവതരിപ്പിച്ചിട്ടുണ്ട്. ആമുഖമായിട്ട് എന്റെ ബാല്യകാലം മുതലുള്ള പ്രവർത്തനവും ജീവിത വീക്ഷണവും അൽപ്പം നൽകിയിട്ടുണ്ട് എന്ന് മാത്രമേ ഉള്ളു. പല പുസ്തകങ്ങളും എഴുതുവാനുള്ള പ്രചോദനം ലഭിക്കുന്നത് ഓരോ സാഹചര്യങ്ങളുടെ പശ്ചാത്തലത്തിലാണ്. പ്രകാശ കിരണങ്ങളുടെ എഡിറ്റർസ് കാര്യമായി ശ്രദ്ധിച്ചു പ്രവർത്തിച്ചിട്ടുണ്ട്. ജോർജ് എബ്രഹാം അച്ചൻ, സാജൻ ഏലിയാസ് അച്ചൻ എന്നിവർ ഓരോസ്ഥലങ്ങളിൽ പോയി ചെയ്ത പ്രവർത്തനങ്ങൾ എല്ലാം മനസിലാക്കുവാനും അത് ഭംഗിയായിട്ട് അവതരിപ്പിക്കാനും ശ്രമിച്ചിട്ടുണ്ട്. അത് കൂടുതൽ ആളുകൾക്ക് പ്രയോജനമാണ് എന്ന് കരുതുന്നു.

***ചോദ്യം: തിരുമേനിക്ക് ഇന്നത്തെ തലമുറയെ പറ്റി വ്യാകുലതയുണ്ടോ? എന്താണ് തിരുമേനിയുടെ ചിന്താഗതി ?***

യുവജനങ്ങളെ കുറിച്ച വ്യാകുലപ്പെടേണ്ട കാര്യമില്ല. അവരിലെ സാധ്യത നമ്മൾ കണ്ടെത്തുക. അവർ അവരുടേതായ രീതിയിൽ ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്യും. എന്നാൽ അവർക്ക് പ്രവർത്തിക്കാനുള്ള, ചിന്തിക്കുവാനുള്ള, നല്ല റോൾമോഡലുകൾ ഉണ്ടാവേണ്ടതാവശ്യമാണ്. ആരെക്കണ്ടിട്ടാണ് എങ്ങനെ കണ്ടിട്ടാണ് മുന്നോട്ടു പോവാൻ സാധിക്കുന്നത് എന്നുള്ള ചോദ്യം വരുന്നുണ്ട്. അതോടൊപ്പം തന്നെ എന്തിലേക്കാണ് ഞങ്ങൾ പോകുന്നത് എന്നതും. അവരുടെ ജീവിതനന്മയും ഡൈനാമിസവും ചാനലൈസ് ചെയ്ത ഭംഗിയായിട്ട് നയിക്കാൻ സാധിച്ചാൽ സമൂഹത്തിലെപ്പോഴും പ്രയോജനമുള്ളതായി മാറും. അതിൽ യാതൊരു സംശയവുമില്ല. അവർക്ക് വേണ്ട മോട്ടിവേഷൻ നൽകി അവരെ നയിക്കാൻ സാധിച്ചാൽ അവർക്ക് നല്ല ഭാവിയുണ്ടാവും. അതോടൊപ്പം തന്നെ അവർക്ക് ലോകത്തിന് വലിയ സംഭാവന നല്കാനുമാവും.




MERRY
Christmas
&
HAPPY NEW YEAR
GREETING SEASON
pravasi CHANNEL HD
MediaAppUSA
Wishing all our viewers
A MERRY XMAS & A HAPPY NEW YEAR
Rajesh Varghese
Houston, Texas
Lindo Jolly
Florida
Shaji Ramapuram
Dallas, Texas
Kajal Zachariah
Georgia
Sajan Mooleplackel
California
Lijo George
Pennsylvania
Jithesh Chungath
Illinois
Lagi Thomas
New York
Rony Thomas
MD | DC | VA
C.G. Pradeep
Canada
Roy Mathew
New Jersey
The Regional Directors &Business Development Managers of Pravasi Channel
One App for All Media Outlets
amazon fireTV
Amazon fireTV
ROKU
ROKU TV
SMART TV
Samsung TV
LG
LGTV
iPhone
tv
Apple TV
Google TV
GoogleTV
Panasonic
Panasonic
VIZIO
VIZIO TV
Android
Download on the App Store
ANDROID APP ON Google play
Available in App Store or Google Store
Scan the QR Code for instant download
Download
'MediaAppUSA'

***ചോദ്യം: പുസ്തകത്തെപ്പറ്റി സംസാരിക്കുമ്പോൾ ഗ്രേസ് ഇൻ വൈഷ്ണവിസം വേഴ്സസ് ക്രിസ്ത്യാനിറ്റിയിൽ നിന്ന് എന്താണ് നാം കണ്ടെത്തുന്നത്?***

ഗ്രേസ് (ദൈവ കൃപ) കോൺസെപ്റ്റ് ക്രിസ്ത്യൻ വിശ്വാസത്തിൽ വളരെ അധികം അടിസ്ഥാനമുള്ളതാണ്. ദൈവ കൃപ നമ്മൾ അനുഭവിക്കുന്നു. അതിനു മനുഷ്യന്റെ ഭാഗത്തുനിന്നുള്ള പ്രതികരണവും ആവശ്യമാണ്. കൃപ ലഭിച്ചു എന്ന് പറഞ്ഞിട്ട് നമ്മൾ മിണ്ടാതെ കയ്യും കെട്ടി ഇരുന്നിട്ട് കാര്യമില്ല. അത് നമ്മിലൂടെ വെളിപ്പെടുവാനായിട്ട് നമ്മെത്തന്നെ വിധേയപ്പെടേണ്ടതാവശ്യമാണ്. ഇപ്പോൾ ക്രിസ്മസ് കാലമാണ്. കന്യകാമറിയത്തെ അഭിസംബോധന ചെയ്ത ദൂതൻ പറയുന്നത് കൃപ ലഭിച്ചവളേ നിനക്ക് വന്ദനം. കന്യാമറിയം ചോദിക്കുന്ന ഒരു ചോദ്യമുണ്ട്, ഇത് എന്തോരു കൃപയാണ്. എന്നാൽ പിന്നീട് കന്യമറിയാം പറയുന്നത് ഇതാ ഞാൻ നിന്റെ ദാസി നിന്റെ വാക്കുപോലെ ഭവിക്കട്ടെ. പിന്നെ ഫുൾ കമ്മിറ്റ്മെന്റാണ് ദൈവ സന്നിധിയിൽ സമർപ്പിച്ചുകൊണ്ട്, ദൈവത്തിനു വിധേയപ്പെട്ടുകൊണ്ടുള്ള ജീവിതവും പ്രവർത്തനവുമാണ് അവിടെ കാണുന്നത്. ദൈവത്തെ മനസിലാക്കി കൃപ അനുഭവിച്ചു ദൈവത്തോടൊത്തു ജീവിക്കുന്ന ജീവിതം. ഇത് ക്രൈസ്തവ ചിന്തയിൽ വളരെ അധികം ആഴത്തിൽ നമ്മൾ കാണുന്നുണ്ട്. ഹൈന്ദവ ചിന്തയിലും ഭാഗവത പുരാണത്തിലും ഭഗവത്ഗീതയിലുമൊക്കെയാണെങ്കിൽ അനുഗ്രഹം എന്ന് പറയുന്നത് ദൈവത്തിന്റെ അനുഗ്രഹം പ്രാപിക്കുന്ന മനുഷ്യ അനുഭവമാണ്. അവിടെ ദൈവത്തിൽ നിന്ന് പ്രാപിക്കുന്ന നന്മകൾ നമ്മൾ അനുഭവിക്കുന്നു. എന്നാൽ മനുഷ്യൻ പ്രവർത്തിക്കേണ്ടതും ആവശ്യമാണ്. ആ ഒരു ചിന്ത അധികമുണ്ട്. കർമ്മ മാർഗവും ഭക്തി മാർഗവും സമന്വയിച്ചുള്ള ഒരു ജീവിതാനുഭവം ആവശ്യമാണ്. ആ ഭക്തി ദൈവ കൃപ പ്രാപിപ്പാനായിട്ട് സഹായിക്കുന്ന ഒന്നായിട്ട് അവിടെ വെളിപ്പെടുത്തുന്നു. ഇവ എങ്ങനെ രണ്ടും ഒരുമിച്ച് പോകും എന്നാണ് എന്റെ ഗവേഷണത്തിൽ. രണ്ടും വ്യത്യസ്തമായിട്ട് പോകുന്ന ഒന്നല്ല. രണ്ടും ഒരേചിന്തയിൽ തന്നെ ഒരേ ധാരയിൽ തന്നെ പോകുന്ന ഒന്നാണ്. അതുകൊണ്ട് ദൈവ പ്രസാദം അനുഭവിക്കുമ്പോൾ തന്നെ മനുഷ്യർക്ക് അവരുടെ കടമ നിർവഹിക്കാനുണ്ട് എന്ന് മനസിലാക്കി ദൈവിക ബന്ധത്തിൽ ആയി തീരുക. അതിന് നമ്മുടെ ഒരു ഇനിഷ്യേറ്റിവ് ആവശ്യമാണ്.

***ചോദ്യം: അറ്റ്ലാന്റാ പ്രോജക്ട് തിരുമേനിയുടെ ഇനിഷിയേറ്റീവ് ആണല്ലോ. അതിന്റ വിവരങ്ങൾ പറയാമോ?***

രണ്ടു കാര്യങ്ങളാണ് ഇവിടെ വന്ന ശേഷം ചെയ്യാൻ ശ്രമിച്ചത് . ഒന്ന് അറ്റ്ന്റലായിൽ ഒരു സ്ഥലം വാങ്ങി. പ്രധാനമായി ആളുകൾക്ക് കൂടിവരുവാനുള്ള ഇടം. കൂടാതെ ആരാധനക്കും ധ്യാനകേന്ദ്രമായിട്ടും ആണ് അതിനെ കാണുന്നത് . സമൂഹം ആരാധനക്കായി അതിനെ ഉപയോഗിക്കുന്നു . അതോടൊപ്പം തന്നെ ദൈവിക കാര്യങ്ങൾക്കായി ആളുകള്ക്ക് വന്നു സമയം ചെലവഴിക്കാനുള്ള ഒരു ധ്യാനകേന്ദ്രം, അതായിരുന്നു നമ്മുടെ ഒരു വീക്ഷണം. അതിനു സഹായകരമായിട്ടുള്ള ഒരു സംവിധാനമാണ്. കാം ആൻഡ് ക്വയറ്റ് ആയിട്ടുള്ള ഒരു സ്ഥലമാണ്. ആളുകൾക്ക് ശാന്തമായി വന്നു സമയം ചിലവഴിക്കാൻ ഒക്കെ സാധിക്കും . ആളുകൾക്ക് പലപ്പോഴും വന്നു കോൺഫറൻസ് നടത്താനും സാധിക്കും. അതോടൊപ്പം തന്നെ ഫാമിലികൾക്ക് ഗ്രൂപ്പായിട്ട് വന്നു അവിടെ ധ്യാനത്തിനുള്ള അവസരം നമ്മൾ ഒരുക്കുന്നുണ്ട്. ഫാമിലി എൻറിച്ച്മെന്റ് എന്ന ഒരു പ്രോഗ്രാം നമ്മൾ ആരംഭിച്ചു. കുടുംബങ്ങൾ വന്നു അവിടെ താമസിച്ചു ധ്യാനത്തിലൂടെ ആശ്വാസവും ദൈവിക സാന്നിധ്യവും ഒക്കെ അനുഭവയ്ക്കുവാൻ ഇടയായി മാറുന്നുണ്ട്. കൂടാതെ ഒരു എഡ്യൂക്കേഷണൽ പ്രോഗ്രാം അവിടെ നടക്കുന്നുണ്ട്. ഇവിടെ ജനിച്ചു വളർന്ന യുവതീയുവാക്കൾക്ക് സഭയുമായിട്ടുള്ള ബന്ധത്തിലും ദൈവവുമായിട്ടുള്ള ബന്ധത്തിലും ഒക്കെ അവരെ നിലനിർത്തുവാൻ വേണ്ടി തിയോളജിക്കൽ എഡ്യൂക്കേഷണൽ പ്രോഗ്രാം ഇപ്പോൾ ആരംഭിച്ചിട്ടുണ്ട്.

രണ്ടാമത്തെതാണ് ലൈറ്റ് റ്റു ലൈഫ് എന്ന പ്രോഗ്രാം. ഇത് കുട്ടികളെ ഉദ്ദേശിച്ചുള്ള ഒരു പ്രോഗ്രാമാണ്. ഇന്ത്യയിലെ വിവിധ സ്ഥലങ്ങളിലുള്ള കുട്ടികൾക്ക് സംരക്ഷണം നല്കാനായി ശ്രമിക്കുന്നു. അമേരിക്കയിൽ ആണെങ്കിൽ നേറ്റീവ് കുട്ടികളെ സംരക്ഷിക്കുന്ന പ്രവർത്തനമുണ്ട്. മെക്സിക്കോയിലും ഇത് പോലെ കുട്ടികളെ സംരക്ഷിക്കാനുള്ള പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. അങ്ങനെ കുട്ടികൾക്കിടയിൽ വെളിച്ചം നൽകുന്ന, ജീവിതത്തിന്റെ പ്രകാശം നൽകുന്ന പ്രവർത്തനമായി അത് മാറിയിട്ടുണ്ട്. അത് ഇവിടെ വന്നതിനു ശേഷം തുടങ്ങിയ ഒരു പ്രവർത്തനമാണ്. ഇപ്പോൾ 5000 ൽ കൂടുതൽ കുട്ടികളെ കെയർ ചെയ്യാൻ സാധിക്കുന്നു.

***ചോദ്യം: ഇവിടത്തെ ജീവിതത്തിൽ തിരുമേനി ആഗ്രഹിച്ച ലക്ഷ്യങ്ങളെല്ലാം നേടാനായോ? എന്തെങ്കിലും ആഗ്രഹം ബാക്കിയുണ്ടോ ?***

വലിയ ആഗ്രഹവുമായിട്ടല്ല വന്നത് . പിന്നീട് ഓരോ ആവശ്യങ്ങൾ കാണുമ്പോൾ അതിനോടുള്ള പ്രതികരണമാണ് ഓരോ പ്രോജക്ട്സ് ആയി മാറിയത്. ഓരോ സാഹചര്യങ്ങളിൽ ജനങ്ങളുടെ ആവശ്യങ്ങൾ കാണുമ്പോൾ, പ്രയാസങ്ങൾ കാണുമ്പോൾ അത് നമ്മൾ ചെയ്യേണ്ട ഉത്തരവാദിത്വമാണ് എന്നൊരു രീതിയിൽ പ്രവർത്തിച്ചതിന്റെ അനന്തരഫലമാണിതെല്ലാം. അത് കൊണ്ട് ഈ 7 വർഷം ഇവിടെ പ്രവർത്തിച്ചത് നല്ലൊരു രീതിയിലായി എന്നൊരു കൃതാർഥത എനിക്കുണ്ട്. അതുമായിട്ടാണ് ഞാനിപ്പോൾ നാട്ടിലേക്കു പോകുന്നത്. ഇനി ഒന്നും ഉണ്ടന്ന് തോന്നുന്നില്ല എന്നെ സംബന്ധിച്ച്. അടുത്ത ആളുകൾ വരുമ്പോഴും അവർക്ക് ചെയ്യാൻ സാധിക്കും. കൃപയെ പറ്റി പഠിക്കുമ്പോൾ തന്നെ എന്താണ് കൃപ എന്ന ചോദ്യം ചെറുപ്പത്തിൽ ചോദിച്ച ഒരു അവസരം ഉണ്ടായിരുന്നു. 'എന്റെ കൃപ നിനക്ക് മതി' എന്ന ആ വാക്ക് അതിന്റെ അർഥം എന്ത് എന്ന് ചോദിച്ച ഒരു സാഹചര്യം ഉണ്ടായിരുന്നു. അത് എന്താണെന്ന് മനസിലാക്കനുള്ള ശ്രമമാണ് പിന്നീടെല്ലാം ഉണ്ടായത്. ഇപ്പോഴും അത് തന്നെയാണ് എന്റെ ജീവിതത്തിൽ. കഴിഞ്ഞ ഏഴു വർഷത്തെ ജീവിതം നോക്കുമ്പോൾ ആ ദൈവകൃപയുടെ തണലിൽ നിൽക്കുവാൻ ദൈവം സഹായിച്ചു, ഇന്നും ദൈവം കാക്കുന്നു, പരിപാലിക്കുന്നു. തിരുവനന്തപുരം-കൊല്ലം ഡയോസിസിൽ ആകുമ്പോൾ അവിടെയും ദൈവത്തെ ആശ്രയിച്ചു നിൽക്കുവാനുള്ള സന്നദ്ധതയോടെയാണ് പോകുന്നത്.

***ചോദ്യം: ഇനിയുള്ള വർഷങ്ങളും തിരുമേനിയുടെ ആഗ്രഹങ്ങളും പ്രവർത്തങ്ങളും സാഫല്യമാകട്ടെ എന്ന് പ്രാർത്ഥിക്കുന്നു. തുരുമേനിക്ക് പ്രേക്ഷകരോട് എന്താണ് പറയാനുള്ളത്. ക്രിസ്മസ് മെസ്സേജ് നമ്മുടെ പ്രേക്ഷകർക്കായി പറയാമോ ?***

ക്രിസ്മസ് എല്ലാവരും ക്രിസ്തുവിന്റെ തിരുജനനത്തെ ആഘോഷിക്കുന്ന സമയമാണ്. ക്രിസ്മസ് ഒരു ആഘോഷം മാത്രമല്ല ക്രിസ്തുവിനെ യാഥാർത്ഥത്തിൽ ദർശിച്ചു ഹൃദയത്തിൽ സംഗ്രഹിച്ചു സ്വീകരിക്കുന്ന ഒരു സന്ദർഭം കൂടിയാണ്. ഒരു ശിശു ജനിച്ചു എന്ന് പറയുമ്പോൾ അവിടെ ധാരാളം പ്രതീക്ഷയുണ്ട്. ആ ശിശു എന്താകും എന്നുള്ള ചോദ്യം പലപ്പോഴും ചോദിക്കാറുണ്ട്. നമുക്ക് ഒരു ശിശു ജനിച്ചിരിക്കുന്നു, ഒരു മകൻ നൽകപ്പെട്ടിരിക്കുന്നു, ആധിപത്യം അവന്റെ തോളിൽ ഇരിക്കുന്നു, അദ്ഭുതമന്ത്രി, ധീരനാം ദൈവം, നിത്യപിതാവ്, സമാധാനപ്രഭു, എന്നിങ്ങനെ അവൻ വിളിക്കപ്പെടുന്നു. ഇതൊക്കെ ക്രിസ്തുവിനെക്കുറിച്ചു നമ്മൾ കേൾക്കുന്ന ദൈവിക ശബ്ദമാണ്. ഇന്നും നമ്മുടെ മധ്യത്തിൽ അദ്ഭുതമായി കാണപ്പെടുന്ന ഒരു ദൈവ സാന്നിധ്യമാണ് ക്രിസ്തു. ഇതെങ്ങനെ സാധ്യമാകും എന്ന് നമുക്ക് ചോദിക്കാം. എന്നാൽ ദൈവത്തിനു ഒരു കാര്യവും അസാധ്യമല്ല എന്ന ചിന്തയാണ് നമ്മളെ ഭരിക്കുന്നത്. അത് കൊണ്ട് ക്രിസ്തുമസ് എന്ന് പറയുന്നത് അദ്ഭുതങ്ങൾ വെളിവാക്കുന്ന ദൈവത്തിന്റെ ഇടപെടൽ . ഇത് നമ്മുടെ ജീവിതത്തെ എങ്ങനെ സ്വാധീനിക്കുന്നു എന്ന് മനസിലാക്കാനായി തീരണം. അതോടൊപ്പം തന്നെ ആധിപത്യം ദൈവത്തിന്റെ കരങ്ങളിലാണ് എന്ന ബോധവും നൽകുന്നുണ്ട്. സർവത്തിന്റെയും അധിപൻ ദൈവമാണ്. ഈ ദൈവം ലോകത്തിൽ ഒരു മനുഷ്യനായിട്ട് അവതരിക്കുന്നത് ഈ ലോകത്തെ പുതിയ ലോകമാക്കി മാറ്റുവാനാണ്. ഇന്ന് യുദ്ധവും അക്രമവും അനീതിയും വർധിച്ചു വരുന്ന സാഹചര്യങ്ങളിൽ ക്രിസ്തുവിന്റെ സാന്നിധ്യം പുതിയ ലോകത്തിലേക്ക് മാറ്റുവാൻ മനുഷ്യന് സഹായകരമാകും എന്നുള്ള പ്രതീക്ഷയാണ് നമുക്കുള്ളത്. സമാധാന മാർഗത്തിൽ ദൈവിക ബോധത്തിൽ നിലനിന്നു ദൈവരാജ്യത്തിന്റെ ദർശനം ഉൾക്കൊണ്ട് കൊണ്ട് ക്രിസ്തുവിനെ ഹൃദയത്തിൽ സ്വീകരിച്ചു ക്രിസ്തുവിനോടൊപ്പം യാത്ര ചെയ്യുവാനും എല്ലാവർക്കും ഈ ക്രിസ്തുമസ് കാലയളവ് സഹായകരമായി തീരട്ടെ എന്ന് പ്രാർത്ഥിക്കുകയാണ്, ആശംസിക്കുകയാണ്. എല്ലാവർക്കും എന്റെ ക്രിസ്തുമസ് ആശംസകൾ നേരുന്നു. നല്ലൊരു പുതുവർഷം നേരുന്നു . ദൈവം നമ്മെ അനുഗ്രഹിക്കട്ടെ !


MERRY
CHRISTMAS
& HAPPY NEW YEAR
MEDIA LOGISTICS
pravasi CHANNEL HD
emalayalee.com
INDIA LIFE
www.indialife.us
INDIA LIFE TV HD
www.indialife.tv
MediaAppUSA



# ബ്രിജ്ഭൂഷൻ ഗോദയ്ക്ക് പുറത്തേക്ക്

### സനിൽ പി.തോമസ്

ഒടുവിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി നേരിട്ട് ഇടപെട്ടു.റെസ്ലിങ് ഫെഡറേഷൻ ഓഫ്  ഇന്ത്യയുടെ കാര്യങ്ങളിൽ ഇടപെടില്ലെന്നും സ്പോർട്സ് ഉപേക്ഷിക്കുകയാണെന്നും ബ്രിജ്ഭൂഷൻ ശരൻ സിങ് പ്രഖ്യാപിച്ചു. മോദി നിർദേശിച്ചതനുസരിച്ച് ബി.ജെ.പി. അധ്യക്ഷൻ ജെ.പി.നദ്ദ ,ബ്രിജ്ഭൂഷനെ വിളിച്ച് താക്കീത് ചെയ്തെന്നാണു മനസ്സിലാക്കുന്നത്.റെസ്ലിങ് ഫെഡറേഷൻ ഓഫ് ഇന്ത്യ തിരഞ്ഞെടുപ്പിൽ ബ്രിജ്ഭൂഷന്റെ വിശ്വസ്തൻ സഞ്ജയ് കുമാർ സിങ് പ്രസിഡൻറായി.  തിരഞ്ഞെടുപ്പ് നടന്ന 15 സ്ഥാനങ്ങളിൽ പതിമൂന്നും ബ്രിജ് ഭൂഷൻ വിഭാഗം നേടി.സീനിയർ വൈസ് പ്രസിഡന്റ് ദേവേന്ദർ കദ്യാനും സെക്രട്ടറി ജനറൽ പ്രേംചന്ദ് ലോച്ചബും മാത്രമാണ് എതിർ വിഭാഗത്തിൽ നിന്നു ജയിച്ചത്.

തന്റെ സ്വാധീനം നിലനിൽക്കുന്നെന്നും അത് തുടരുമെന്നും പറഞ്ഞ് ബ്രിജ്ഭൂഷൻ തന്റെ വിജയമായി ആഘോഷിച്ചു.പുതിയ പ്രസിഡന്റാകട്ടെ ബ്രിജ്ഭൂഷന്റെ പ്രതിനിധിയാണു താനെന്ന് പരസ്യമാക്കിയ  അവസ്ഥ സൃഷ്ടിച്ചു.

ഇതോടെ താരങ്ങൾ പ്രതികരിച്ചു. സാക്ഷി മാലിക്ക് ഗോദ വിട്ടു. ബജ്റങ് പൂനിയ പദ്മശ്രീ പുരസ്കാരം മടക്കി നൽകി.പ്രതിപക്ഷം സജീവമായതോടെ കേന്ദ്ര സർക്കാർ ഉണർന്നു. ഫെഡറേഷനെ സസ്പെൻഡ് ചെയ്ത് ഭരണം മൂന്നംഗ താൽക്കാലിക സമിതിയെ ഏല്പിച്ചു.

പഞ്ചാബ് ആൻഡ് ഹരിയാന ഹൈക്കോടതിയുടെ സ്റ്റേ സുപ്രീം കോടതി നീക്കി ഡിസംബർ 21 ന് തിരഞ്ഞെടുപ്പ് പ്രഖ്യാപിച്ചതിനു പിന്നാലെ ഗുസ്തി താരങ്ങളായ ബജ്റങ് പൂനിയയും സാക്ഷി മാലിക്കും കേന്ദ്ര കായിക മന്ത്രി അനുരാഗ് ഠാക്കുറിനെ കണ്ട് തിരഞ്ഞെടുപ്പിൽ ബ്രിജ്ഭൂഷന്റെ ബന്ധുക്കൾ മൽസരിക്കാതിരിക്കാൻ ഇടപെടണമെന്ന് അഭ്യർഥിച്ചു. ബ്രിജ് ഭൂഷന്റെ കുടുംബക്കാർ മാറി നിന്നാലും കേരളം ഉൾപ്പെടെ  പല സംസ്ഥാന അസോസിയേഷനുകളും അദ്ദേഹത്തിന്റെ നിയന്ത്രണത്തിലാണ് എന്നതായിരുന്നു വസ്തുത.

കഴിഞ്ഞ മേയ് ഏഴിന് തിരഞ്ഞെടുപ്പ് നടക്കേണ്ടതായിരുന്നു. മൂന്നു ഘട്ടങ്ങൾ പൂർത്തിയാക്കിയ ബ്രിജ്ഭൂഷന് ഇത്തവണ മൽസരിക്കാനാവില്ലായിരുന്നു.കൂൾ ഓഫ് കാലാവധി കഴിയുമ്പോൾ എഴുപതു വയസാകും. അതിനാൽ തിരിച്ചു വരവും സാധിക്കില്ല. പക്ഷേ, ഇതു മുൻകൂട്ടിക്കണ്ട് പിൻസീറ്റ് ഡ്രൈവിങ്ങിന് കരുക്കൾ നീക്കി.യു.പി. അസോസിയേഷൻ സാരഥിയായ മകൻ കരൺ ഭൂഷനെ പ്രസിഡന്റ് ആക്കാനാണ് ബ്രിജ്ഭൂഷൻ ശ്രമിച്ചത്. ബിഹാർ അസോസിയേഷന്റെ തലപ്പത്ത് മരുമകൻ ആദിത്യ പ്രതാപ് സിങ് ഉണ്ട്. മറ്റൊരു മരുമകൻ വിശാൽ സിങ്ങും സംഘടനയിൽ ഉണ്ട്. അവർ മത്സരിച്ചില്ല.

ബ്രിജ്ഭൂഷനെ എതിർത്ത ഹരിയാന, മഹാരാഷ്ട്ര ,തെലങ്കാന, ഹിമാചൽ, കർണാടക, രാജസ്ഥാൻ ഘടകങ്ങളെ അയോഗ്യരാക്കിയിരിക്കുകയായിരുന്നു.ഇവരുടെ പരാതി പരിഗണിച്ചാണ് ആദ്യം വോട്ടർ പട്ടിക പ്രസിദ്ധീകരിക്കുന്നത്  നീട്ടിയത്. ഒടുവിൽ 25 സംസ്ഥാനങ്ങൾക്ക് രണ്ടു വോട്ട് വീതം എന്ന സ്ഥിതിയിൽ ജൂലൈയിൽ പട്ടികയായി.

ബ്രിജ്ഭൂഷനും ഫെഡറേഷൻ അസി. സെക്രട്ടറി വിനോദ് ടോമറിനും എതിരെ ലൈംഗിക അധിക്രമ പരാതിയുമായി വനിതാ ഗുസ്തി താരങ്ങളും അവർക്ക് പിന്തുണയുമായി പുരുഷ താരങ്ങളും ആദ്യം സമരം തുടങ്ങിയത് ജനുവരി 19നാണ്.

ഇന്ത്യൻ ഒളിംപിക് അസോസിയേഷനിലെ അത്ലറ്റ്സ് കമ്മിഷൻ അധ്യക്ഷ മേരി കോമിന്റെ നേതൃത്വത്തിൽ അന്വേഷണ കമ്മിഷനെ നിയമിച്ചതോടെ രംഗം ശാന്തമായതാണ്. കമ്മിഷൻ റിപ്പോർട്ട് വൈകുന്നതിൽ പ്രതിഷേധിച്ച് രണ്ടാമതും താരങ്ങൾ ജന്തർ മന്ദിറിൽ സമരം തുടങ്ങി. പക്ഷേ, യഥാർഥ കാരണം, കരൺ ഭൂഷനെ മത്സരിപ്പിക്കുന്നത് തടയാൻ ആയിരുന്നെന്നാണ് കേട്ടത്.

റെസ്ലിങ് ഫെഡറേഷനെ അയോഗ്യരാക്കിയ കേന്ദ്ര സ്പോർട്സ് മന്ത്രാലയം ഏപ്രിൽ 27 ന് വുഷു ഫെഡറേഷൻ ഓഫ് ഇന്ത്യ പ്രസിഡന്റ് ഭൂപേന്ദർ സിങ് ബജ്വയുടെ നേതൃത്വത്തിൽ മൂന്നംഗ സമിതിക്ക് ചുമതല നൽകി. ബജ്വയാണ് ഹാങ്ചോ ഏഷ്യൻ ഗെയിംസിൽ ഇന്ത്യൻ സംഘത്തെ നയിച്ചത്.(2018 ൽ ജക്കാർത്തയിൽ ബ്രിജ് ഭൂഷനായിരുന്നു സംഘത്തലവൻ.) എന്നാൽ നിശ്ചിത സമയത്ത് തിരഞ്ഞെടുപ്പ് നടക്കാഞ്ഞതിനെത്തുടർന്ന് റെസ്ലിങ് ഫെഡറേഷൻ ഓഫ് ഇന്ത്യയെ ഓഗസ്റ്റ് 23 ന്  രാജ്യാന്തര സംഘടന സസ്പെൻഡ് ചെയ്തു. ഓഗസ്റ്റ് 12 ന് തിരഞ്ഞെടുപ്പ് നിശ്ചയിച്ചിരിക്കെയാണ് തലേദിവസം ഹൈക്കോടതിയുടെ സ്റ്റേ വന്നത്. ഓഗസ്റ്റ് ഏഴിന് പ്രസിദ്ധീകരിച്ച വോട്ടേഴ്സ് ലിസ്റ്റ് ആണ് 21 നു  തിരഞ്ഞെടുപ്പിന് ഉപയോഗിച്ചത്. ഹൈക്കോടതി മുൻ ജഡ്ജി മഹേഷ് മിറ്റൽ കുമാർ ആയിരുന്നു വരണാധികാരി. പ്രസിഡന്റ്, സീനിയർ വൈസ് പ്രസിഡന്റ്, നാലു വൈസ് പ്രസിഡൻറുമാർ, സെക്രട്ടറി ജനറൽ, ട്രഷറർ, രണ്ടു ജോ. സെക്രട്ടറിമാർ, എക്സിക്യൂട്ടീവ് സമിതിയിലെ അഞ്ച് അംഗങ്ങൾ എന്നിവരെയാണ് തിരഞ്ഞെടുത്തത്.

2010 ലെ കോമൺവെൽത്ത് ഗെയിംസ് നടത്തിപ്പിൽ, അന്ന് ഇന്ത്യൻ ഒളിംപിക് അസോസിയേഷൻ പ്രസിഡൻറായിരുന്ന സുരേഷ് കൽമാഡിയും കൂട്ടരും നടത്തിയ അഴിമതി കോൺഗ്രസിനെ എത്രത്തോളം ബാധിച്ചെന്ന ചരിത്രം മുന്നിലുണ്ട്.അയോധ്യ ഉൾപ്പെടുന്ന കിഴക്കൻ യു.പി.യിൽ ബ്രിജ്ഭൂഷന്റെ സ്വാധീനവും ബി.ജെ.പിക്ക് അറിയാം. കൈസർഗഞ്ചിൽ മാത്രമല്ല, ഗോണ്ട, ബൽറാംപൂർ തുടങ്ങി ഏതാണ്ട് അഞ്ചു മണ്ഡലങ്ങളിലെങ്കിലും അദ്ദേഹത്തിന് വൻ സ്വാധീനമുണ്ട്. പക്ഷേ, വാറണാസിയിൽ മോദിക്കെതിരെ ,സാക്ഷി മാലിക്കിനെ സ്ഥാനാർഥിയാക്കണം എന്ന മമതാ ബാനർജിയുടെ നിർദേശം കൊള്ളേണ്ടിടത്ത് കൊണ്ടു. മോദിയെ തോൽപിക്കാനാവില്ല. പക്ഷേ, സ്ത്രീ സുരക്ഷ വാക്കിൽ മാത്രമാണെന്ന പ്രചാരണം തിരിച്ചടിയാകും. സ്പോർട്സിൽ നിന്ന് രാഷ്ട്രീയം അകന്നു നിൽക്കാൻ പാടാണ്. അതിൽ ബി.ജെ.പിയെ മാത്രം കുറ്റപ്പെടുത്താനാവില്ല. കോൺഗ്രസും സി.പി.എമ്മും ഒക്കെ കാട്ടിയതും  ഇപ്പോഴും ചെയ്യുന്നതും വ്യത്യസ്തമല്ല.




MALABAR
GOLD & DIAMONDS
EXPERIENCE
JEWELLERY
SHOPPING LIKE
NEVER BEFORE
VISIT OUR STORES
USA
NEW JERSEY | CHICAGO
DALLAS
CANADA
MISSISSAUGA

# ഇന്ത്യാ പ്രസ്സ് ക്ലബ്ബ് ഓഫ് നോർത്ത് അമേരിക്ക ചിക്കാഗോ ചാപ്റ്ററിന് പുതിയ നേതൃത്വം




**അനിൽ മറ്റത്തിക്കുന്നേൽ**


ചിക്കാഗോ: ഇന്ത്യാ പ്രസ്ക്ലബ്ബ് ഓഫ് നോർത്ത് അമേരിക്കയുടെ ചിക്കാഗോ ചാപ്റ്ററിന് പുതു നേതൃത്വം. 2024 – 2025 വർഷത്തേക്കുള്ള എക്സിക്യൂട്ടീവ് ബോർഡിലെ പ്രസിഡണ്ട് ആയി ബിജു സഖറിയാ (ഫ്ളവേഴ്സ് ടിവി USA ) പ്രസിഡണ്ട്, സെക്രട്ടറിയായി അനിൽ മറ്റത്തിക്കുന്നേൽ (ഏഷ്യാനെറ്റ് യുഎസ് വീക്കിലി റൗണ്ടപ്പ്), ട്രഷറർ ആയി അലൻ ജോർജ്ജ് (ഏഷ്യാനെറ്റ് ന്യൂസ്), വൈസ് പ്രസിഡണ്ട് ആയി പ്രസന്നൻ പിള്ളൈ (കൈരളി ടിവി), ജോയിന്റ് സെക്രട്ടറിയായി ഡോ സിമി ജെസ്റ്റോ (ഏഷ്യാനെറ്റ് യുഎസ് വീക്കിലി റൗണ്ടപ്പ് ), ജോയിന്റ് ട്രഷറർ ആയി വർഗ്ഗീസ് പാലമലയിൽ (എൻ ആർ ഐ റിപ്പോർട്ടർ) എന്നിവരാണ് തെരഞ്ഞെടുക്കപ്പെട്ടത്. പ്രസിഡണ്ട് ശിവൻ മുഹമ്മയുടെ അധ്യക്ഷതയിൽ കൂടിയ ബോർഡ് മീറ്റിങ്ങിലാണ് പുതിയ ഭാരവാഹികളെ തെരെഞ്ഞെടുത്തത്. ഇന്ത്യാ പ്രസ്ക്ലബ്ബ് ഓഫ് നോർത്ത് അമേരിക്കയുടെ നാഷണൽ അഡ്വൈസറി ബോർഡ് ചെയർമാൻ ബിജു കിഴക്കേക്കുറ്റ് യോഗത്തിൽ മുഖ്യാതിഥിയായി പങ്കെടുത്തു.

കഴിഞ്ഞ രണ്ടു വർഷക്കാലം ഇന്ത്യാ പ്രസ്ക്ലബ്ബ് ഓഫ് നോർത്ത് അമേരിക്കയുടെ ചിക്കാഗോ ചാപ്റ്ററിനെ നയിക്കുവാൻ ലഭിച്ച അവസരത്തിനും, ചാപ്റ്ററിന്റെ പ്രവർത്തനങ്ങൾ സുഗമമായി മുന്നോട്ട് കൊണ്ടുപോകുവാനും, അന്താരാഷ്ട്ര മീഡിയ കോൺഫ്രൻസിൽ മികച്ച പ്രവർത്തനം കാഴ്ചവെയ്ക്കുവാനും സാധിച്ചതിൽ എല്ലാ ചാപ്റ്റർ അംഗങ്ങൾക്കും ഭാരവാഹികൾക്കും എക്സിക്യൂട്ടീവ് കമ്മറ്റിയുടെ പേരിൽ നന്ദി അറിയിക്കുന്നതായി ശിവൻ മുഹമ്മ അറിയിച്ചു. നോർത്ത് അമേരിക്കയിലെ മാധ്യമ രംഗത്ത് സ്തുത്യർഹമായ സേവനങ്ങൾ നൽകി വരുന്ന ബിജു സഖറിയായുടെ നേതൃത്വത്തിലുള്ള കമ്മറ്റിക്ക് അദ്ദേഹം പിന്തുണയും ആശംസകളും അറിയിക്കുകയും ചെയ്തു.

മികച്ച ഒരു മാധ്യമ സമ്മേളനം മിയാമിയിൽ വച്ച് നടത്തുവാൻ സാധിച്ചതിലുള്ള സന്തോഷം അഡ്വൈസറി ബോർഡ് ചെയർമാൻ ബിജു കിഴക്കേക്കുറ്റ് അറിയിച്ചു. വ്യത്യസ്തമായ മാധ്യമങ്ങളെയാണ് പ്രതിനിധീകരിക്കുന്നതെങ്കിലും, അമേരിക്കൻ മലയാളി സമൂഹത്തിനോടുള്ള പ്രതിബദ്ധതയും , മലയാളി മാധ്യമ പ്രവർത്തകർ എന്ന ഒത്തൊരുമയും ഇന്ത്യാപ്രസ്ക്ലബ്ബ് ഓഫ് നോർത്ത് അമേരിക്കയുടെ ബാനറിൽ കാത്തുസൂക്ഷിക്കുന്നതിനാലാണ് ഇതുപോലുള്ള പ്രൗഢഗംഭീരമായ മാധ്യമ സമ്മേളനങ്ങളടക്കമുള്ള പ്രവർത്തനങ്ങൾ വിജയകരമായി നടപ്പിലാക്കുവാൻ IPCNA ക്ക് സാധിക്കുന്നത് എന്ന് ബിജു കിഴക്കേക്കുറ്റ് അറിയിച്ചു. IPCNA ചിക്കാഗോ ചാപ്റ്ററിന്റെ പ്രവർത്തനങ്ങൾക്ക് എല്ലാ പിന്തുണയും വാഗ്ദാനം ചെയ്യുന്നതായി അദ്ദേഹം അറിയിച്ചു.

നോർത്ത് അമേരിക്കയിലെ വാർത്തകളും വിവരങ്ങളും പങ്കുവെയ്ക്കുന്നതിനോടൊപ്പം മാധ്യമ പ്രവർത്തകർ തമ്മിലുള്ള ഊഷ്മളമായ ബന്ധം പടുത്തുയർത്തുക എന്ന ലക്ഷ്യത്തോടെ വർഷങ്ങളായി പ്രവർത്തിക്കുന്ന IPCNA തുടർന്നും അമേരിക്കൻ മലയാളി സമൂഹത്തിലെ ജ്വലിക്കുന്ന നക്ഷത്രമായി പ്രശോഭിക്കും എന്ന് നിയുക്ത ചാപ്റ്റർ പ്രസിഡണ്ട് ബിജു സഖറിയാ അറിയിച്ചു. ജനാധിപത്യത്തിന്റെ നാലാം തൂണ് എന്ന് വിശേഷിപ്പിക്കാവുന്ന മാധ്യമങ്ങളുടെ സുഗമവും സുതാര്യവുമായ പ്രവർത്തനങ്ങൾക്ക് പിന്തുണ നൽകികൊണ്ട്, പുതു തലമുറയെയും മാധ്യമ രംഗത്തേക്ക് കൊണ്ടുവരിക എന്ന ഉദ്ദേശത്തോടെ , അർത്ഥവത്തായ പരിപാടികൾ ആസൂത്രണം ചെയ്യുവാനുള്ള തയ്യാറെടുപ്പോടെയാണ് ചിക്കാഗോ ചാപ്റ്റർ എത്തുന്നത് എന്നും, ഇന്ത്യാ പ്രസ്ക്ലബ്ബ് ഓഫ് നോർത്ത് അമേരിക്കയുടെ സുനിൽ ട്രൈസ്റ്റാറിന്റെ നേതൃത്വത്തിലുള്ള നാഷണൽ എക്സിക്യൂട്ടീവ് കമ്മറ്റിയോടും, സുനിൽ തൈമറ്റത്തിന്റെ നേതൃത്വത്തിലുള്ള നാഷണൽ അഡ്വൈസറി ബോർഡിനോടും ചേർന്ന് നിന്നുകൊണ്ട് പ്രവർത്തിക്കുമെന്നും നിയുക്ത പ്രസിഡണ്ട് ബിജു സഖറിയാ അറിയിച്ചു.

ബോർഡ് മീറ്റിങ്ങിൽ പങ്കെടുത്ത എല്ലാവര്ക്കും സെക്രട്ടറി പ്രസന്ന പിള്ള സ്വാഗതവും ട്രഷറർ അനിൽ മറ്റത്തിക്കുന്നേൽ നന്ദിയും അറിയിച്ചു.


APURVA
ANTIQUE COLLECTION
Joyalukkas
World's favourite jeweller

# ഷോളി കുമ്പിളുവേലി ഐ.പി.സി.എൻ.എ. ന്യൂയോർക്ക് ചാപ്റ്റർ പ്രസിഡന്റ്, ജോജോ കൊട്ടാരക്കര സെക്രട്ടറി



ഷോളി കുമ്പിളുവേലി ജോജോ കൊട്ടാരക്കര മൊയ്തീൻ പുത്തൻച്ചിറ



ബിനു തോമസ് ജേക്കബ്ബ് മാനുവേൽ

**ജോജോ കൊട്ടാരക്കര**

ന്യൂയോർക്ക് : ഇൻഡ്യാ പ്രസ്ക്ലബ്ബ് ഓഫ് നോർത്ത് അമേരിക്കയുടെ(ഐ.പി.സി.എൻ.എ.) ന്യൂയോർക്ക്/ ന്യൂജേഴ്സി ചാപ്റ്റർ പ്രസിഡന്റായി ഷോളി കുമ്പിളുവേലി തെരഞ്ഞെടുക്കപ്പെട്ടു. നിലവിൽ സെക്രട്ടറിയായി സേവനം ചെയ്തുവരികയായിരുന്നു. മറ്റ് ഭാരവാഹികളായി, ജോജോ കൊട്ടാരക്കര-സെക്രട്ടറി, ബിനു തോമസ്-ട്രഷറർ, മൊയ്തീൻ പുത്തൻച്ചിറ-വൈസ് പ്രസിഡന്റ്, ജേക്കബ്ബ് മാനുവേൽ-ജോ-സെക്രട്ടറി എന്നിവരേയും തെരഞ്ഞെടുത്തു.

ഡിസംബർ 17-ാം തീയതി ഞായറാഴ്ച ഓറഞ്ച്ബർഗിലെ സിത്താർ പാലസ് റെസ്റ്റോറന്റിൽ കൂടിയ യോഗത്തിൽ നിലവിലെ പ്രസിഡന്റ് സണ്ണി പൗലോസ് അദ്ധ്യക്ഷത വഹിച്ചു. ഇൻഡ്യാ പ്രസ് ക്ലബ്ബ് നാഷ്ണൽ പ്രസിഡന്റ് സുനിൽ ട്രൈസ്റ്റാർ യോഗം ഉദ്ഘാടനം ചെയ്തു. മുൻ പ്രസിഡന്റുമാരായ ജോർജ് ജോസഫ്, മധു കൊട്ടാരക്കര തുടങ്ങിയവർ പുതിയ ഭാരവാഹികളെ അനുമോദിച്ചുകൊണ്ട് സംസാരിച്ചു.

പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ട ഷോളി കുമ്പിളുവേലി ഇ-മലയാളിയുടെ അസോസിയേറ്റ് എഡിറ്ററും, മാതൃഭൂമി ന്യൂസിന്റെ അമേരിക്കയിലെ പ്രതിനിധിയുമാണ്. വിവിധ പ്രസിദ്ധീകരണങ്ങളിൽ ആനുകാലിക വിഷയങ്ങളിൽ ലേഖനങ്ങൾ എഴുതുന്ന ഷോളി കുമ്പിളുവേലി മികച്ച സംഘാടകനുമാണ്.

സെക്രട്ടറിയായി തെരഞ്ഞെടുക്കപ്പെട്ട ജോജോ കൊട്ടാരക്കര 24 ന്യൂസ് ചാനലിന്റെ ഓപ്പറേഷൻസ് മാനേജരാണ്. സീ 24 സ്കൈ, 24 അമേരിക്കൻ അവാർഡ്സ്, ട്രീം പ്രോജക്ട്സ് തുടങ്ങി 24 ചാനലിന്റെ സുപ്രധാന പദ്ധതികളിൽ മുഖ്യ പങ്ക് വഹിച്ചിട്ടുണ്ട്. കൂടാതെ ഇവന്റ് ഗ്രാം, മഴവിൽ എഫ്.എം. എന്നിവയുടെ മാനേജിംഗ് ഡയറക്ടറുമാണ്.

ജൂലിയ ഡിജിറ്റൽ ക്രിയേഷൻസ് എന്ന സ്ഥാപനത്തിന്റെ മാനേജിംഗ് ഡയറക്ടറാണ് ട്രഷറർ ആയി തിരഞ്ഞെടുക്കപ്പെട്ട ബിനു തോമസ്. 2009 മുതൽ കൈരളി ടി.വി. യു.എസ്.എ.യുടെ വീഡിയോ ജേർണലിസ്റ്റായി പ്രവർത്തിച്ചു വന്നിരുന്ന ബിനു, നിലവിൽ ഫ്ളവേഴ്സ് ടി.വി.യുടെ ന്യൂയോർക്ക് റീജണൽ ഹെഡായി പ്രവർത്തിച്ചു വരുന്നു. മീഡിയ ടെക്നിക്കൽ എക്സലൻസ് അവാർഡ് ജേതാവ് കൂടിയാണ് ബിനു തോമസ്.

വൈസ് പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ട മൊയ്തീൻ പുത്തൻചിറ, മലയാളം ഡെയ്‌ലി ന്യൂസിന്റെ പബ്ലിഷറും മാനേജിങ്ങ് ഡയറക്ടറുമാണ്. അമേരിക്കയിലെ മുഖ്യധാര മലയാളി മാധ്യമപ്രവർത്തകനായ മൊയ്തീൻ പുത്തൻചിറക്ക് ഇ-മലയാളിയും, കൈരളി ടിവിയും സംയുക്തമായി ഏർപ്പെടുത്തിയ ബെസ്റ്റ് ജേർണലിസ്റ്റ് അവാർഡ്, മുട്ടത്ത് വർക്കി ശതവാർഷിക കമ്മിറ്റി ഏർപ്പെടുത്തിയ ഗ്ലോബൽ ലിറ്റററി അവാർഡ്, വെസ്റ്റ് ചെസ്റ്റർ മലയാളി അസോസിയേഷന്റെ ഫ്രീലാൻസ് ആന്റ് കമ്മ്യൂണിറ്റി സർവ്വീസ് അവാർഡ് തുടങ്ങി നിരവധി പുരസ്കാരങ്ങൾ ലഭിച്ചിട്ടുണ്ട്.

ജോ.സെക്രട്ടറിയായി തെരഞ്ഞെടുക്കപ്പെട്ട ജേക്കബ് മാനിവേൽ വിവിധ ചാനലുകൾക്ക് വേണ്ടി ക്യാമറമാനായി പ്രവർത്തിച്ചു വരുന്നു.

ചാപ്റ്ററിന്റെ പ്രവർത്തനോദ്ഘാടനം ഫെബ്രുവരി ആദ്യവാരം വിപുലമായ പരിപാടികളോടെ നടത്തുവാനും യോഗം തീരുമാനിച്ചു.


Save $ 894.*
Combine
Home & Auto.
Michael Tharian
Agent
1855 Victory Blvd
Staten Island, NY 10314
Toll Free: 888-644-7222
Save money and time when you combine your home and auto insurance. Just another way I'm her to help life go right. CALL ME TODAY
We Serve These States
NY, NJ, PA, & CT.
We Provide Auto, Home & Life Insurance
StateFarm®
*Average household savings based on 2016 national survey of new policyholders who reported savings by switching to State Farm
State Farm Mutual Automobile Insurance Company
State Farm Indemnity Company,
State Farm Fire and Casualty Company
State Farm General Insurance Company
1601489
Bloomington, IL



# അമേരിക്കയുടെ മനസറിഞ്ഞ മലയാളത്തിലെ അക്ഷരങ്ങൾ

**അമേരിക്കൻ വിശേഷങ്ങൾ എന്ന കോളം ഈ വെബ്സൈറ്റിൽ മുപ്പത്തിയഞ്ച് ലക്കങ്ങളിലായി എഴുതി. അമേരിക്കയിൽ ഞാൻ കണ്ട കാഴ്ചകളും കാഴ്ചപ്പാടുകളും അതല്ലാത്ത എന്റെ ചിന്തകളും ആശയങ്ങളും ഒക്കെയായിരുന്നു കോളത്തിന്റെ വിഷയം. ഗൗരവപരമായ രീതിയിൽ തന്നെ വിഷയങ്ങൾ പഠിച്ച് കൈകാര്യം ചെയ്യാനാണ് ശ്രമിച്ചത്. അത് വളരെയധികം ശ്രദ്ധിക്കപ്പെട്ടു. ഒട്ടേറെ പേർ വായിച്ച് നല്ല അഭിപ്രായമൊക്കെ പറയുമ്പോൾ സന്തോഷമായിരുന്നു. യുദ്ധഭൂമിയിലെ കഴുകൻമാർ, സ്ത്രീ സ്ത്രീപക്ഷ സമൂഹം, മാറ്റം, നവരസങ്ങളുടെ പ്രകൃതിയനുഭവം എന്നിങ്ങനെ വിവിധ തലങ്ങളിലുള്ള വിഷങ്ങളെ സ്പർശിക്കാൻ കോളത്തിന് കഴിഞ്ഞു എന്നാണ് എന്റെ വിശ്വാസം.**

**രമ്യ മുകുന്ദൻ**

തൃശൂരിലെ മാളയിൽ നിന്നും നാഷ്വിൽ വരെയുള്ള വർഷങ്ങൾക്ക് മുമ്പുള്ള യാത്ര. ആ ദൂരത്തിലും ശങ്കർ മന, മനസിൽ ഭദ്രമായി സൂക്ഷിച്ചിരുന്നത് ഒരേയൊരു കാര്യമായിരുന്നു, എഴുത്ത്. എഴുതുമ്പോഴായിരുന്നു അന്നും കൂടുതൽ സന്തോഷം. നന്നായി എഴുതാനായി കൂടുതൽ കൂടുതൽ വായിക്കാൻ ചെറുപ്പം മുതലേ ശ്രമിച്ചിരുന്നു. പുതിയ പുതിയവ കണ്ടെത്തി വായിച്ചു. ഇന്നും ആ വായന അതേ പോലെ കൂടെയുണ്ട്. പഠനകാലയളവിൽ പുസ്തകത്താളുകൾ നിറയെ അനുഭവങ്ങളും അവയിൽ നിന്നും വാർന്നു വീണ കഥാരൂപങ്ങളുമൊക്കെയായിരുന്നു.

അമേരിക്കയിലേക്കുള്ള യാത്രയിൽ സ്വന്തം മണ്ണ് വിട്ട് മറുകര താണ്ടുന്നവന്റെ വിഹ്വലത മറക്കാനുള്ള ആശ്രയവും ധൈര്യവുമായിരുന്നു എഴുത്ത്. നീണ്ട വർഷങ്ങൾക്കുശേഷം നോർത്ത് അമേരിക്കൻ സാഹിത്യമേഖലയിൽ അമ്പഴയ്ക്കാട്ട് ശങ്കരൻ എന്ന പേര് കഥകളിലും നോവലുകളിലും കാതലുള്ള ലേഖനങ്ങളിലും അഭിമാനത്തോടെ തിളങ്ങുന്നുണ്ട്.

ഉൾക്കാഴ്ചയും കയ്യടക്കമുള്ളതുമായ എഴുത്താണ് അവ ഓരോന്നും. Malayalam.com എന്ന വെബ്സൈറ്റിലും മറ്റു പ്രസിദ്ധീകരണങ്ങളിലുമെല്ലാം ആ ചിന്തകളും ഭാവനകളും കാഴ്ചപ്പാടുകളും പ്രസരിപ്പോടെ വെളിച്ചം പകരുന്നത് കാണാം. മറ്റു പ്രസിദ്ധീകരണങ്ങളിലും ആർജ്ജവത്തോടെ അവ തലയുയർത്തിനിൽക്കുന്നു.

ഒരു പ്രവാസിയുടെ, സ്വന്തം മണ്ണിലേക്കുള്ള കാൽവയ്പ്പും അവന്റെ അസ്തിത്വത്തിലേക്കുള്ള അടയാളപ്പെടുത്തലുമെല്ലാമാണ് ആ കാഴ്ചകൾ. ഒരാൾ അവനവനിലേക്ക് തിരിഞ്ഞു നോക്കുന്നതു കൂടിയാണ് ആത്മാവ് നിറഞ്ഞ ആ അക്ഷരങ്ങൾ. എഴുത്തുകാരനല്ല, എഴുത്താണ് ആ ഉൾക്കനം വിളിച്ചു പറയുന്നത്. സംസാരിക്കുമ്പോഴും മാളയിലെ ഒരു നാട്ടിൻപുറത്തുകാരന്റെ ലാളിത്യം ശ്രദ്ധയിൽപ്പെടും.

ഡിലോയ്റ്റ് എന്ന കമ്പനിയിലെ തിരക്കിട്ട ജോലിക്കിടയിലാണ് ഹൃദയം വിളിക്കുമ്പോൾ അദ്ദേഹം എഴുത്തെന്ന സന്തോഷത്തിലേക്ക് തിരിച്ചു നടക്കുന്നത്. നോർത്ത് അമേരിക്കൻ സാഹിത്യമേഖലയിൽ ചിരപരിചിതനായ, പ്രിയപ്പെട്ട എഴുത്തുകാരന്റെ വിശേഷങ്ങളറിയാം.

## Malayalam.com ൽ തുടങ്ങിയ എഴുത്ത് യാത്ര

അമേരിക്കയിലെത്തി കുറച്ചു കാലങ്ങൾക്ക് ശേഷമാണ് എഴുതാൻ തുടങ്ങിയത്. അതിനു മുമ്പ് നാട്ടിലായിരിക്കുന്ന കാലത്തും എഴുത്ത് കൂടെ തന്നെയുണ്ടായിരുന്നു. എഴുത്ത് മാത്രമല്ല, വായനയും എന്റെ സന്തോഷമായിരുന്നു. ആ സമയത്താണ് പ്രവാസിയായത്. ഇവിടെ എത്തിയപ്പോൾ ജോലിയുടെ തിരക്കായി. അന്ന് എഴുതാൻ അത്രയധികം പ്ലാറ്റ് ഫോമുകളുണ്ടായിരുന്നില്ല. പിന്നെയാണ് മലയാളം.കോം എന്ന വെബ്സൈറ്റ് തുടങ്ങിയത്. അവിടെയാണ് എഴുത്ത്





ഇ-മലയാളി വാരികയ്ക്ക്
ആശംസകൾ
ഡോ. കല അശോക്
ഫൊക്കാനക്ക് പുതിയ മേൽവിലാസം
നൽകിയ ജനറൽ സെക്രട്ടറി.
പ്രശസ്ത നർത്തകിയും കലാ-
സംസ്കാരിക പ്രവർത്തകയും.
ഫൊക്കാനയുടെ നാല് പതിറ്റാണ്ടിലെ
ആദ്യ വനിതാ ജനറൽ സെക്രട്ടറി.
2024-26 ലെ പ്രസിഡന്റ് സ്ഥാനാർഥി
Faith Studio
516 418 8406


വീണ്ടും തുടങ്ങിയത്. അന്ന് ബ്ളോഗ് എഴുത്തൊക്കെ തുടങ്ങുന്ന കാലമാണ്. ആ സമയം കൂടുതലും ലേഖനങ്ങളാണ് എഴുതിയത്. അനുഭവങ്ങളുടെ പരിസരങ്ങളാണ് കൂടുതലും ലേഖനങ്ങളുടെ വിഷയങ്ങളായി മാറിയത്. അമേരിക്കൻ വിശേഷങ്ങൾ എന്ന കോളം ഈ വെബ്സൈറ്റിൽ മുപ്പത്തിയഞ്ച് ലക്കങ്ങളിലായി എഴുതി. അമേരിക്കയിൽ ഞാൻ കണ്ട കാഴ്ചകളും കാഴ്ചപ്പാടുകളും അതല്ലാത്ത എന്റെ ചിന്തകളും ആശയങ്ങളും ഒക്കെയായിരുന്നു കോളത്തിന്റെ വിഷയം. ഗൗരവപരമായ രീതിയിൽ തന്നെ വിഷയങ്ങൾ പഠിച്ച് കൈകാര്യം ചെയ്യാനാണ് ശ്രമിച്ചത്. അത് വളരെയധികം ശ്രദ്ധിക്കപ്പെട്ടു. ഒട്ടേറെ പേർ വായിച്ച് നല്ല അഭിപ്രായമൊക്കെ പറയുമ്പോൾ സന്തോഷമായിരുന്നു. യുദ്ധഭൂമിയിലെ കഴുകൻമാർ, സ്ത്രീ സ്ത്രീപക്ഷ സമൂഹം, മാറ്റം, നവരസങ്ങളുടെ പ്രകൃതിയനുഭവം എന്നിങ്ങനെ വിവിധ തലങ്ങളിലുള്ള വിഷങ്ങളെ സ്പർശിക്കാൻ കോളത്തിന് കഴിഞ്ഞു എന്നാണ് എന്റെ വിശ്വാസം. രാഷ്ട്രീയ, സാമൂഹിക വിഷയങ്ങളിലെ കാഴ്ചപ്പാടുകളൊക്കെയാണ് ലേഖനങ്ങളായി എഴുതിയത്. എന്നെ സ്പർശിക്കുന്ന, എന്റെ ശ്രദ്ധയെ ആകർഷിക്കുന്ന വിഷയങ്ങളെല്ലാം തന്നെ എഴുതിയവയിൽപ്പെടും. മാധ്യമം, ജനയുഗം തുടങ്ങിയ പ്രസിദ്ധീകരണങ്ങളുടെ ഓൺലൈൻ എഡിഷനുകളിലും ലേഖനങ്ങൾ ഇടം നേടി.

## മനസിൽ സ്പർശിക്കുമ്പോൾ




## ഒരു കഥ പിറക്കും

ചെറുകഥകളും ലഘുനോവലുകളും എഴുതിയതും ഇങ്ങനെ എഴുതാതിരിക്കാൻ പറ്റാത്ത അവസ്ഥകളി ലെത്തുമ്പോൾ മാത്രമാണ്. എഴുതാൻ വേണ്ടി മാത്രം ഒരിക്കലും എഴുതിയിട്ടില്ല. ഏഴോളം കഥകളും ലഘുനോവലുകളും എഴുതിയിട്ടുണ്ട്. കൊടുങ്ങല്ലൂരിലുള്ള ശ്രീ. സെബാസ്റ്റിയൻ കവിയുടെ പുലിസ്റ്റർ പുസ്തകമാണ് രണ്ട് പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചത്. അതിലൊന്ന് കൊടുക്കാക്കടം എന്ന ചെറുകഥാസമാഹാരമാണ്, മറ്റൊന്ന് വഴിയമ്പലം എന്ന ലഘുനോവൽ. ലാന ലിറ്ററി അസോസിയേഷൻ ഓഫ് നോർത്ത് അമേരിക്ക സംഘടനയുടെ ഓസ്റ്റിൻ സമ്മേളനത്തിൽ വച്ച് ശ്രീ. കെ. ജയകുമാർ ഐ.എ.എസ് ആണ് ഈ പുസ്തകങ്ങളുടെ പ്രകാശനം നിർവഹിച്ചത്. ഒരു ആശയം ലഭിക്കുമ്പോൾ അത് മനസിലിട്ട് പാകപ്പെടും. പിന്നെയാണത് കഥയായി മാറുന്നത്. ഇത്ര ദിവസം കൊണ്ട് ഇത്ര കഥകൾ, അല്ലെങ്കിൽ സമയബന്ധിതമായുള്ള എഴുത്ത് എന്ന് ഒരിക്കലും ചിന്തിച്ചിട്ടില്ല. എനിക്ക് പറയണമെന്ന് തോന്നുന്ന ആശയങ്ങളേ കഥയായിട്ടുള്ളൂ. അല്ലെങ്കിൽ മനസിൽ വന്നു സ്പർശിക്കുന്ന അനുഭവങ്ങൾ. അത് എഴുതാതെ പറ്റില്ല എന്ന അവസ്ഥയിൽ നിന്നും ഉണ്ടാകുന്നതാണ്. അതേ സമയം എഴുത്ത് എന്നെ സന്തോഷിപ്പിക്കുന്നുണ്ട്, ഒരു പ്രത്യേക അവസ്ഥ പ്രദാനം ചെയ്യുന്നുണ്ട്. ഇതിലെല്ലാം സന്തോഷമോ, സമാധാനമോ അങ്ങനെ ഒരു അവസ്ഥയുമുണ്ട്.




## സജീവമായ മലയാളി കൂട്ടായ്മ

അമേരിക്കയിൽ ഒട്ടനവധി സാംസ്കാരിക എഴുത്ത് കൂട്ടായ്മകളുണ്ട്. വളരെ സജീവമായ പ്രവർത്തനങ്ങളാണ് അസോസിയേഷനുകളുടെ നേതൃത്വത്തിൽ നടക്കുന്നത്. മലയാളത്തിലെ തന്നെ തലയെടുപ്പുള്ള ഒട്ടേറെ എഴുത്തുകാർ സംവാദങ്ങളിലും വിവിധ പരിപാടികളുമായി പങ്കെടുക്കാൻ ഇവിടെ എത്താറുണ്ട്. അതും പ്രത്യേക അനുഭവമാണ്. നമ്മളെ ആകർഷിച്ച കഥയെക്കുറിച്ച്, നോവലിനെക്കുറിച്ച്, കവിതയെക്കുറിച്ച് എഴുത്തുകാരോട് സംസാരിക്കാം. അവരുടെ വീക്ഷണങ്ങളും അഭിപ്രായങ്ങളുമറിയാം.

ലാന, നാഷിൽ സാഹിതി, കേരള ലിറ്ററി അസോസിയേഷൻ തുടങ്ങിയ നിരവധി സംഘടനകൾ ഇവിടെ ഉണ്ട്. സജീവമായ പ്രവർത്തനങ്ങളും സംവാദങ്ങളും സംഘടിപ്പിക്കുന്ന കൂട്ടായ്മകളാണ് ഇവയെല്ലാം. ഇതെല്ലാം എഴുത്തുകാരായ ഞങ്ങൾക്ക് വളരെയധികം സന്തോഷം തരുന്ന കാര്യങ്ങളാണ്.

## ലാനയും എഴുത്ത് വഴികളും

വടക്കേ അമേരിക്കൻ ഉപഭൂഖണ്ഡത്തിലേക്ക് കുടിയേറിയ കേരള വംശജരായ എഴുത്തുകാരുടെ ഒരു കൂട്ടായ സംഘടനയാണ് ലിറ്ററി അസോസിയേഷൻ ഓഫ് നോർത്ത് അമേരിക്ക ലാന. ആഗോളതലത്തിൽ മലയാള സാഹിത്യത്തെ പ്രോത്സാഹിപ്പിക്കുകയാണ് ലാന ലക്ഷ്യമിടുന്നത്. വടക്കേ അമേരിക്കയുടെയും കാനഡയുടെയും വിവിധ ഭാഗങ്ങളിൽ പ്രാദേശിക ചാപ്റ്ററുകളും ലാനയ്ക്കുണ്ട്. പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, ജനറൽ സെക്രട്ടറി, ട്രഷറർ, ജോയിന്റ് സെക്രട്ടറി എന്നിവരുൾപ്പെടുന്ന എക്സിക്യൂട്ടീവ് കമ്മിറ്റിയാണ് പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നത്. അസോസിയേഷന്റെ മുൻ പ്രസിഡന്റുമാരടങ്ങുന്ന ഡയറക്ടർ ബോർഡാണ് എക്സിക്യൂട്ടീവ് കമ്മിറ്റിയെ നയിക്കുന്നത്. പ്രതിമാസ സാഹിത്യ സംവാദങ്ങളും ചർച്ചകളും ലാനയുടെ നേതൃത്വത്തിൽ നടത്തുന്നുണ്ട്. കെ.പി. രാമനുണ്ണിയാണ് ഏറ്റവും ഒടുവിലായി ലാന പാടിയിൽ എത്തിയ അതിഥി. ലാനയുടെ 2022-23 വർഷത്തേക്കുള്ള പ്രവർത്തനോദ്ഘാടനം കേരള സാഹിത്യ അക്കാദമി പ്രസിഡന്റും പ്രശസ്ത കവിയുമായ സച്ചിദാനന്ദൻ ആണ് നിർവഹിച്ചത്

## കൂടെയുള്ള കുടുംബം

കുടുംബത്തിന്റെ പിന്തുണ തന്നെയാണ് എഴുത്തുവഴികളിലെ ഊർജ്ജം. ഭാര്യ അനിത. വിഷ്ണുവും പ്രിയയുമാണ് മക്കൾ. അവരും എന്റെ കൂടെ ഇവിടെയുണ്ട്. അവധി കിട്ടുമ്പോൾ ഞങ്ങൾ നാട്ടിലേക്ക് പോകും.


Now baking 4 exciting flavors
Plum Cakes Freshly Made in USA
HOTCAKEUSA
Premium Plum Fruit & Nut Cake
Handmade with Finest Organic & Natural Ingredients
'Available at all leading stores in USA'
Seeking Part-time Sales and Marketing Professionals from all 50 states
NOW ACCEPTING BULK PRE-ORDERS!
Nationwide Retailers Welcome!
www.hotcakeusa.com or Call 1-201-479-2727



# ഡാലസ്സിൽ
## അയ്യപ്പ മണ്ഡല മഹോത്സവം

**സന്തോഷ് പിള്ള**

അമേരിക്കയിലേക്ക് കുടിയേറുന്ന ഇന്ത്യക്കാരുടെ എണ്ണത്തിൽ അടുത്ത വർഷങ്ങളിൽ വലിയ വർദ്ധന ഉണ്ടായിട്ടുണ്ട്. ഐ റ്റി മേഖലയിലെ തൊഴിൽ സാധ്യത ഏറ്റവും കൂടുതൽ പ്രയോജനപ്പെടുത്തിയത് ആന്ധ്രാ പ്രദേശിൽ നിന്നുള്ളവരാകാനാണ് സാധ്യത. ഡാലസ്സിലെ, അടുത്ത പ്രദേശമായ ഫ്രിസ്കോയിൽ, നിർമിക്കപ്പെട്ട ഹനുമാൻ ക്ഷേത്രവും, മറ്റുള്ള അനേകം വെങ്കിടേശ്വര ക്ഷേത്രങ്ങളും, കുടിയേറ്റക്കാർ അവരുടെ വിശ്വാസങ്ങളും പുതിയ നാടുകളിലേക്ക് കൂടെ കൊണ്ടുപോരുന്നു എന്നതിന്റെ ഉത്തമ ഉദാഹരണങ്ങളാകുന്നു.



വൃശ്ചിക മാസാരംഭത്തിൽ വൃതാനുഷ്ഠാനങ്ങൾ ആരംഭിച്ച് അമേരിക്കയിൽ നിന്നും ശബരി മലയിലേക്ക് പോകുന്ന അനേകം അയ്യപ്പന്മാരെ, മണ്ഡല കാലത്ത് നടത്തിവരുന്ന അയ്യപ്പ ഭജനകളിൽ കണ്ടുമുട്ടാറുണ്ട്. ശബരിമലയിലേക്കുള്ള ദീർഘയാത്ര നടത്തുവാൻ സാധിക്കാത്ത അയ്യപ്പന്മാർ, ഇരുമുടിക്കെട്ടുമേന്തി അമേരിക്കയിൽ, പതിനെട്ട് പടികളുള്ള അയ്യപ്പ ക്ഷേത്ര ദർശനം നടത്തി സാഫല്യം നേടുന്നു. പതിനെട്ട് പടികളുള്ള ടാമ്പാ, ഫ്ലോറിഡയിലെ അയ്യപ്പ ക്ഷേത്രം അമേരിക്കയിലുള്ള മിക്ക അയ്യപ്പ ഭക്തരുടേയും പ്രിയപ്പെട്ട ആരാധനാ കേന്ദ്രമാകുന്നു. ഹൂസ്റ്റണിലെ മീനാക്ഷി ക്ഷേത്രത്തിലും, അയ്യപ്പ സന്നിധിയിൽ പതിനെട്ടു പടികൾ സ്ഥാപിച്ചിട്ടുണ്ട്.

ശ്രീ ധർമ്മശാസ്താവിൽ അചഞ്ചലമായി മനസ്സുറപ്പിച്ച്, വൃതാനുഷ്ഠാനങ്ങൾ പാലിച്ച് അനേകം തവണ മലകയറുന്ന അയ്യപ്പന്മാർ ആല്മീയ ഔന്നൃത്തത്തിൽ എത്തിച്ചേരുന്നു. ഇരുമുടിക്കെട്ടുമേന്തി പതിനെട്ടാം പടി അനേകം തവണ ചവിട്ടി കയറിയിട്ടുള്ള അയ്യപ്പ വിശ്വാസികളാണ്, ഗുരുസ്വാമിമാരാകുന്നത്. പതിനെട്ടുപടികളിൽ, ആദ്യത്തെ അഞ്ചുപടികൾ , പഞ്ചേദ്രിയങ്ങളാൽ അനുഭവിക്കുന്ന കാഴ്ച്ച, കേൾവി, മണം, രുചി, സ്പർശം എന്നിവയെ നിയന്ത്രണത്തിലാക്കാനുള്ളതാകുന്നു. മണ്ഡലകാല വൃതാനുഷ്ഠാനങ്ങളിൽ ആദ്യമായി പാലിക്കേണ്ട നിയമം ഇന്ദ്രിയങ്ങളെ വരുതിയിലാക്കുക

## ATTORNEY AT LAW
# VINOD KEARKE (KIDANGIL)



- Accident Cases
- Criminal Matters
- Real Estate
- Matrimonial
- Landlord/Tenant
- Immigration
- Wills & Estates

## PERSONAL ATTENTION AT REASONABLE FEE

1611 Hilside Ave, New Hyde Park, New York 11040
Phone: 516-326-3350; 516-621-5381
Fax: 516-326-3353; Cell: 516-633-5208



Blue Ocean Wealth Solutions
2200 Northern Blvd. Suite 200
East Hills, NY 11548
Ph: 516-326-7033
Cell: 516-902-4300
Fax: 516-326-7055
Slukose@financialguide.com
www.sabulukose.com

NAIFA

Member MDRT®

Blue Ocean Wealth Solutions

A member of the MassMutual Financial Group

## SABU LUKOSE, MBA

Financial Services Representative
Financial Advisor
Registered Representa5ve
Platinum Conference
Member Million Dollar Round Table (MDRT)

Retirement Planning
Investment Strategies
Life Insurance
Education Funding
Business Solutions
Estate Conservation Strategies

☎ : 516-902-4300

MassMutual Financial Group is a marketing name for Massachusetts Mutual Life Insurance Company (MassMutual) and its affiliated companies and sales representatives. Sabu Lukose is a registered representative of and offers securities and investment advisory services through MSI Financial Services, Inc. Member SIPC. Some health insurance products offered by unaffiliated insurers. L0916477867[exp0717][AZ,IL,IN,KS,MA,MD,MI,NJ,NY,PA,TX] .



എന്നതാകുന്നു. ഇതുസാധിക്കാനായി, മാല ഇടുന്ന അയ്യപ്പന്മാരിൽ പലരും. അതിരാവിലെ ഉണർന്ന് ശരീര ശുദ്ധി വരുത്തി, നാമജപത്തിലൂടെ മനസിനെ കേന്ദ്രീകരിച്ച്, സ്വയം പാചകം ചെയ്യുന്ന അല്പാഹാരം കഴിച്ച് വൃതാനുഷ്ഠാനം തുടരുന്നു.


പടികയറുമ്പോൾ പിന്നീട് വരുന്ന, ആറു മുതൽ പതിമൂന്നു പടികൾ, അഷ്ടരാഗങ്ങളായ, കാമ, ക്രോധ, ലോഭ, മോഹ, മദ, മാത്സര്യ, അസൂയ, ഡംഭ് എന്നിവ ചവിട്ടി കടക്കാനുള്ളതാകുന്നു. പതിനാലുമുതൽ, പതിനാറു വരെയുള്ള പടികൾ സത്വ, രജ, തമോ ഗുണങ്ങളെ പ്രതിനിധാനം ചെയ്യുന്നു. അവസാനത്തെ രണ്ടുപടികൾ ജ്ഞാനത്തേയും അജ്ഞാനത്തേയും മറികടക്കാനുള്ളതാകുന്നു.



സദാ മാറിക്കൊണ്ടിരിക്കുന്ന ഈ പ്രപഞ്ചത്തിൽ മാറാതെ, സ്ഥായിയായി നിലനില്കുന്നതെന്ത്, എന്ന് അന്വേഷിക്കാൻ ആരംഭിക്കുമ്പോൾ അല്പസ്വല്പം അറിവുകൾ മനുഷ്യർക്ക് ലഭിക്കുന്നു. വീണ്ടും, വീണ്ടും അന്വേഷിക്കുമ്പോഴാണ്, സ്വയം അറിഞ്ഞതിനേക്കാൾ എത്രയോ മടങ്ങാണ് ഇനിയും അറിയാനായിട്ടുള്ളത് എന്ന തിരിച്ചറിവുണ്ടാവുക. അങ്ങനെ ആദ്യമായി കിട്ടിയ അല്പജ്ഞാവും പിന്നീട് തളിഞ്ഞുവരുന്ന അജ്ഞാനവും നീങ്ങിക്കഴിയുമ്പോൾ, അവനവനുള്ളിൽ സ്ഥിതിചെയ്യുന്ന ജീവാൽമാവ്, പരമാൽമാവ് തന്നെയാണെന്ന് അനുഭവത്തിൽ വരും . ഈ ആല്മനിർവൃതിയിൽ, തന്നെ താൻ മറന്ന്, തേജോമയമായ, ചിന്മുദ്രാങ്കിത വിഗ്രഹത്തിന് മുന്നിൽ നിൽക്കുമ്പോൾ, ഇത്രയും നാൾ നീ അന്വേഷിച്ച് നടന്നത് എന്താണോ, അത് നീ തന്നെ യാകുന്നു എന്നർത്ഥം വരുന്ന 'തത്വമസി' എന്ന വാക്യം ഉള്ളിൽ തെളിഞ്ഞു വരും.



അനേകം ഗുരുസ്വാമിമാർ, ദീക്ഷ എടുക്കുന്ന അയ്യപ്പന്മാർക്ക് മാർഗദർശ്ശികളായി ഡാലസിൽ നിസ്വാർത്ഥ സേവനം അനുഷ്ഠിക്കുന്നു. ഗുരുസ്വാമിമാരായ ഹരിപിള്ള, മുരളി, രാം കൊമണ്ടൂരി, നാരായണ സ്വാമി, എന്നിവരുടെ ശിഷ്യന്മാരായ അയ്യപ്പൻ മാരും, മാളികപ്പുറങ്ങളും ഒത്തുചേർന്ന് ഡാലസ്സിലെ പ്രാന്ത പ്രദേശമായ പൈലറ്റ് പോയന്റിൽ അയ്യപ്പ മണ്ഡല മഹോത്സവം നടത്തപ്പെട്ടു. തെക്കേ ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിൽ നിന്നുമുള്ള അയ്യപ്പന്മാർ ഈ സംഗമവേദിയിൽ, അതിരാവിലെ തന്നെ, എത്തിച്ചേർന്നിരുന്നു. ഗണപതി. മുരുകൻ, അയ്യപ്പൻ എന്നീ വിഗ്രഹങ്ങൾ മുരളി തിരുമേനി പൂജാ മണ്ഡപത്തിൽ സ്ഥാപിച്ചു. പിന്നീട് നടന്ന അയ്യപ്പ അഭിഷേകത്തിനും, വിളക്ക് പൂജക്കും, വിനേഷ് തിരുമേനിയും ഒത്തുചേർന്നു. ഡാലസ് വാദ്യകലാകേന്ദ്രം ഒരുക്കിയ ചെണ്ടമേളം പൂജകൾക്ക് അകമ്പടിയേകി.



മലയാളം, തമിൾ, തെലുഗു, എന്നീ ഭാഷകളിൽ നടത്തപ്പെട്ട അയ്യപ്പ ഭജനകൾ ഉത്തമ ഭക്തി അനുഭവവേദ്യമാക്കുവാൻ ഭാഷ ഒരു തടസ്സമല്ല എന്ന് തെളിയിച്ചു. ഹരി ഡൊർനാല, എന്ന അയ്യപ്പ ഭക്തൻ ആയിരം പേർക്ക് പങ്കെടുക്കുവാൻ സാധിക്കുന്ന, ഇവൻറ് സെന്റർ അയ്യപ്പ മണ്ഡല മഹോത്സവത്തിനായി ഒരുക്കിത്തരികയുണ്ടായി.

ഗുരുസ്വാമി ഹരിപിള്ളയുടെ നേതൃത്വത്തിൽ മണ്ഡല കാലാരംഭം മുതൽ എല്ലാ വാരാന്ത്യങ്ങളിലും അയ്യപ്പ ഭജന ഭക്തരുടെ വീടുകളിൽ വച്ച് നടത്തി വന്നിരുന്നു. ഇരുമുടി കെട്ടുമേന്തി ഹൂസ്റ്റണിലെ അയ്യപ്പ ക്ഷേത്രത്തിലെ പതിനെട്ടുപടികൾ കയറി ഡിസംബർ 24 നാണ്, അനേകം അയ്യപ്പന്മാർ ഈ വർഷത്തെ അയ്യപ്പ ദീക്ഷ അവസാനിപ്പിച്ചത്.


LAWSON
travel
Enjoy Your
Vacations
With Us
214-631-2458
www.LawsonTravel.com



# സൊലസും ഫൊക്കാന മസച്ചുസെറ്റ്സ് റീജിയണും സംഘടിപ്പിച്ച ചാരിറ്റി ഡ്രൈവ് വൻവിജയം

ബോസ്റ്റൺ : മലയാളി സമൂഹത്തിന്റെ അംഗീകാര്യവും സ്വീകാര്യതയും ഏറ്റുവാങ്ങിക്കൊണ്ട് ജീവകാരുണ്യ പ്രവർത്തനങ്ങളിൽ ഒരു നക്ഷത്രമായി തിളങ്ങുന്ന സംഘടനയാണ് സൊലസ്. അമേരിക്കൻ മലയാളികൾക്ക് ഇടയിൽ ഇന്ന് വളരെ അധികം സ്വീകാര്യതയുള്ള സംഘടനയായി സൊലസ് മാറിക്കഴിഞ്ഞു . ബോസ്റ്റണിൽ സൊലസും ഫൊക്കാനയുടെ മസച്ചുസെറ്റ്സ് റീജിയണും സഹകരിച്ചു സംഘടിപ്പിച്ച ചാരിറ്റി ഡ്രൈവ് വൻപിച്ച വിജയമായി. കഴിഞ്ഞ കുറെ വർഷങ്ങൾ ആയി സൊലസുമായി ഫൊക്കാന സഹകരിച്ചു വർത്തിക്കുന്നുണ്ടെന്ന് റീജണൽ വൈസ് പ്രസിഡന്റ് രേവതി പിള്ള അറിയിച്ചു.





'സൊലസ്' എന്ന പ്രസ്ഥാനം ജീവിതത്തിൽ പ്രതീക്ഷയറ്റുപോയ കുഞ്ഞുങ്ങൾക്കായുള്ളതാണ്. പൂർണ്ണ ആരോഗ്യമുള്ള കുഞ്ഞുങ്ങളെ കിട്ടുക എന്നുള്ളതാണ് നമ്മുടെ ഏവരുടെയും പ്രാർത്ഥന. പക്ഷേ എപ്പോഴും അങ്ങനെ സംഭവിക്കാറില്ല . മാതാപിതാക്കൾക്കിടയിൽ പലവിധത്തിലുള്ള ആരോഗ്യ പ്രശ്നങ്ങളുമായി ഒരു കുഞ്ഞു പിറന്നാൽ ഉണ്ടാകുന്ന ബുദ്ധിമുട്ടുകളും പ്രയാസങ്ങളും നമുക്ക് അറിയാവുന്നതാണ് . അവിടെ സഹായം വേണ്ടുന്നവർക്ക് സഹായ ഹസ്തം നീട്ടുക എന്നതാണ് സൊലസിന്റെ ലക്ഷ്യം .





സൊലസ് എന്ന സ്ഥാപനത്തിന്റെ അമരക്കാരി ഷീബ അമീർ അമേരിക്കൻ മലയാളികൾക്ക് സുപരിചിതയാകുന്നത് ഭിന്നശേഷിയുള്ള, കാൻസർ ബാധിച്ച കുട്ടികളെയും, നിർധന കുടുംബത്തിലെ ആരോഗ്യ പ്രശ്നങ്ങൾ ഉള്ള കുട്ടികളെയും ചേർത്തു നിർത്തി അവർക്ക് വേണ്ടുന്ന സഹായങ്ങൾ എത്തിക്കുന്ന ചാരിറ്റി പ്രവർത്തക എന്ന നിലയിൽ ആണ്. ഷീബ അമീർ തന്റെ മകൾക്കു ഉണ്ടായ അനുഭവത്തിൽ നിന്നാണ് ഇങ്ങനെ ഒരു ആശയം ഉൾക്കൊണ്ട് സമൂഹത്തിന് ഉന്നമനത്തിനു വേണ്ടി പ്രവർത്തിക്കാൻ തീരുമാനിച്ചത്. ശാരീരിക വൈകല്യം അനുഭവിക്കുന്ന കുഞ്ഞുങ്ങളുമായി അമ്മമാർ നടത്തുന്ന യാത്രയുടെ കഥയാണ് ഷീബ അമീറിന് നമ്മോട് പറയാനുള്ളത്.



കെയർ ആൻഡ് സപ്പോർട്ട് ഫോർ ചിൽഡ്രൻ വിത്ത് ലോംഗ് ടേം ഇൽനെസ് 'എന്നാണ് സൊലസിന്റെ ലക്ഷ്യം . ജീവന് ഭീഷണിയാകുന്ന വിവിധങ്ങളായ രോഗമുള്ള കുട്ടികളുടെ ചികിത്സാ സഹായം എന്നതായിരുന്നു തുടക്കത്തിൽ ലക്ഷ്യം. പക്ഷേ ഇന്ന് ഇങ്ങനെ രോഗം ബാധിച്ച കുട്ടികകൾ ഉള്ള നിർധന കുടുംബത്തെ മുഴുവനായി ഏറ്റെടുക്കുന്ന രീതിയിലേക്ക് കൂടി സൊലസ് ഇന്ന് വളർന്നു കഴിഞ്ഞു. നിരവധി സന്നദ്ധപ്രവർത്തകരുടെ കൂടി കാരുണ്യത്തിന്റെയും പരിശ്രമത്തിന്റെയും ഫലമാണ് ഇന്ന് ഈ സംഘടന മുന്നോട്ട് പോക്കോണ്ടിരിക്കുന്നത്.

ഈ സ്ഥാപനത്തിൽ 5000 ത്തോളം വരുന്ന രോഗികൾക്കുള്ള പരിചരണവും കേരളത്തിലെ ഒൻപത് ജില്ലകളിലായി 10 കേന്ദ്രവും, അമേരിക്ക, കാനഡ, ഇംഗ്ലണ്ട് എന്നിവിട



മികവിന്റെ പാതയിൽ മുന്നേറുന്ന
ഫൊക്കാനക്ക് പുതിയ ദിശാബോധം
പകർന്നു നൽകാൻ കുരുത്തുറ്റ നേതാവ്
സജിമോൻ ആന്റണി
ഫൊക്കാനയുടെ 2024 -26 കാലത്തെ
പ്രസിഡന്റായി വിജയിപ്പിക്കുക
Elect
പ്രവർത്തി പരിചയം, വ്യക്തമായ
കാഴ്ചപ്പാടുകൾ, ധീരമായ നിലപാടുകൾ



ങ്ങളിലുമായി സഹകരിക്കുന്ന സംഘങ്ങളും ഉണ്ടെന്ന് ആശ്വാസം നൽകുന്ന വാർത്ത തന്നെയാണ്.

നമ്മുടെ സമൂഹത്തിൽ വളരെ നല്ല ജീവകാരുണ്യ പ്രവത്തനങ്ങൾ ചെയ്യുന്ന വ്യക്തികൾ അല്ലെങ്കിൽ സംഘടനകൾ സമൂഹത്തിൽ ഉണ്ട് . പക്ഷേ സൊലസ് എന്ന പ്രസ്ഥാനം ജീവിതത്തിൽ പ്രതീക്ഷയറ്റുപോയ കുഞ്ഞുങ്ങൾക്കായുള്ളതാണ്. അത് ചിന്തകളുടെ ഇരുട്ടിൽ പെട്ടുപോയ മാതാപിതാക്കൾക്ക് ഒരു വെളിച്ചം വീശുന്ന സംഘടനയാണ് . അവിടെ സഹായകവുമായി എത്തിയാൽ അത് ഈശ്വര തുല്യമായിരിക്കും. അർഹിക്കുന്നവരിൽ സഹയം എത്തുബോൾ അവിടെ നാം ദൈവത്തിന് പകരം ദൈവത്തിന് വേണ്ടി സഹായം എത്തിക്കുകയായയണ്. അതിൽ നിങ്ങൾക്കും പങ്കാളിയാകാം.

വ്യക്തിപരമായി ചാരിറ്റി പ്രവർത്തനങ്ങൾ ചെയ്യുന്ന അധികം പേരും 'വലതു കൈ ചെയ്യുന്നത് ഇടതു കൈ അറിയരുത്' എന്ന തത്വത്തിൽ വിശ്വസിക്കുന്നവരാകയാൽ പബ്ലിസിറ്റിക്ക് താല്പര്യമില്ലാത്തവരാണ് എന്നതാണ് യാഥാർഥ്യം. എന്നാൽ സ്വന്തം അദ്ധ്വാനത്തിൽ നിന്നും അൽപ്പം മാറ്റി വച്ച് മറ്റുള്ളവരെ സഹായിക്കാൻ സന്മനസ്സു കാണിക്കുന്നവരുടെ പ്രവർത്തനങ്ങൾ പൊതു സമൂഹത്തിൽ വെളിപ്പെടുത്തിയാൽ മറ്റു പലർക്കും അതുപോലെ ആവശ്യത്തിലിരിക്കുന്നവരെ സഹായിക്കണം എന്നൊരു പ്രചോദനം ഉണ്ടാകും എന്നതാണ് വാസ്തവം.



സൊലസിന്റെ ബോസ്റ്റൺ ചാപ്റ്ററിന്റെ സാരഥി ശ്രീവിദ്യ രാമചന്ദ്രൻ, സെക്രട്ടറി കാജൽ മാക്സിലിനോ , ട്രഷർ ടൈറ്റസ് ജോൺ,പോൾ ഇഗ്നേഷ്യസ് , സന്തോഷ് നായർ എന്നിവരാണ് ആണ് ഈ പ്രോഗ്രാമിന് നേതൃത്വം നൽകിയത്. ഫൊക്കാനയെ പ്രതിനിധികരിച്ചു റീജിയനിൽ നിന്നുള്ള ധീരജ് പ്രസാദ് (മുൻ ഞഢജ ), ബിജു തൂമ്പിൽ (മുൻ ഞഢജ ), രേവതി പിള്ള , നാഷണൽ ഭാരവാഹികൾ ആയ കല ഷഹി, ബിജു ജോൺ , ജോർജ് പണിക്കർ, സജി മോൻ ആന്റണി , ലീല മാരേട്ട് എന്നിവരും പങ്കെടുത്തു.



ഈ പ്രോഗ്രാം സ്പോൺസർ ചെയ്തത് വിശ്വാസ് സമൃദ്ധി ഹെയർ ഓയിൽ ആണ്.

ജീവകാരുണ്യ പ്രവർത്തനങ്ങളിൽ അമേരിക്കൻ മലയാളികളുടെ പ്രിയപ്പെട്ട സംഘടനായ ഫൊക്കാനയും ഷീബ അമീറിനൊപ്പം എന്നും ഉണ്ടാകും എന്ന് രേവതി പിള്ള അഭിപ്രായപ്പെട്ടു . അതിനായി വേണ്ടതെല്ലാം ചെയ്യുമെന്ന് ഉറപ്പു നൽകുന്നു.





GRANEX KITCHEN
We are your one-stop shop for Granite, Marble
OUR PRODUCTS
COUNTERTOPS
VANITIES
SINKS
FAUCETS
BACKSPLASH
TILES
QUARTZ SLABS
Hundreds of colors in stock
Fabrication shop on premises
Custom kitchen designers are available to render your dream kitchen.
FINANCING AVAILABLE
ONE YEAR FINANCING for qualified clients
ADDITIONAL SERVICES
BATHROOM & KITCHEN REMODELING
615 Medford Ave, Patchogue, New York 1-631-438-1470 | sales@granexkitchen.com

# ജനപങ്കാളിത്തം നഷ്ടപ്പെടുന്ന അമേരിക്കൻ മലയാളി ദേശീയ സംഘടനകൾ ഓർമ്മിക്കാൻ...





**ബെന്നി വാച്ചാച്ചിറ**

''സംഘടിച്ച് ശക്തരാവുക, വിദ്യ കൊണ്ട് പ്രബുദ്ധരാവുക...'' എന്ന ആപ്തവാക്യം കേട്ട് വളർന്ന് ലോകത്തിന്റെ വിവിധ രാജ്യങ്ങളിൽ സ്വപ്നം പേറി ഗൃഹാതുരത്വത്തോടെ ജീവിക്കുന്നവരാണ് പ്രവാസി മലയാളികൾ. അതാതിടങ്ങളിലെ സാമൂഹിക-സാംസ്കാരിക-സമുദായ സംഘടനകൾ മലയാളികളുടെ സംഘബോധത്തിന്റെ പ്രതീകവും നമ്മുടെ തനതായ പൈതൃകം കാത്തുസൂക്ഷിച്ച് നിലനിൽക്കുന്നവയുമാണ്. അമേരിക്കൻ മലയാളികളെ സംബന്ധിച്ചിടത്തോളം പ്രാദേശികവും ദേശീയവുമായ സംഘടനകൾ നമുക്കഭിമാനവും പ്രേരകശക്തിയും കൈത്താങ്ങുമാണെന്ന കാര്യത്തിൽ തർക്കമില്ല.


എഴുപതുകളിൽ അസംഘടിതരായിരുന്ന അമേരിക്കൻ മലയാളികൾക്ക് കൂട്ടായ്മയുടെ കരുത്തു പകരാൻ സംഘടനകൾക്ക് സാധിച്ചു. ഇത് മലയാളികളുടെ കുടിയേറ്റ ചരിത്രത്തിൽ രേഖപ്പെടുത്തപ്പെട്ട നവോത്ഥാന കാലഘട്ടമാണ്. അമേരിക്കൻ മലയാളികളുടെ നിത്യജീവിതത്തിന്റെ അവിഭാജ്യ ഘടകമാണ് നാഷണൽ സംഘടനകൾ. ഇന്ത്യക്കാർ ലോകത്തിനു മുന്നിൽ എക്കാലവും നെഞ്ചേറ്റി ഊറ്റംകൊള്ളുന്ന, ജനാധിപത്യ ശൈലിയിൽ പ്രവർത്തിക്കുന്ന സംഘടനകൾക്ക് എന്നും എവിടെയും പ്രസക്തിയുണ്ട്.

പക്ഷേ, സ്വാർത്ഥതയോ, കാലഘട്ടത്തിന്റെ പ്രത്യേകതയോ, തലമുറമാറ്റത്തിന്റെ സ്വഭാവ രീതിയോ മൂലം അമേരിക്കൻ മലയാളി നാഷണൽ സംഘടനകളിൽ ബഹുജനപങ്കാളിത്തം കുറഞ്ഞുവരുന്നുവെന്ന് എന്റെ അനുഭവവെളിച്ചത്തിൽ വേദനയോടെ സാക്ഷ്യപ്പെടുത്തട്ടെ. ദേശീയ സംഘടനകളുടെ നേതാക്കൾ വ്യക്തിപരമായ പ്രസിദ്ധിക്കും മറ്റ് ഭൗതിക നേട്ടങ്ങൾക്കും വേണ്ടി മാത്രം സ്വന്തം പ്രസ്ഥാനങ്ങളെ മുതലെടുക്കാൻ തുടങ്ങിയതോടെയാണ് അവ ജനമനസുകളിൽ നിന്നകന്ന് ജീർണാവസ്ഥയിലേയ്ക്ക് കൂപ്പുകുത്തുന്നത്.

അമേരിക്കൻ മലയാളികളുടെ പൊതു വികാരം ഉൾക്കൊള്ളുന്ന കൂട്ടായ്മകൾ ഒരിക്കലും രാഷ്ട്രീയ സംഘടനകൾ അല്ല എന്ന തിരിച്ചറിവ് സാമൂഹിക-സാംസ്കാരിക-സമുദായ സംഘടനകളുടെ നേതൃനിരയ്ക്കുണ്ടാവണം. നിർഭാഗ്യവശാൽ രാഷ്ട്രീയത്തിന്റെ അതിപ്രസരം ഇത്തരം സംഘടനകളുടെ ജനകീയ അടിത്തറയെ ദുർബലമാക്കുന്നു. സംഘടനാ പ്രവർത്തനം മഹത്തായ സാമൂഹിക സേവനമാണെന്ന് മനസിലാക്കാതെയോ ബോധപൂർവം അവയുടെ ഉദ്ദേശ ലക്ഷ്യങ്ങൾ ഉൾക്കൊള്ളാതെയോ ഉള്ള പ്രവർത്തനങ്ങളാണ് നിലവിലുള്ള മൂല്യച്യുതിക്ക് കാരണം.

നിശ്ചിത കാലാവധിയുള്ള സംഘടനകളുടെ ഭാരവാഹിത്വത്തിലേക്ക് ആളുകൾ തിരഞ്ഞെടുക്കപ്പെട്ട് എത്തുമ്പോൾ അധികാരത്തിന്റെ തിണ്ണമിടുക്കുകാട്ടി പ്രശസ്തരാകാൻ ശ്രമിക്കുന്നത് ആശാസ്യമല്ല. സംഘടനകളുടെ ഇലക്ഷൻ വരുമ്പോൾ വോട്ടർമാർക്ക് പണവും മറ്റും വാഗ്ദാനം ചെയ്യും. വോട്ടർമാരെ വിലയ്ക്കു മേടിച്ച് അധികാരം ഉറപ്പിക്കുവാനുള്ള ശ്രമങ്ങൾ ഒരു പൊതുപ്രസ്ഥാനത്തിന്റെ അന്തസ്സിനും ആഭിജാത്യത്തിനും ജനപക്ഷ നിലപാടുകൾക്കും എതിരാണ്. നാട്ടിലെ രാഷ്ട്രീയ സംഘടനകൾ പണം കൊടുത്ത് വോട്ടു മറിക്കുന്ന ദുഷ്പ്രവണത അമേരിക്കൻ മലയാളി സംഘടനകളിലും, പ്രത്യേകിച്ച് സമുദായ സംഘടനകളിലും ഇന്ന് പ്രകടമാണ്. ഈ കുറുക്കുവഴി എന്നവസാനിപ്പിക്കുന്നുവോ അവിടെ നിന്നാവും പുത്തൻ ദിശാബോധമുള്ള നേതൃത്വത്തിന്റെ ഉദയം.

പണം കൊടുത്ത് വോട്ടുറപ്പിക്കുന്നതും പണം വാങ്ങി കീശ വീർപ്പിക്കുന്നതും വിലകുറഞ്ഞ രീതികളാണ്. അത് വ്യക്തിത്വത്തിന്റെ ശോഭ കെടുത്തുകയും ചെയ്യും. ഇത്തരം ആൾക്കാർ സംഘടനകളുടെ നേതൃത്വത്തിൽ എത്തിക്കഴിഞ്ഞാൽ അധഃപതനം ആരംഭിക്കുകയായി. ഈ ദുരാഗ്രഹികൾ നാട്ടിലേക്കും ചൂണ്ട എറിയാറുണ്ട്.


JAIBU
MATHEW
ACCOUNTING
& INCOME TAX SERVICES
We listen and prepare tax
with your needs in mind!
JAIBU MATHEW
KULANGARA
& ASSOCIATES
With Over
35 Years Experience!
TAX 2023
For Personal
& Business
TAX SERVICE
In Chicago
Tel: 1-773-792-2117
www.jaibu.com | tax@jaibu.com



പണവും അംഗീകാരവും മാത്രം ആഗ്രഹിക്കുന്ന വ്യക്തികൾ സംഘടനയെ നയിക്കാനെത്തുമ്പോൾ ദീർഘവീക്ഷണവും സാമൂഹിക-സാമുദായിക പ്രതിബദ്ധതയും ജനക്ഷേമ താത്പര്യവും സർവോപരി പ്രവർത്തിക്കുവാൻ ഏറെ സമയം ഉള്ളതുമായ വ്യക്തിത്വങ്ങളുടെ സുവർണാവസരമാണ് നഷ്ടപ്പെടുന്നത്.

നാഷണൽ സംഘടനകളുടെ കരുത്ത് എന്നു പറയുന്നത് അവയുടെ റീജിയനുകളാണ്. കഴിവും മിഴിവുമില്ലാത്ത കുട്ടി നേതാക്കളും പൊതുതാത്പര്യം തൊട്ടുതീണ്ടാത്തവരും റീജിയനുകളുടെ പ്രവർത്തന അജണ്ടകൾ നിശ്ചയിക്കുന്നതിലൂടെ കലഹത്തിന് വഴിമരുന്നിടുകയാണ് ചെയ്യുന്നത്. മൂല്യവത്തായ പ്രവർത്തന പാരമ്പര്യമുള്ളവരെ പാടെ അവഗണിച്ചുകൊണ്ട് ഇന്നലെ പെയ്ത മഴയിൽ കിളിർത്ത ഇക്കൂട്ടർ സംഘടനകളുടെ നിയന്ത്രണം കൈവശപ്പെടുത്തുമ്പോൾ ഉണ്ടാകാവുന്ന ദുരന്തം ഊഹിക്കാവുന്നതേയുള്ളൂ. വ്യക്തിപരമായ വാശിയും വൈരാഗ്യവും തീർക്കുവാൻ റീജിയനുകളെ ഉപയോഗിച്ച് പകവീട്ടുന്നത് സംഘടനയ്ക്ക് ആപത്താണ്. ഇവരൊക്കെ സംഘടനാവിരുദ്ധർ ആയി ഭാവിയിൽ മുദ്ര കുത്തപ്പെടുമെന്ന കാര്യത്തിൽ തർക്കമില്ല. അതിനു മുമ്പേ തന്നെ അവരെയെല്ലാം ബൈലോ പ്രകാരം അച്ചടക്ക നടപടികൾക്ക് വിധേയരാക്കേണ്ടതുണ്ട്.

സാമുദായിക സംഘടനകളുടെ കെട്ടുറപ്പും ഇക്കാലങ്ങളിൽ ചോദ്യം ചെയ്യപ്പെടുന്നുണ്ട്. ഒരു പ്രത്യേക സമുദായ അംഗം എന്ന നിലയിൽ ആ സമുദായത്തിനു വേണ്ടി നിലകൊള്ളുന്ന സംഘടനയിൽ പ്രവർത്തിക്കുവാൻ വ്യക്തിക്ക് ഏറെ താത്പര്യമുണ്ട്. നമ്മുടെ പാരമ്പര്യങ്ങൾ പഠിപ്പിച്ച് നിലനിർത്താനും ബന്ധങ്ങൾ പുതുക്കുവാനും പുതു തലമുറയ്ക്ക് സമുദായ അവബോധം ഉണ്ടാക്കുവാനും സ്വന്തം സമുദായത്തിൽ നിന്നു തന്നെ വിവാഹ ബന്ധങ്ങളിൽ ഏർപ്പെടുവാനുമൊക്കെയുള്ള അവസരം ഒരുക്കുവാനും സമുദായ സംഘടനകൾ പ്രതിജ്ഞാബദ്ധമാണ്. സഭയെയും സമുദായത്തെയും ഒരേ ചരടിൽ കോർത്തിണക്കി ഏക മനസ്സോടെ നിന്നുകൊണ്ട് ശക്തി ആർജ്ജിക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നു.

സമുദായ സംഘടനകൾ അവരവരുടേതായ ശാക്തീകരണത്തിൽ നിന്നും ആത്മീയതയിൽ നിന്നും വഴി മാറി പോകുന്നുവെന്നത് സങ്കടകരമാണ്. സമുദായ സംഘടനകൾ തങ്ങളുടെ ഹയറാർക്കിയെ മാനിക്കുകയും സഭാ നേതൃത്വത്തിന്റെ ആത്മീയവും ജനകീയവുമായ നയങ്ങൾക്കും നിലപാടുകൾക്കും പ്രാധാന്യം കൊടുക്കുകയും വേണം. ഇതിനൊന്നും താത്പര്യം ഇല്ലാത്തവർക്ക് സാമൂഹിക-സാംസ്കാരിക സംഘടനകളിൽ പ്രവർത്തിക്കാം. അല്ലെങ്കിൽ അവരുടെ കൂട്ടായ്മകളെ സാമൂഹികമോ സാംസ്കാരികമോ ആയ സംഘടനകളാക്കി മാറ്റുകയും ചെയ്യാം.

പ്രവാസികളായ നമ്മെ സംബന്ധിച്ചിടത്തോളം സാമുദായിക സംഘടനകൾ നമ്മുടെ വംശീയവും ജന്മപരവും വിശ്വാസപരവുമായ ആയ പ്രത്യേകതകളുടെയും നിലപാടുകളുടെയും അടയാളമാണ്. അതിനാൽ ഇക്കാര്യത്തിൽ ഒരു ശുദ്ധീകരണ പ്രക്രിയ അനിവാര്യമായിരിക്കുന്നു. പുതിയ തലമുറയെ താമസംവിനാ ബോധവത്ക്കരിക്കേണ്ടതുണ്ട്. അമേരിക്കൻ മലയാളി സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് എത്തപ്പെടുവാൻ ആരോഗ്യകരമായ മത്സരത്തിലൂടെയും നയസമീപനങ്ങളിലൂടെയും തോളോടുതോൾ ചേർന്ന് നമുക്ക് സഞ്ചരിക്കാം. കാരണം സംഘടനാ പ്രവർത്തനം എന്നത് കൂട്ടായ മുന്നേറ്റം തന്നെയാണ്.

സ്ത്രീ-പുരുഷ വ്യത്യാസമില്ലാതെ, വലുപ്പച്ചെറുപ്പമില്ലാതെ സങ്കുചിതത്വങ്ങൾക്കതീതമായി ഒരു അഭിപ്രായ സമന്വയം ഉണ്ടാക്കി എടുത്താൽ മാത്രമേ പൊതു സമൂഹം സംഘടനാ നേതാക്കളെ അംഗീകരിക്കുകയുള്ളൂ. കേവലം രണ്ടുവർഷം കൂടുമ്പോഴോ മറ്റ് നിശ്ചിത ഇടവേളകളിലോ നടത്തപ്പെടുന്ന കൺവൻഷനുകൾ മാത്രം ലക്ഷ്യം വച്ചുകൊണ്ട് ധൂർത്തിന്റെ മാമാങ്കം കൊണ്ടാടുന്നതിനെ ഒരു കാരണവശാലും അംഗീകരിക്കാനാവുകയില്ല. വ്യക്തിപരമായും സംഘടനാതലത്തിലുമൊക്കെ നിറവേറ്റപ്പെടുന്ന അമേരിക്കൻ മലയാളികളുടെ ജീവകാരുണ്യ പ്രവർത്തന മനോഭാവത്തെ ശ്ലാഘിക്കുവാൻ ഞാൻ ഈ അവസരം ഉപയോഗിക്കുന്നു.

രോഗവും സാമ്പത്തിക പരാധീനതയും മറ്റ് പല കാരണങ്ങളാലും വേദനിക്കുന്ന നമ്മുടെ നാട്ടിലെ സഹോദരർക്ക് ആശ്വാസത്തിന്റെ കൈത്താങ്ങായി നിലനിന്നുകൊണ്ട് അവരുടെ കണ്ണീരൊപ്പുമ്പോഴാണ് ദൈവസ്നേഹം നമ്മുടെ ഉള്ളിൽ പ്രകാശിക്കുക. ഉറക്കമിളച്ചും കഠിനാദ്ധ്വാനവും ചെയ്ത് നേടുന്ന സമ്പത്തിന്റെ ഒരു വിഹിതം അശരണർക്കും ആലംബഹീനർക്കും വീതിച്ച് നൽകുമ്പോൾ ഉണ്ടാകുന്ന ചാരിതാർത്ഥ്യമാണ് സംഘടനകളെയും വ്യക്തികളെയും പ്രസ്ഥാനങ്ങളെയുമൊക്കെ ജീവസ്സുറ്റതാക്കുന്നത്. സംഘടനാ നേതാക്കൻമാരെ തിരഞ്ഞെടുക്കുമ്പോൾ വ്യക്തിബന്ധത്തിനും സുഹൃത് ബന്ധത്തിനും പ്രാധാന്യം കൊടുക്കാതെ ദീർഘവീക്ഷണവും ദിശാബോധവും കർമശേഷിയുമുള്ള വ്യക്തിത്വങ്ങളെ നേതൃനിരയിലെത്തിക്കേണ്ടതുണ്ട്.

ഭൂമിയിൽ മനുഷ്യർ ചെയ്ത പാപങ്ങൾ തുടച്ചു നീക്കുവാൻ ജന്മമെടുത്ത യേശുദേവന്റെ ഓർമകൾക്ക് തിളക്കമേകിക്കൊണ്ട് മറ്റൊരു ക്രിസ്തുമസ് കൂടി നമ്മൾ സമൃദ്ധമായി ആഘോഷിച്ചു കഴിഞ്ഞു. ഒപ്പം സുഖദുഃഖ സമ്മിശ്രമായ മറ്റൊരു വർഷം കൂടി കൊഴിഞ്ഞുപോവുകയാണ്. പുത്തൻ പ്രതീക്ഷകളുമായി 2024ന്റെ സൂര്യോദയത്തിനായി നാമെല്ലാം കാത്തിരിക്കുകയയും ചെയ്യുന്നു.

പരസ്പര സ്നേഹത്തോടെയും സഹവർത്തിത്വത്തോടെയും ബഹുമാനത്തോടെയും മനുഷ്യർ ജീവിക്കേണ്ടതിന്റെ ആവശ്യകത കൃത്യമായി മനസ്സിലാക്കിയെടുത്താൽ സാമൂഹിക-സാംസ്കാരിക-സമുദായ സംഘടനകളുടെ പുനരുദ്ധാനത്തിന് കളമൊരുങ്ങും. ജനപങ്കാളിത്തം കുറഞ്ഞുവരുന്ന സംഘടനകളുടെ ജീവശ്വാസം തിരിച്ചുപിടിക്കുവാൻ നമുക്ക് ഒന്നിച്ച് ഉണർന്നെഴുന്നേറ്റ് പ്രവർത്തിക്കാം. പ്രിയമുള്ള ഏവർക്കും സന്തോഷത്തിന്റെയും സമാധാനത്തിന്റെയും പുതിയ നേട്ടങ്ങളുടെയും ന്യൂ ഇയർ ആശംസകൾ ഹൃദയപൂർവം നേരുന്നു.

**സമുദായ സംഘടനകൾ അവരവരുടേതായ ശാക്തീകരണത്തിൽ നിന്നും ആത്മീയതയിൽ നിന്നും വഴി മാറി പോകുന്നുവെന്നത് സങ്കടകരമാണ്. സമുദായ സംഘടനകൾ തങ്ങളുടെ ഹയറാർക്കിയെ മാനിക്കുകയും സഭാ നേതൃത്വത്തിന്റെ ആത്മീയവും ജനകീയവുമായ നയങ്ങൾക്കും നിലപാടുകൾക്കും പ്രാധാന്യം കൊടുക്കുകയും വേണം. ഇതിനൊന്നും താത്പര്യം ഇല്ലാത്തവർക്ക് സാമൂഹിക-സാംസ്കാരിക സംഘടനകളിൽ പ്രവർത്തിക്കാം. അല്ലെങ്കിൽ അവരുടെ കൂട്ടായ്മകളെ സാമൂഹികമോ സാംസ്കാരികമോ ആയ സംഘടനകളാക്കി മാറ്റുകയും ചെയ്യാം.**

# ജോസ് പുന്നൂസും ഭാര്യ ആലീസും വീണ്ടും മാതൃകയായി: സൂര്യയ്ക്ക് ക്രിസ്മസ് സമ്മാനമായി 'ഓർമ്മ വില്ലേജി'ലെ വീട്

എ.എസ് ശ്രീകുമാർ

പത്തനാപുരം: അമേരിക്കൻ മലയാളി ദമ്പതികളായ ജോസ് പുന്നൂസും ഭാര്യ റിട്ടയേഡ് ലെഫ്റ്റനന്റ് കേണൽ ആലീസ് ജോസും നിർധനരായ വിധവകൾക്കും സമൂഹത്തിൽ ഏറ്റവും അർഹതപ്പെട്ടവർക്കുമായി നിർമിച്ച് നൽകുന്ന വീടുകളുടെ രണ്ടാം ഘട്ടം പൂർത്തിയായിക്കൊണ്ടിരിക്കുന്ന വേളയിൽ നിരാലംബയായ സൂര്യ എന്ന പെൺകുട്ടിക്കുള്ള  വീടിന്റെ താക്കോൽ ദാനം നിർവഹിക്കപ്പെട്ടു.

കൊല്ലം ജില്ലയിലെ പത്തനാപുരത്തിന് സമീപം പാണ്ടിത്തിട്ട എന്ന സ്ഥലത്ത് യാഥാർത്ഥ്യമായ 'ഓർമ വില്ലേജി'ലെ ഒരു വീടാണ് കൊല്ലം എസ്.എൻ കോളേജിലെ ബി.കോം വിദ്യാർഥിനിയായ സുര്യയ്ക്ക് ജോസ് പുന്നൂസും ആലീസ് ജോസും സ്ഥലം എം.എൽ.എ കെ.ബി ഗണേഷ്കുമാറിന്റെ സാന്നിധ്യത്തിൽ നൽകിയത്.

നാല് വയസുള്ളപ്പോഴാണ് സൂര്യയുടെ അമ്മ മരിച്ചതും അച്ഛൻ ഉപേക്ഷിച്ചുപോയതും. തുടർന്ന് അമ്മൂമ്മയോടൊപ്പമായിരുന്നു താമസം. സ്വന്തമായി വീടില്ലാത്തതിനാൽ കടത്തിണ്ണകളിലും മറ്റും അന്തിയുറങ്ങാൻ വിധിക്കപ്പെട്ടതായിരുന്നു സൂര്യയുടെ ബാല്യകാല ജീവിതം. കഴിഞ്ഞ 20 വർഷമായി വാടകവീട്ടിലായിരുന്നു. പുതിയ വീട്ടിൽ വസ്ത്രങ്ങളും ഭക്ണവുമൊക്ക കരുതി വച്ചുകൊണ്ടാണ് സ്വപ്ന ഭവനത്തിന്റെ താക്കോൽ കൈമാറിയത്.

ഒന്നര ഏക്കർ സ്ഥലത്ത് വിഭാവനം ചെയ്യുന്ന 15 വീടുകളിൽ ആദ്യ ഘട്ടമായ അഞ്ച് വീടുകളുടെ താക്കോൽ ദാനം,  2022 മെയ് 21-ാം തീയതി ധനമന്ത്രി കെ.എൻ ബാലഗോപാൽ ഉദ്ഘാടനം ചെയ്ത യോഗത്തിൽ വച്ച് ജലസേചന വകുപ്പ് മന്ത്രി റോഷി അഗസ്റ്റിൻ മഹത്തായ ജീവകാരുണ്യത്തിന്റെ സന്ദേശം പകർന്ന് താക്കോൽ ദാന കർമം നിർവഹിക്കുകയുണ്ടായി. വീടുകളുടെ രണ്ടാം ഘട്ടം പൂർത്തിയായിക്കൊണ്ടിരിക്കുന്നു. താക്കോൽ ദാനം 2024 ജനുവരിയിലേയ്ക്ക് നടത്താനുള്ള തീവ്രശ്രമത്തിലാണ് ഇവർ.

ഓർമ വില്ലേജിലെ ആദ്യ വീട്, കൊടും ക്രൂരനാൽ കൊല്ലപ്പെട്ട കൊട്ടാരക്കര താലൂക്ക് ആശുപത്രിയിലെ ഡോ. വന്ദന ദാസിന്റെ ദീപ്ത സ്മരണയാക്കായാണ് ഉദ്ഘാടന ദിനത്തിൽ സമർപ്പിച്ചത്. ഫോമായുടെ മുൻ പ്രസിഡന്റും സാമൂഹിക-സാംസ്കാരിക പ്രവർത്തകനുമായ അനിയൻ ജോർജ് ആണ് പദ്ധതിയുടെ കോ-ഓർഡിനേറ്റർ. ജോസ് പുന്നൂസിന്റെയും ആലീസ് ജോസിന്റെയും മാതാപിതാക്കളോടുള്ള സ്നേഹ സ്മരണയുടെയും കൂടി പ്രതീകമായാണ് ഓർമ വില്ലേജ് യാഥാർത്ഥ്യമായിരിക്കുന്നത്.

പത്തനാപുരത്ത് തലവൂരിൽ അഞ്ഞൂറു വർഷത്തിലേറെ പാരമ്പര്യമുള്ള കോക്കാട്ടുവിളയിലെ പുരാതന കർഷക  കുടുംബാംഗമായ ജോസ് പുന്നൂസ് നാട്ടിലെ പ്രീഡിഗ്രി പഠനത്തിനും ഡൽഹിയിലെ ഇലക്ട്രോണിക്സ് പഠനത്തിനും ശേഷം നാട്ടിൽ ബിസിനസ് നടത്തുകയും 1985ൽ വിവാഹ ശേഷം ഭാര്യയുടെ മിലിട്ടറി സർവീസുമായി ബന്ധപ്പെട്ട് നോർത്ത് ഇന്ത്യയുടെ വിവിധ സ്ഥലങ്ങളിൽ ജീവിക്കുകയും ചെയ്തു. 2001ൽ ഇവർ കുടുംബസമേതം അമേരിക്കയിൽ എത്തി. ഇരുവരും ഇപ്പോൾ വിശ്രമ ജീവിതം നയിക്കുന്നു.






ഓർമ വില്ലേജിലെ സ്നേഹ വീടുകളിലൊന്ന് സൂര്യയ്ക്ക് നിയുക്ത മന്ത്രി കെ.ബി ഗണേഷ്കുമാറിന്റെ സാന്നിധ്യത്തിൽ നൽകിയപ്പോൾ. അമേരിക്കൻ മലയാളി ദമ്പതികളായ ജോസ് പുന്നൂസും ഭാര്യ ആലീസ് ജോസും സമീപം

# കൃത്രിമക്കാലുകൾ നൽകുന്നത് ജീവിതവ്രതമാക്കിയ ജോൺസൻ സാമുവേലിന് എക്കോ ഹ്യുമാനിറ്റേറിയൻ അവാർഡ്

**മാത്യുക്കുട്ടി ഈശോ**




ന്യൂയോർക്ക്: 'ഏറ്റവും സന്തോഷവാനായ വ്യക്തി അധികം സമ്പാദിക്കുന്നവനല്ല മറിച്ച് അധികം കൊടുക്കുന്നവനാണ്,' പ്രശസ്ത അമേരിക്കൻ എഴുത്തുകാരനായിരുന്ന ഹോറെയ്സ് ജാക്സൺ ബ്രൗൺ ജൂനിയറിൻറെ വാക്കുകളാണിവ. ചിലർ ജീവിതത്തിൽ സമ്പാദിച്ചു കൂട്ടാൻ മാത്രം ശ്രമിക്കുമ്പോൾ ചുരുക്കം ചിലരെങ്കിലും ഉള്ളതിൽ നിന്നും മറ്റുള്ളവർക്ക് കൂടി പങ്ക് വെക്കുന്നതിന് താൽപ്പര്യം കാണിക്കുന്നവരാണ്. മറ്റുള്ളവരെ സഹായിക്കുന്നതിന് മനസ്സു വരണമെങ്കിൽ അൽപ്പം മനുഷ്യത്വം മനസ്സിനുള്ളിൽ ഉണ്ടാകണം.

മനുഷ്യത്വം ധാരാളം മനസ്സിൽ വച്ച് കുടുംബസമേതം ജീവകാരുണ്യ പ്രവർത്തനത്തിന് മുൻതൂക്കം നൽകി ജീവിതം മുമ്പോട്ട് നയിക്കുന്ന വ്യക്തിയാണ് ഇത്തവണത്തെ ECHO ഹ്യുമാനിറ്റേറിയൻ അവാർഡിന് അർഹനായ ജോൺസൺ സാമുവേൽ. വിവിധ കാരണങ്ങളാൽ കാലുകൾ നഷ്ടപ്പെട്ട് ചലനശേഷി ഇല്ലാതിരുന്ന 204 പേർക്കാണ് കഴിഞ്ഞ പത്തുവർഷത്തിനിടെ ജോൺസൺ സാമുവേൽ എന്ന മനുഷ്യസ്നേഹിയുടെ നിസ്വാർഥ പ്രവർത്തനത്തിലൂടെ ചലന ശേഷി ലഭിച്ചത്.

അപകടത്തിൽപെട്ട് ഒരു കാൽ നഷ്ടപെട്ട ഒരു വ്യക്തിയുടെ ദുരിത ജീവിതം 2004-ൽ കാണുവാൻ ഇടയായത് മുതലാണ് കാലുകൾ നഷ്ടപ്പെട്ടവരെ ഏതെങ്കിലും വിധത്തിൽ സഹായിക്കണം എന്ന ഒരാശയം ജോൺസൻറെ മനസ്സിൽ ഉടലെടുത്തത്. അന്ന് മുതൽ അതിനെപ്പറ്റി ചിന്തിക്കുകയും അതെങ്ങനെ പ്രാവർത്തികമാക്കണമെന്ന് പല ഇടങ്ങളിൽ റിസേർച് നടത്തുകയും ചെയ്തു. അതിന്റെ അടിസ്ഥാനത്തിൽ കൃത്രിമ അവയവങ്ങൾ നിർമ്മിക്കുന്ന ജെർമ്മനിയിലുള്ള ഓട്ടോബോക്ക് എന്ന കമ്പനിയുമായി ബന്ധപ്പെട്ട് 2013 മുതൽ സൗജന്യമായി കൃത്രിമ കാലുകൾ നൽകിക്കൊണ്ടു കാലുകൾ നഷ്ടപ്പെട്ടവർക്ക് സഹായ ഹസ്തം ആകണമെന്ന് തീരുമാനിച്ചു.




BEAUTY AND DESIGN MEETS AT
JASO
FASHIONS
Every Indian at Heart !
Make Jaso Your
DESTINATION
from world to kochi
SHOPPING CENTER IN KERALA!
JASO
FASHIONS
Unique World Class Designs
with modern thinking
Highest Quality Materials
Geo Center, First Floor, Near St. George Church, NH Bypass,
Chakkarapparambu, Thammanam,
ERNAKULAM, KOCHI, INDIA, KERALA
jasofashions@gmail.com
+91 81388 29444






ഒരു കൃത്രിമ കാലിന് ഏകദേശം രണ്ടായിരം ഡോളർ ചെലവ് വരുന്നതിനാൽ ഒരു വർഷം പത്തു പേർക്ക് വീതം കൃത്രിമ കാലുകൾ നൽകണമെന്ന് തീരുമാനമെടുത്തു. അതിനായി സ്വന്തം മാതൃ ദേശമായ മാവേലിക്കരയിലെ വെട്ടിയാർ ആസ്ഥാനമാക്കി "Life and Limb Charitable Trust " പ്രവർത്തനം ആരംഭിച്ചു. സ്വന്തം സമ്പാദ്യത്തിൽ നിന്നും സ്വരൂപിച്ച തുക ഉപയോഗിച്ച് 2014-ൽ ഏതാനും പേർക്ക് കൃത്രിമ കാലുകൾ നൽകി ജീവകാരുണ്യ പ്രവർത്തനത്തിന് തുടക്കം കുറിച്ചു.

വെട്ടിയാറിൽ ജനിച്ചുവളർന്ന് പതിനേഴാമത്തെ വയസ്സിൽ മാതാപിതാക്കളോടൊപ്പം അമേരിക്കയിലേക്ക് കുടിയേറിയ ജോൺസൺ ലോങ്ങ് ഐലൻഡിലുള്ള മിനിയോള ഹൈസ്കൂളിൽ നിന്നും ഹൈസ്കൂൾ വിദ്യാഭ്യാസം പൂർത്തീകരിച്ചു. പിന്നീട് ക്യൂൻസ് കോളേജിൽ നിന്നും കമ്പ്യൂട്ടർ സയൻസിൽ ഗ്രാജുവേഷനും കരസ്ഥമാക്കി. കഴിഞ്ഞ 22 വർഷമായി മോൺറ്റിഫയർ മെഡിക്കൽ സെന്ററിൽ ഐ.ടി. ഉദ്യോഗസ്ഥനായി. ഇപ്പോൾ ഐ.ടി. ഡിപ്പാർട്മെന്റിലെ സീനിയർ മാനേജർ. തന്റെ വരുമാനത്തിൽ നിന്നും ഒരു പങ്ക് ജീവകാരുണ്യ പ്രവർത്തനത്തിനായി മാറ്റി വച്ചാണ് കാലുകൾ നഷ്ടപ്പെട്ട നിർധനർക്ക് കൃത്രിമ കാലുകൾ നൽകുന്ന പുണ്യപ്രവർത്തിയിൽ ഏർപ്പെട്ടിരിക്കുന്നത്. 2018 മുതൽ പ്രസ്തുത നന്മ പ്രവർത്തിയിൽ താല്പര്യമുള്ളവരിൽ നിന്നും ട്രസ്റ്റിലൂടെ സംഭാവന സ്വീകരിച്ചുകൊണ്ട് കൃത്രിമ കാൽ വിതരണം കൂടുതൽ ആളുകളിലേക്ക് വിപുലീകരിച്ചു.



2022 ഡിസംബർ 10-ന് മാവേലിക്കരയിലെ പുന്നമൂട്ടിലുള്ള ഗ്രേസ് കൺവെൻഷൻ സെന്ററിൽ വച്ച് 41 ഹതഭാഗ്യർക്കാണ് ലൈഫ് & ലിംബ് ചാരിറ്റബിൾ ട്രസ്റ്റ് കൃത്രിമക്കാലുകൾ നൽകിയത്. പ്രസ്തുത ചടങ്ങിന് പ്രശസ്ത മജീഷ്യൻ ആയിരുന്ന പ്രൊഫ. ഗോപിനാഥ് മുതുകാടും ഫാദർ ഡേവിസ് ചിറമേലും സാമൂഹിക-രാഷ്ട്രീയ മേഖലയിലുള്ള പല വിശിഷ്ട വ്യക്തികളും സാക്ഷ്യം വഹിക്കാൻ സന്നിഹിതരായിരുന്നു.

2024-ൽ 170,000 ഡോളർ സമാഹരിച്ച് നൂറു പേർക്ക് കൃത്രിമക്കാലുകൾ നൽകാനാണ് ജോൺസന്റെ പുതിയ പദ്ധതി. ജോൺസന്റെ എല്ലാ പ്രവർത്തനങ്ങൾക്കും തുണയായി സഹധർമ്മിണി ഷേർളി കൂടെയുണ്ട്. നിസ്സീമമായ ജീവകാരുണ്യ പ്രവർത്തനങ്ങൾ കണക്കിലെടുത്താണ് നിരവധി അപേക്ഷകരിൽ നിന്നും ECHO കമ്മറ്റി അദ്ദേഹത്തെ ഹ്യുമാനിറ്റേറിയൻ അവാർഡിനായി തെരഞ്ഞെടുത്തത്.

**2024-ൽ 170,000 ഡോളർ സമാഹരിച്ച് നൂറു പേർക്ക് കൃത്രിമക്കാലുകൾ നൽകാനാണ് ജോൺസന്റെ പുതിയ പദ്ധതി. ജോൺസന്റെ എല്ലാ പ്രവർത്തനങ്ങൾക്കും തുണയായി സഹധർമ്മിണി ഷേർളി കൂടെയുണ്ട്. നിസ്സീമമായ ജീവകാരുണ്യ പ്രവർത്തനങ്ങൾ കണക്കിലെടുത്താണ് നിരവധി അപേക്ഷകരിൽ നിന്നും ECHO കമ്മറ്റി അദ്ദേഹത്തെ ഹ്യുമാനിറ്റേറിയൻ അവാർഡിനായി തെരഞ്ഞെടുത്തത്.**

2024 ജനുവരി 7 ഞായറാഴ്ച വൈകിട്ട് 5 മണി മുതൽ ജെറിക്കോയിലുള്ള കൊട്ടിലിയൻ റെസ്റ്റോറന്റിൽ വച്ച് (Cottillion Restaurant, 440 Jericho Turnpike, Jericho, NY 11753) നടത്തപ്പെടുന്ന ECHO വാർഷിക ഡിന്നർ നൈറ്റിൽ പ്രമുഖ സാമൂഹിക-രാഷ്ട്രീയ നേതാക്കളുടെ മഹനീയ സാന്നിദ്ധ്യത്തിൽ അവാർഡ് നല്കപ്പെടുന്നതാണ്. 2,500 ഡോളറും പ്രശംസാ ഫലകവുമാണ് സമ്മാനമായി നൽകുന്നത്.

ജീവകാരുണ്യ പ്രവർത്തനങ്ങൾക്ക് പ്രധാന്യം നൽകി ന്യൂയോർക്ക് ആസ്ഥാനമായി പ്രവർത്തിക്കുന്ന പ്രമുഖ സംഘടനയാണ് ECHO (Enhance Community through Harmonious Outreach). പത്താമത് വാർഷികം ആഘോഷിക്കുന്ന ECHO ഈ പുതുവർഷം ഭവനരഹിതരായ പത്തു പേർക്ക് വീട് നിർമ്മിച്ച് നൽകുന്നതിനുള്ള പദ്ധതി ആസൂത്രണം ചെയ്യുന്നു. അതോടൊപ്പം, ആഴ്ചയിലൊരു ദിവസം മാത്രം നടത്തപ്പെടുന്ന മുതിർന്ന പൗരന്മാർക്കായുള്ള "സീനിയർ വെൽനെസ്സ്" എന്ന പരിപാടി ആഴ്ചയിൽ അഞ്ചു ദിവസവും നടത്താവുന്ന "Adult Day Care" ആയി വികസിപ്പിക്കുവാനും പദ്ധതി ഇടുന്നു. അതിനായി സൗകര്യപ്രദമായ ആസ്ഥാന കേന്ദ്രം കണ്ടെത്തുന്നതിനുള്ള പ്ലാനുകളും ECHO യുടെ ആലോചനയിലുണ്ട്.

ചിറമ്മേലച്ചനുമായി സഹകരിച്ച് കേരളത്തിൽ ഒരു ഡയാലിസിസ് യൂണിറ്റ് നൽകുകയും, ഒരു നേരത്തെ ഭക്ഷണം നൽകുന്നതിനുള്ള പദ്ധതിയായ "Hunger Hunt" നടപ്പിലാക്കുകയും, സ്കൂൾ കുട്ടികളിൽ സേവന മനസ്ഥിതി വളർത്തുന്നതിനുള്ള "മദർ തെരേസാ സേവന അവാർഡ്" നൽകുന്നതിനുള്ള പദ്ധതിയും ECHO നടത്തി വരുന്നു.

**കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക: (516) 9024300.**

CENTURY 21 ROYAL

SCARSDALE, NEW YORK

# We have been providing outstanding service in RESIDENTIAL and COMMERCIAL Real-Estate for the past 29+ years in NY & CT.

## Call us for all your Real-Estate needs!





**GEORGE JOHN**
PRINCIPAL BROKER
Cell: (914) 804-8693
George@century21royal.com

**STANLEY MATHEW**
SALES ASSOCIATE
Cell: (845) 300-8458
Stanley@century21royal.com

**We still believe in personal service to all our customers who rely on our dedication, trust and integrity**



www.royalfinehomes.com
www.century21royal.com

Follow us on:

YOUTUBE: https://www.youtube.com/@georgejohn4512/videos
FACEBOOK: https://www.facebook.com/C21ROYALNY
TWITTER: https://twitter.com/GeorgeJ44939954
INSTAGRAM: https://www.instagram.com/c21.royal/
LINKDEN:https://www.linkedin.com/in/realtorgeorgejohn/



**Office Address: 697 Central Park Avenue, Scarsdale, NY 10583 | (914) 722-0700**

# കൊഴുപ്പു നീക്കിയതുകൊണ്ട് പാലിനു കൂടിയ ഗുണമില്ല



കൊഴുപ്പിന്റെ അളവിൽ ഏറ്റക്കുറച്ചിലോടെ പലവിധം പാൽ കടയിൽ കാണാം. കൊഴുപ്പില്ലാത്തത്, കൊഴുപ്പ് കുറഞ്ഞത്, കൊഴുപ്പു നീക്കം ചെയ്യാത്തത് എന്നിങ്ങനെ. ഇവയിൽ ആരോഗ്യകരമായ ഓപ്ഷൻ ഏതാണ്? കുട്ടികൾക്കു ഫുൾ ഫാറ്റ്മിൽക്ക് എടുക്കാം, എന്നാൽ മുതിർന്നവരോ? കൊഴുപ്പ് അടങ്ങിയത് ഹൃദ്രോഗമുണ്ടാക്കുമെന്നാണ് നാം കരുതുന്നത്.

എന്നാൽ ടഫ്റ്റ്സ് സർവകലാശാലയിലെ കാർഡിയോളജിസ്റ്റും മെഡിസിൻ പ്രൊഫസറുമായ ഡോ. മൊസാഫറിയൻ പറയുന്നത് പാൽ ഉത്പന്നങ്ങള സംബന്ധിച്ച നിലവിലെ മാർഗ്ഗനിർദ്ദേശം 1980കളിൽ രൂപപ്പെട്ടതാണെന്നാണ് . അതിനുശേഷം, നടന്ന മിക്ക പഠനങ്ങളിലും കൊഴുപ്പ് കുറഞ്ഞ പാലിന് പ്രത്യേക പ്രയോജനങ്ങൾ ഉള്ളതായി കണ്ടെത്തിയിട്ടില്ല എന്നതാണ് യാഥാർത്ഥ്യം. ഇവിടെ കൊഴുപ്പിന്റെ അളവിനേക്കാൾ പ്രധാനം, തിരഞ്ഞെടുക്കുന്ന പാലുൽപ്പന്നം ഏതാണ് എന്നതാണ്. കൊഴുപ്പ് കുറഞ്ഞതോ പൂർണ്ണ കൊഴുപ്പുള്ളതോ ആയ തൈര്, ചീസ് അല്ലെങ്കിൽ പാൽ എന്നിവയാണോ എന്നു പരിഗണിക്കാതെയാണ് പഠനം നടത്തിയത്. അതിൽ നിന്നും, കൊഴുപ്പ് നിറഞ്ഞ പാലുൽപ്പന്നങ്ങളിൽ കലോറി കൂടുതലാണെങ്കിലും, അവ കഴിക്കുന്നവർക്ക് ശരീരഭാരം കൂടാൻ സാധ്യതയില്ലെന്ന് കണ്ടെത്തി.

**ചീസ് അല്ലെങ്കിൽ പാൽ എന്നിവയാണോ എന്നു പരിഗണിക്കാതെയാണ് പഠനം നടത്തിയത്. അതിൽ നിന്നും, കൊഴുപ്പ് നിറഞ്ഞ പാലുൽപ്പന്നങ്ങളിൽ കലോറി കൂടുതലാണെങ്കിലും, അവ കഴിക്കുന്നവർക്ക് ശരീരഭാരം കൂടാൻ സാധ്യതയില്ലെന്ന് കണ്ടെത്തി.**

ഉദാഹരണത്തിന്, 2018-ൽ പ്രസിദ്ധീകരിച്ച ഒരു പഠനത്തിൽ, ഗവേഷകർ 21 രാജ്യങ്ങളിൽ നിന്നുള്ള 136,000 മുതിർന്നവരെ ഒമ്പത് വർഷത്തേക്ക് നിരീക്ഷിച്ചു. പഠനകാലയളവിൽ, പ്രതിദിനം രണ്ടോ അതിലധികമോ പാൽ ഉത്പന്നങ്ങൾ കഴിക്കുന്നവർക്ക് ഹൃദയസംബന്ധമായ അസുഖങ്ങൾ വരാനുള്ള സാധ്യത 22 ശതമാനം കുറവാണെന്നും പാൽ ഉത്പന്നങ്ങൾ റി കഴിക്കാത്തവരെ അപേക്ഷിച്ച് മരിക്കാനുള്ള സാധ്യത 17 ശതമാനം കുറവാണെന്നും അവർ കണ്ടെത്തി.

പാൽ ഉത്പന്നങ്ങളിൽ നിന്ന് ഉയർന്ന അളവിൽ പൂരിത കൊഴുപ്പ് (സാച്ചുറേറ്റഡ് ഫാറ്റ്) കഴിക്കുന്നതു കൊണ്ട് മാത്രം ഹൃദ്രോഗം വരാനുള്ള സാധ്യതയില്ല എന്നതും ഇവിടെ ശ്രദ്ധേയമാണ്. ഇതു വളരെ ശ്രദ്ധേയമായ കണ്ടെത്തലാണ്. മറ്റൊരു പഠനത്തിൽ രക്തത്തിൽ പാലുൽപ്പന്നങ്ങളുടെ അളവ് കൂടുതലുള്ളവർക്ക് ടൈപ്പ് 2 പ്രമേഹം വരാനുള്ള സാധ്യത 29 ശതമാനം കുറവാണെന്ന് കണ്ടെത്തി.

ഹ്രസ്വകാല പരീക്ഷണങ്ങൾ കാണിക്കുന്നത്, ഫുൾ ഫാറ്റ് ഡയറി ഉൾപ്പെടെയുള്ള പാലുൽപ്പന്നങ്ങൾ കഴിക്കുന്നത് പങ്കെടുക്കുന്നവരുടെ രക്തസമ്മർദ്ദം കുറയ്ക്കുമ്പോൾത്തന്നെ, ശരീരഭാരം വർദ്ധിപ്പിക്കുകയോ എൽഡിഎൽ കൊളസ്ട്രോളിന്റെ അളവ് വർദ്ധിപ്പിക്കുകയോ ചെയ്തില്ല. അതായത് പാലിലെ കൊഴുപ്പ് ദോഷകരമല്ലെന്ന് വീണ്ടും പഠനങ്ങൾ സൂചിപ്പിക്കുന്നു. മാത്രവുമല്ല പല കാരണങ്ങൾ കൊണ്ടും പാൽ കഴിക്കുന്നത് ശരീരത്തിനു നല്ലതാണ് എന്നും കാണാം.

തൈരും ചീസും കുടലിൽ നല്ല ബാക്ടീരിയകളുടെ വളർച്ചയ്ക്ക് സഹായകരമാണ്. ഹൃദയാരോഗ്യവുമായി ബന്ധപ്പെട്ട വിറ്റാമിൻ കെ ഉൾപ്പെടെ ദഹനപ്രക്രിയയിൽ ഉണ്ടാക്കുന്ന മറ്റ് ഗുണകരമായ തന്മാത്രകളും അവയിൽ അടങ്ങിയിട്ടുണ്ട്. ഫുൾ ഫാറ്റ് ചീസുകൾ രക്തത്തിലേക്ക് കൊഴുപ്പ് ക്രമേണ ആഗിരണം ചെയ്യപ്പെടുന്നതിനാൽ കൂടുതൽ നേരം വിശപ്പ് അനുഭവപ്പെടാതിരിക്കാനും സഹായിക്കും.

പുതിയ ഡയറി ഫാറ്റ് ഡാറ്റയെ അടിസ്ഥാനമാക്കി, ഒന്നോ രണ്ടോ തവണ ഫുൾ ഫാറ്റ് പാൽ, തൈര് അല്ലെങ്കിൽ ചീസ് എന്നിവ ഉപയോഗിക്കുന്നതിൽ ദോഷമില്ല. പ്രതിദിനം കുറഞ്ഞത് ഒന്നോ രണ്ടോ തവണ ഭക്ഷണത്തിൽ തൈരും ചീസും ഉൾപ്പെടുത്താൻ ഗവേഷകർ പറയുന്നു. അതായത് വ്യക്തികൾക്ക് അവരവർക്ക് ഇഷ്ടമുള്ള അളവു കൊഴുപ്പ് അടങ്ങിയ പാൽ ഉത്പന്നങ്ങൾ തിരഞ്ഞെടുക്കാം എന്നർത്ഥം. പാലിലെ സ്വാഭാവിക കൊഴുപ്പുകൾ നീക്കം ചെയ്യുമ്പോൾ, വിറ്റാമിനുകൾ എ, ഡി തുടങ്ങിയ ചില വിറ്റാമിനുകളും നഷ്ടപ്പെടും.



# Get local help with your Medicare questions.

I'm Philipose Samuel, a licensed sales agent in Queens, NY. When it comes to Medicare, it's important to consider all of your options. What works well for your neighbor may not be the best fit for you. I know the ins and outs of Medicare, and I'm ready to answer your questions and help you find a plan that fits your needs. **Take advantage of my knowledge and experience to:**

- **Take the confusion out of Medicare**
- **Get help comparing plans**
- **Receive one-on-one service**
- **Make enrolling in a plan easier**

I look forward to helping you explore your Medicare options so you can enroll in a plan with confidence.

## It's time to take advantage.



**Philipose Samuel**
Licensed Sales Agent
**516-312-2902,** TTY **711**
psamuel@financialguide.com
UHCMedicareSolutions.com

United Healthcare

Plans are insured through UnitedHealthcare Insurance Company or one of its affiliated companies, a Medicare Advantage organization with a Medicare contract. Enrollment in the plan depends on the plan's contract renewal with Medicare. ©2020 United HealthCare Services, Inc. All rights reserved.
Y0066_21SPRJ55189_C SPRJ55189

എന്നാൽ പാലിൽ നിന്നുള്ള വെണ്ണയും ക്രീമും രക്തത്തിലെ കൊളസ്ട്രോളിന്റെ അളവ് വർദ്ധിപ്പിക്കുന്നതിനാൽ, ഉയർന്ന കൊളസ്ട്രോൾ ഉണ്ടെങ്കിൽ അവ പരിമിതപ്പെടുത്താൻ ഗവേഷകർ ശുപാർശ ചെയ്യുന്നു. രക്തത്തിൽ കൊളസ്ട്രോൾ നില ഉയർന്നതാണെങ്കിൽ, ഡയറി തിരഞ്ഞെടുപ്പുകൾ ഡോക്ടറുമായി ചർച്ച ചെയ്തു തീരുമാനിക്കുന്നതാവും നല്ലത്.



നഗ്നരായി ഉറങ്ങുന്നതു കൊണ്ട് പ്രത്യേക ഗുണം എന്തെങ്കിലുമുണ്ടോ? അതും ശൈത്യകാലത്ത്

ഈ ചോദ്യം പലരുടേയും പുരികം ചുളിയാൻ ഇടയാക്കുന്നതാണ്.. ഈ ശൈത്യകാലത്ത് ആരാണ് നഗ്നരായി ഉറങ്ങാൻ ആഗ്രഹിക്കുക എന്നാവും ഉള്ളിൽ ഉയരുന്ന ചോദ്യം.എന്നാൽ വിദഗ്ദ്ധർ പറയുന്നതു മറ്റൊന്നാണ്. കാലാവസ്ഥ എത്ര തണുത്തതുമാകട്ടെ, ഉറക്കം കടന്നു വരാൻ ഏറ്റവും നല്ലത് വിവസ്ത്രമായി ഉറങ്ങുന്നതാണത്രേ! വസ്ത്രങ്ങൾ ഇല്ലാതിരിക്കുമ്പോൾ ശരീരം വേഗം തണുക്കുകയും ഉറക്കത്തെ അതിവേഗം കടന്നു വരാൻ അനുവദിക്കുകയും ചെയ്യുമെന്നാണ് ഉറക്ക വിദഗ്ധനായ സാമി മാർഗോയുടെ അഭിപ്രായം."ഉറക്കത്തിന്റെ സമയക്രമത്തിൽ ശരീര താപനില നിർണായക പങ്ക് വഹിക്കുന്നു," യുകെ ആസ്ഥാനമായുള്ള ബെഡ്ഡിംഗ് സൈറ്റായ ഡ്രീംസിന്റെ ഫിസിയോതെറാപ്പിസ്റ്റായ മാർഗോ പറയുന്നു. "ഇത് മനുഷ്യരുടെ സർക്കാഡിയൻ റിഥവുമായി ബന്ധപ്പെട്ടിരിക്കുന്നു. ഉറക്ക-ഉണർവ് ചക്രത്തെ നിയന്ത്രിക്കുന്ന ആന്തരിക ബോഡി ക്ലോക്ക് ആണ് സർക്കാഡിയൻ റിഥം. ഗാഢനിദ്രയിലേക്ക് വീഴുന്നത്  ശരീരത്തെ തണുപ്പിക്കുന്നതുമായി ബന്ധപ്പെട്ടിരിക്കുന്നു, അതിനാൽ നഗ്നരായി ഉറങ്ങുന്നതിലൂടെ  ശരീരത്തെ തണുപ്പിക്കാൻ അനുവദിക്കുമ്പോൾ ഉറങ്ങാനുള്ള സമയമായെന്ന് ശരീരം സ്വയം നിശ്ചയിക്കും.

**ആർത്തവവിരാമം സംഭവിച്ച 49 സ്ത്രീകളിൽ നടത്തിയ പഠനത്തിൽ, ആറുമാസത്തിനുശേഷം, പഠനത്തിലെ ചുളിവുകളുടെ തീവ്രത 16% കുറയുകയും ഹൈപ്പർപിഗ്മെന്റേഷൻ 20% കുറയുകയും ചെയ്തു. പഠനത്തിനൊടുവിൽ, ബദാം കഴിച്ച സ്ത്രീകളുടെ കവിളിലും നെറ്റിയിലും ചർമ്മത്തിലെ ജലാംശം വർദ്ധിച്ചു.**

അപ്പോൾ ശൈത്യകാലത്തോ എന്നു ചോദിച്ചാൽ, കട്ടി കമ്പിളിയുടെ ഉള്ളിൽ വിവസ്ത്രമായിക്കിടന്നാൽ ഒറ്റയ്ക്കാണെങ്കിലും ഉറക്കത്തിലേക്ക് അതിവേഗം വഴുതും. എന്നാൽ പങ്കാളിക്കൊപ്പമാണെങ്കിൽ കാര്യങ്ങൾ കൂടുതൽ മനോഹരമാകും. ഇത് "ശാരീരികവും വൈകാരികവുമായ പരസ്പരമുള്ള അടുപ്പം വർദ്ധിപ്പിക്കുന്നതിന്" ഇടയാക്കും. കാരണം, ചർമ്മത്തിൽ നിന്ന് ചർമ്മത്തിലേക്കുള്ള സമ്പർക്കം സ്നേഹവുമായി ബന്ധപ്പെട്ട ഹോർമോണായ ഓക്സിടോസിൻ ഉത്പാദനം വർദ്ധിപ്പിക്കുന്നു. ഒപ്പം പരസ്പര ബന്ധത്തിന്റെ ആഴവും. അനുയോജ്യമായ ശരീര ഊഷ്മാവ് ഉള്ളപ്പോൾ അവരുടെ സർക്കാഡിയൻ റിഥം നിയന്ത്രിക്കാൻ ആളുകളെ സഹായിക്കുന്നതിനു പുറമേ, നഗ്നരായി ഉറങ്ങുന്നത് ഉറക്കം മെച്ചപ്പെടുത്താനും അതുവഴി ആളുകൾക്ക് ആരോഗ്യമുള്ള ചർമ്മം നൽകാനും കഴിയുമെന്ന് ഹെൽത്ത്ലൈൻ പറയുന്നു.

നഗ്നരായി ഉറങ്ങുന്നത് സമ്മർദ്ദവും ഉത്കണ്ഠയും കുറയ്ക്കുന്നു, ശരീരഭാരം തടയുന്നു, ഹൃദ്രോഗ സാധ്യത കുറയ്ക്കുന്നു, ടൈപ്പ് 2 പ്രമേഹം കുറയ്ക്കുന്നു, യോനിയുടെ ആരോഗ്യം മെച്ചപ്പെടുത്തുന്നു, പുരുഷ പ്രത്യുൽപാദനശേഷി വർദ്ധിപ്പിക്കുന്നു, ആത്മാഭിമാനം വർദ്ധിപ്പിക്കുന്നു, കൂടാതെ പ്രണയബന്ധങ്ങൾ മെച്ചപ്പെടുത്തുകയും ചെയ്യുന്നു..



ചർമ്മത്തിലെ ചുളിവുകൾ ഇനി പ്രശ്നമല്ല; ദിവസവും ബദാം പരിപ്പ് ഭക്ഷണത്തിൽ ഉൾപ്പെടുത്തിയാൽ മതി പരിഹാരത്തിന്

ഹാർവാർഡിൽ നിന്നും പരിശീലനം നേടിയ  ഡെർമറ്റോളജിസ്റ്റ് ആയ ഡോ. നീര  ചുളിവുകളില്ലാത്ത ചർമ്മത്തിന് ഒരു മികച്ച പരിഹാരം മുന്നോട്ടുവയ്ക്കുന്നു.  ദിവസവും ബദാം കഴിക്കുന്നത് ചർമ്മത്തിലെ ചുളിവുകളില്ലാതെ സംരക്ഷിക്കുമെന്നവർ  അഭിപ്രായപ്പെടുന്നു. ചുളിവു വീണ ചർമ്മമുള്ളവരും, ചുളിവു വരാതെ ചർമം സംരക്ഷിക്കാനും ദിവസവും മൂന്ന് പിടി ബദാം കഴിക്കുന്നത് പരിഹാരമാണ്. സ്കിൻ ക്യാൻസർ സർജൻ ആണ് ഡോ. നീര.

ഹാർവാർഡ് മെഡിക്കൽ സ്കൂളിൽ റെസിഡൻസിയും സ്കിൻ ക്യാൻസർ ഫെലോഷിപ്പ് പരിശീലനവും പൂർത്തിയാക്കിയ ഡോ. നീരയുടെ അഭിപ്രായത്തിൽ ബദാം കഴിക്കുന്നത്, ചുളിവുകൾ മെച്ചപ്പെടുത്തും, പക്ഷേ കൂടുതൽ ഗവേഷണം ഈ രംഗത്ത് ആവശ്യമാണ്. മികച്ച ഫലങ്ങൾക്കായി, ദിവസവും സൺസ്ക്രീൻ ധരിക്കുക, വിറ്റാമിൻ സി പോലുള്ള ആന്റിഓക്സിഡന്റ് സെറം ഉപയോഗിക്കുക,  ദിനചര്യയിൽ റെറ്റിനോയിഡുകൾ ഉൾപ്പെടുത്തുക എന്നതും പ്രധാനമാണ്.

24 ആഴ്ച നീണ്ടുനിന്ന ഒരു ക്ലിനിക്കൽ പഠനം കാണിക്കുന്നത്, പ്രതിദിനം 400 കലോറി ബദാം കഴിക്കുന്ന സ്ത്രീകൾക്ക് (ഏകദേശം മൂന്ന് പിടി) മുഖത്തെ ചുളിവുകൾ/ നേർത്ത വരകൾ, ഹൈപ്പർപിഗ്മെന്റേഷൻ എന്നിവയിൽ ഗണ്യമായ കുറവുണ്ടായതായി ഡേവിസിലെ കാലിഫോർണിയ സർവകലാശാല നടത്തിയ പഠനത്തിൽ പറഞ്ഞു. അത് 2021 ൽ ഒരുജക ജേർണലുകളിൽ പ്രസിദ്ധീകരിച്ചു.

ആർത്തവവിരാമം സംഭവിച്ച 49 സ്ത്രീകളിൽ നടത്തിയ പഠനത്തിൽ, ആറുമാസത്തിനുശേഷം, പഠനത്തിലെ ചുളിവുകളുടെ തീവ്രത 16% കുറയുകയും ഹൈപ്പർപിഗ്മെന്റേഷൻ 20% കുറയുകയും ചെയ്തു. പഠനത്തിനൊടുവിൽ, ബദാം കഴിച്ച സ്ത്രീകളുടെ കവിളിലും നെറ്റിയിലും ചർമ്മത്തിലെ ജലാംശം വർദ്ധിച്ചു.

പൊതുവേ ഡ്രൈ ഫ്രൂട്സ് ആര്യോഗത്തിനു നല്ലതാണ് എന്നു പറയുമ്പോഴും, ദിവസം മൂന്നു പിടി ബദാം കഴിക്കുന്നതു വഴി സുന്ദരമായ ചർമം ലഭിക്കുമെങ്കിൽ അതു വളരെനല്ല പരിഹാരം തന്നെയാണ്.

# യുദ്ധം വ്യാപിച്ചാൽ... ഈ കണ്ണീരിനു അന്ത്യമില്ലേ?



**പി പി മാത്യു**

മധ്യപൂർവ ദേശത്തു യുദ്ധം വ്യാപിക്കുമെന്ന ഇസ്രയേലിന്റെ താക്കീതു നിസാരമായി കാണാവുന്നതല്ല. യുദ്ധം എത്ര വ്യാപിച്ചാലും ഹമാസിനെ ഇല്ലാതാക്കി എന്ന് ഇസ്രയേലി ജനതയെ ബോധ്യപ്പെടുത്തുന്നതു വരെ തുടരുക മാത്രമാണ് പ്രധാനമന്ത്രി ബെഞ്ചമിൻ നെതന്യാഹുവിനു ചെയ്യാനുള്ളത്. ആടി നിൽക്കുന്ന കസേരയിൽ നിന്നു അതിനിടെ നെതന്യാഹു തെറിച്ചാൽ പോലും യുദ്ധം തീരില്ല.

എന്നാൽ ഹമാസിനെ തീർത്തു കളയുക എന്ന ആശയത്തിനു പ്രായോഗികമായി എത്രയേറെ ബുദ്ധിമുട്ടുണ്ടെന്നു ഗാസയിൽ പൊരിഞ്ഞ പോരാട്ടത്തിൽ ഇസ്രയേൽ മനസിലാക്കി എന്നാണ് കരുതേണ്ടത്. ഒരൊറ്റ സൈനികന്റെ പോലും ജീവൻ നഷ്ടമാവില്ല എന്നു വരെ കരുതപ്പെട്ടിരുന്ന യുദ്ധം ഇപ്പോൾ 168 സൈനികരുടെയെങ്കിലും മരണം കണ്ടു കഴിഞ്ഞു. പ്രതീക്ഷിച്ച പോലെ എളുപ്പമായില്ല ഈ യുദ്ധം എന്നാണ് അതിന്റെ ഒരു വ്യാഖ്യാനം. അതെന്തായാലും ഇസ്രയേലിനു വേണ്ടെന്നു വയ്ക്കാവുന്ന യുദ്ധമല്ല ഇത്.

ഹമാസിന്റെ അവശിഷ്ടങ്ങൾ പോലും ഗാസയിൽ ഉണ്ടാവാൻ പാടില്ല എന്നതാണ് അവരുടെ ആവശ്യം. ആദ്യം വടക്കു നിന്നു തെക്കോട്ടു പോകാൻ ഗാസയിലെ സിവിലിയൻ ജനതയോട് ആവശ്യപ്പെട്ടപ്പോൾ തെക്കും മധ്യഗാസയും സുരക്ഷിതമാണെന്ന് ഉറപ്പു നൽകിയിരുന്നു. ഇപ്പോൾ പക്ഷെ അവിടെ രണ്ടിടത്തും കനത്ത ആക്രമണമാണ്. മാത്രമല്ല, തെക്കോട്ടു കൂടുതൽ രൂക്ഷമാക്കുന്നു എന്ന അറിയിപ്പുമുണ്ട്. അപ്പോൾ വടക്കു അടിച്ചു തകർത്ത കെട്ടിടങ്ങളിലോ ഭൂമിക്കടിയിലെ തുരങ്കങ്ങളിലോ ഒന്നും കണ്ടെത്താത്ത ഹമാസ് സാന്നിധ്യമാണ് ഇപ്പോൾ മധ്യ ഗാസയിലും തെക്കും തേടുന്നത്. ആയുധബലം കൊണ്ടു ബന്ദികളെ കണ്ടെത്തുമെന്നു പറഞ്ഞ നെതന്യാഹുവിനു അതും എളുപ്പമല്ല എന്നു വ്യക്തമായതോടെയാണ് ചർച്ചകൾക്കു തയാറായത്.

ഹമാസ് അത്ര കരുത്തന്മാരോ എന്ന ചോദ്യം സ്വാഭാവികം. അതിനു ഇസ്രായേലിനു പോലും നൽകാൻ കഴിയുന്ന മറുപടി ഇത്രമാത്രം: അവരുടെ മണ്ണിൽ അവർ നിർമിച്ച രഹസ്യ സങ്കേതങ്ങൾ കണ്ടെത്തുക എളുപ്പമല്ല.



ഇരുപത്തിനായിരത്തിലേറെ പലസ്തീൻകാർ മരിച്ചത് ഗാസയ്ക്കു വേണ്ടി യുദ്ധം ചെയ്തല്ല. ആകാശത്തും ഭൂമിയിലും കടലിലും നിന്നു വരുന്ന അഗ്നിഗോളങ്ങളിൽ എരിഞ്ഞടങ്ങിയാണ്. ഒക്ടോബർ 7നു ഇസ്രയേലിൽ കടന്നു ഭീകരാക്രമണം നടത്തിയ ഹമാസിന്റെ വേരറുക്കാൻ ഇത്രയധികം സ്ത്രീകളെയും കുട്ടികളെയും പുരുഷന്മാരെയും കൊന്നൊടുക്കേണ്ടി വരുമായിരുന്നു എന്ന് ഇസ്രയേൽ പ്രതീക്ഷിച്ചില്ല എന്നു തോന്നുന്നു. ഇതിന്റെ ഇരട്ടിയോളം മരണങ്ങൾ ഇനിയും ഉണ്ടാവും എന്നറിയാവുന്നതു കൊണ്ടാണ് ലോകം ഇസ്രയേലിനോട് വെടി നിർത്താൻ ആവശ്യപ്പെടുന്നത്. ഗാസയിലെ മാനുഷിക ആവശ്യങ്ങൾ നിറവേറ്റാനെങ്കിലും യുദ്ധവിരാമം ആവശ്യമാണെന്നു യുഎന്നും പാശ്ചാത്യ സഖ്യവുമൊക്കെ പറയുന്നുണ്ട്.

എന്നാൽ യുദ്ധം വ്യാപിപ്പിക്കുമെന്നും ഇസ്രയേൽ എന്ന പരമാധികാര രാഷ്ട്രത്തോടു സമമർദം വേണ്ട എന്നുമാണ് നെതന്യാഹു വ്യക്തമാക്കിയിട്ടുള്ളത്. ബന്ദികളെ വിട്ടുകിട്ടാനുള്ള ചർച്ചകൾക്കു ഇസ്രയേൽ തയാറാവുമ്പോൾ സമ്പൂർണ വെടിനിർത്തൽ കൂടാതെ മറ്റൊരു വ്യവസ്ഥയും സ്വീകാര്യമല്ല എന്ന് ഹമാസും നിഷ്കർഷിക്കുന്നു.

യുദ്ധം വ്യാപിക്കും എന്നു പറയുമ്പോൾ, ഹമാസ് എന്ന തീവ്രവാദി സംഘടനയെ പിന്തുണച്ചു ഇടയ്ക്കിടെ ഇസ്രയേലിനെ പ്രകോപിപ്പിക്കുന്ന സംഘടനകളെ കൂടി നേരിടാൻ തങ്ങൾക്കു കഴിയും എന്നാണ് നെതന്യാഹു ഉദ്ദേശിച്ചത്. സുന്നി ഇസ്ലാം സംഘടനയായ ഹമാസിനു പാലും പഴവും കൊടുത്തു വളർത്തിയത് കടുത്ത സുന്നി-ഷിയാ സംഘർഷമുള്ള ഇസ്ലാമിക ലോകത്തെ പ്രബല ഷിയാ രാഷ്ട്രമായ ഇറാനും ഗൾഫിലെ കരുത്തരായ സുന്നി രാജ്യം ഖത്തറും ഉൾപ്പെടെയുള്ളവർ ചേർന്നാണ്. ഇസ്രയേലിനു തൊട്ടു രണ്ടായി കിടക്കുന്ന പലസ്തീൻ ഭൂമികളിൽ പാശ്ചാത്യ സഖ്യം തഴുകിയിരുന്ന വെസ്റ്റ് ബാങ്കിന്റെ ഭരണം നയിച്ച പലസ്തീൻ ലിബറേഷൻ ഓർഗനൈസേഷൻ സ്വന്തം ജനതയുടെ ആവശ്യങ്ങൾ മറന്നു എന്ന നില വന്നപ്പോഴാണ് അപ്പുറത്തു ഗാസയിൽ ജനം അവരെ നീക്കം ചെയ്തു മൂന്നിൽ രണ്ടു ഭൂരിപക്ഷത്തോടെ ഹമാസിനെ ഭരണം ഏല്പിച്ചത്.

2006ൽ ആ തിരഞ്ഞെടുപ്പിൽ അറബ് ലോകവും ഇസ്രയേലും ഞെട്ടിയപ്പോൾ ഇസ്രയേൽ ഗാസയെന്ന ചെറുമുനമ്പിനു

ചുറ്റും ഉപരോധം ഏർപ്പെടുത്തി. ഇസ്രയേലിന്റെ കാരുണ്യത്തിൽ ജീവിക്കേണ്ടി വന്ന ആ അവസ്ഥയിൽ അവശ്യ സാധനങ്ങൾ കടത്താൻ നിർമിച്ചതാണ് തുരങ്കങ്ങൾ. അതു പിന്നെ ആയുധങ്ങൾ കടത്താനുള്ള വഴിയായപ്പോൾ ഹമാസിനു വലിയ സൗകര്യമായി. 17 വർഷം പിന്നിട്ട ഉപരോധം ഗാസയിലും അധിനിവേശം വെസ്റ്റ് ബാങ്കിലും ഇസ്രയേൽ തുടരുമ്പോൾ അതിനെ നേരിടാനുള്ള ഭീകരതയ്ക്കു ഹമാസിനു പരിശീലനം നൽകുകയായിരുന്നു ഇറാനും സിറിയയും ലെബനനിലെ ഷിയാ പോരാളികളായ ഹിസ്‌ബൊള്ളയും മറ്റും.

യുദ്ധം വ്യാപിപ്പിക്കുക എന്നു പറഞ്ഞാൽ അവരെ കൂടി നേരിടുക എന്നാണ് അർഥം. അതായത് പ്രധാനമായും ഇസ്രയേലിന്റെ വടക്കൻ അതിർത്തിക്കപ്പുറത്ത് ലെബനനിൽ ഭരണപങ്കാളിത്തമുള്ള ഹിസ്‌ബൊള്ള, ചെങ്കടൽ തീരത്തു യെമെനിൽ പിടിമുറുക്കി നിന്നു കപ്പൽ ഗതാഗതം തടയുമെന്നു ഭീഷണി മുഴക്കുന്ന ഹൂത്തി ഷിയാ പോരാളികൾ, ഗോലാൻ കുന്നുകൾക്കപ്പുറം ഇസ്രയേലിനോടു പകവീട്ടാൻ കാത്തിരിക്കുന്ന സിറിയയുടെ പോരാളികൾ. ഇവരെല്ലാം കൂടി ഒന്നിച്ചു വന്നാലും നേരിടുമെന്നാണ് ഇസ്രയേലിന്റെ ഉറപ്പ്.

ചെങ്കടൽ കാക്കാനുള്ള ചുമതല പാശ്ചാത്യ സഖ്യം ഏൽക്കുമെന്നു കേട്ടിരുന്നു. പക്ഷെ ഇപ്പോൾ റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത് വലിയൊരു പുലിവാലാകാവുന്ന ഏർപ്പാടിനു യൂറോപ്യൻ രാജ്യങ്ങൾ മടിച്ചു നിൽക്കെ അമേരിക്കൻ സൈനിക നേതൃത്വത്തിൽ പോലും ഭിന്നതയുണ്ടെന്നാണ്. യെമെനിൽ കടുകട്ടിയായ ഈ പോരാളി സംഘത്തെ ഇറാൻ 33% മാത്രമുള്ള ഷിയകളിൽ നിന്നാണ് വാർത്തെടുത്തത്. സൗദിക്കു തൊട്ടു കിടക്കുന്ന യെമെൻറെ തലസ്ഥാനമായ സന അവർ പിടിച്ചെടുത്തത് കടുത്ത പോരാട്ടത്തിലാണ്. അവരെ നേരിടാൻ സ്പെയിനും ഇറ്റലിയും തയാറായിട്ടില്ല. ചെങ്കടലിൽ സുരക്ഷ ഉറപ്പാക്കാനുള്ള 20 അംഗ സഖ്യമാണ് അങ്ങിനെ സംശയിച്ചു നിൽക്കുന്നത്.

ഹിസ്‌ബൊള്ള ഇസ്രയേലുമായി ഒന്നിലേറെ തവണ ഏറ്റുമുട്ടിയിട്ടുണ്ട്. ഇസ്രയേലിന്റെ ഉന്മൂലനമാണ് സ്ഥാപകൻ ഹസാൻ നസ്രള്ളയുടെ പ്രഖ്യാപിത ലക്ഷ്യം. നസ്രള്ളയെ തീർത്തു കളയും എന്നാണ് ഇസ്രയേൽ പറയുന്നത്. അതിർത്തിയിൽ ഏറ്റുമുട്ടൽ പതിവായിട്ടുണ്ട്. ഇസ്രയേൽ അവിടന്ന് ജനങ്ങളെ ഒഴിപ്പിച്ചിട്ടുമുണ്ട്.

എല്ലാ ശത്രുക്കളെയും നേരിടാനുള്ള നിശ്ചയ ദാർഢ്യം ഇസ്രയേൽ പ്രകടിപ്പിച്ചിട്ടുണ്ട്. ഗാസയിലെ തന്ത്രം എല്ലായിടത്തും വിലപ്പോവില്ല. കൂടുതൽ വ്യാപകമായ യുദ്ധമേഖലയായി മധ്യപൂർവദേശം മാറിയാൽ ലോകത്തിനു ദുരിതങ്ങൾ വീണ്ടും വർധിക്കും. എണ്ണ ഉൾപ്പടെ ചരക്കു നീക്കം തടസപ്പെടുന്ന അവസ്ഥ ലോകത്തിനു താങ്ങാൻ ബുദ്ധിമുട്ടാവും.

ഗാസയിൽ ഇസ്രയേൽ നടത്തുന്ന ആക്രമണങ്ങളിൽ പരുക്കേറ്റ ആയിരത്തിലധികം കുട്ടികളുടെ അവയവങ്ങൾ അനസ്തേഷ്യ നൽകാതെ മുറിച്ചു മാറ്റേണ്ടി വന്നുവെന്നു യുഎൻ സ്പെഷ്യൽ റാപ്പോർട്ടർ ഫ്രാൻസെസ്‌ക്ക അൽബാനിസ് പറഞ്ഞു. മരുന്നുകൾ എത്തിക്കാൻ ഇസ്രയേൽ വിലക്കേർപ്പെടുത്തിയിരിക്കയാണ്. “നൂറ്റാണ്ടിലെ ഏറ്റവും രാക്ഷസീയമായ പ്രവൃത്തി,“ അവർ പറഞ്ഞു. “സുരക്ഷിതമെന്ന് ഇസ്രയേൽ തന്നെ പറഞ്ഞ ഇടങ്ങളിലാണ് അവർ ബോംബിങ് നടത്തുന്നത്. കുടുംബങ്ങളെ അവർ അപ്പാടെ തുടച്ചു നീക്കുകയാണ്. എണ്ണമറ്റ കുട്ടികൾ അനാഥരാകും. നിരവധി സ്ത്രീകൾ വിധവമാരും പുരുഷന്മാർ ഭാര്യ മരിച്ചവരും ആകും.“

ഗാസയിൽ കേൾക്കുന്ന ഓരോ കഥയും തീവ്രവേദന ഉണ്ടാക്കുന്നുവെന്നു അവർ പറഞ്ഞു. ഗാസയിൽ മരിച്ച കുട്ടികളുടെ എണ്ണം അമ്പരപ്പിക്കുന്നുവെന്നു യൂണിസെഫ് റീജനൽ ഡയറക്ടർ അഡൽ ഖോദർ പറഞ്ഞു. അധിനിവേശ വെസ്റ്റ് ബാങ്കിൽ 2023 ഏറ്റവുമധികം കുട്ടികളെ കൊലപ്പെടുത്തിയ വർഷമാണ്. ഈസ്റ്റ് ജെറുസലേം ഉൾപ്പടെയാണിത്.

കഴിഞ്ഞ 12 ആഴ്ചയിൽ 83 കുട്ടികളെങ്കിലും കൊല്ലപ്പെട്ടു. 2022ന്റെ ഇരട്ടിയിലേറെ. ജീവിച്ചിരിക്കുന്ന കുട്ടികളിൽ പലരും കൈയോ കാലോ നഷ്ടപ്പെട്ട് ദുരിതം അനുഭവിക്കുന്നു.

വെസ്റ്റ് ബാങ്കിൽ ഇസ്രയേൽ കടുത്ത നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. പലസ്തീൻ കുട്ടികൾ ഭീകരമായ അക്രമത്തിനു ഇരയാവുന്നു.




# Brookhaven Heart

*YOU are at the heart of everything we do*

**1-631-654-3278**

## Board-Certified Cardiologists in East Patchogue New Hyde Park & Hicksville

- Same Day Appointments
- Evening Hours
- Short Wait Times
- Affordable Self Pay Fees



Satheesh Joseph MD



Adam Kruger MD



Bimal Patel MD



Deepu Alexander MD



Saurin Patel MD



Wasiq Rahman MD

### Cardiac PET-CT Services



- Quality Care
- Exceptional Staff
- Informed Patients
- State-of-the-Art Treatment

Brookhaven Heart Vein Clinic

| PATCHOGUE OFFICE | NEW HYDE PARK OFFICE | HICKSVILLE OFFICE |
| --- | --- | --- |
| Brookhaven Heart<br>325 East Main Street<br>Patchogue, NY 11772<br>Phone: (631) 654-3278 | Brookhaven Heart PLLC<br>1710 Lakeville Rd<br>New Hyde Park, NY 11040<br>Phone:(516) 358-8100 | Brookhaven Heart PLLC<br>380 South Broadway<br>Hicksville, NY 11801<br>Phone: 516-390-6288 |

emalayalee.com The Weekly

# രാമക്ഷേത്ര പ്രതിഷ്ഠ ചടങ്ങ് ഇൻഡ്യ മുന്നണിക്ക് ഒരു വെല്ലുവിളി?






പി.വി.തോമസ്

**ദൽഹികത്ത്**

ജനുവരി 22-ന് രാമക്ഷേത്രം അയോദ്ധ്യയിൽ പ്രതിഷ്ഠയ്ക്ക് ഒരുങ്ങുകയാണ്. പ്രധാനമന്ത്രി നരേന്ദ്രമോദിയാണ് ചടങ്ങുകളുടെ അധ്യക്ഷൻ. 'ഇൻഡ്യ' മുന്നണിയിലെ നേതാക്കന്മാർക്കും ചടങ്ങിലേക്ക് ക്ഷണം ഉണ്ട്. സഖ്യത്തിൽ ഭിന്നത രൂക്ഷമാണ്. കോൺഗ്രസിൽ നിന്നും സോണിയ ഗാന്ധിക്കും മൻമോഹൻസിംങ്ങിനും മല്ലികാർജ്ജുൻ ഖാർഗെക്കും ക്ഷണം ഉണ്ട് എങ്കിലും ചടങ്ങിൽ പങ്കെടുക്കണമോ എന്ന് ഒരു തീരുമാനം ഇതെഴുതുന്ന സമയം വരെ ഉണ്ടായിട്ടില്ല. ഹിന്ദിഹൃദയഭൂമിയിലെ പ്രദേശ് കോൺഗ്രസ് കമ്മിറ്റികൾ ചടങ്ങിൽ പങ്കെടുക്കുന്നതിനോട് അനുകൂലനയം സ്വീകരിക്കുമ്പോൾ ദക്ഷിണേന്ത്യയിൽ ഭിന്നാഭിപ്രായം ആണ്. സഖ്യത്തിലെ കക്ഷികളായ സി.പി.മ്മും ജനതദളും ആർ.ജെ.ഡി.യും ചടങ്ങിൽ പങ്കെടുക്കേണ്ടെന്ന തീരുമാനത്തിലാണ്. ശിവസേനയും സമാജ് വാദി പാർട്ടിയും പ്രതിഷ്ഠാ ചടങ്ങിൽ പങ്കെടുക്കുമെന്ന തീരുമാനത്തിലാണ്. ചടങ്ങിൽ പങ്കെടുക്കാത്തവർ ഹിന്ദു ഭൂരിപക്ഷ മതവിഭാഗത്തെ അപമാനിക്കുകയാണ് ചെയ്യുന്നതെന്നാണ് ബി.ജെ.പി.യുടെ നിലപാട്.

ക്ഷണക്കത്തു കിട്ടിയതിന്റെ പിന്നാലെ തന്നെ അതിൽ പങ്കെടുക്കുന്നില്ലെന്ന് പ്രതികരിച്ച സി.പി.എം. പറഞ്ഞത് ഇത് ഒരു രാഷ്ട്രീയ ചടങ്ങാണെന്നാണ്. മതവും രാഷ്ട്രീയവും തമ്മിൽ കൂട്ടിക്കുഴക്കരുത്. മതം വ്യക്തിപരമായ ഒരു കാര്യമാണ്. അതിനെ രാഷ്ട്രീയ നേട്ടത്തിനുള്ള ഒരു ഉപകരണമായി മാറ്റരുത്. അതുകൊണ്ടാണ് സി.പി.എം. രാമക്ഷേത്ര നിർമ്മാണ കമ്മിറ്റിയുടെ ക്ഷണം നിരസിച്ചത്. സി.പി.എം. പൊളിറ്റ് ബ്യൂറോ ഒരു വിശദീകരണവും കൂടെ നൽകി. ബി.ജെ.പി.യും ആർ.എസ്.എസും കൂടെ മതപരമായ ഒരു ചടങ്ങിനെ രാജ്യത്തിന്റെ ഉത്തരവാദിത്വത്തി




ലുള്ള ഒന്നായി മാറ്റി. അതിൽ പ്രധാനമന്ത്രിയേയും ഉത്തർപ്രദേശ് മുഖ്യമന്ത്രിയേയും ഉൾപ്പെടുത്തി. ഒപ്പം സർക്കാർ ഉദ്യോഗസ്ഥരേയും. ഭരണഘടനയും സുപ്രീം കോടതിയും പറഞ്ഞിട്ടുള്ളതുപോലെ രാജ്യത്തിന് ഒരു മതത്തോടും പ്രത്യേക ഒരു ആഭിമുഖ്യം ഉണ്ടാകുവാൻ പാടില്ല. ഇത് ഇപ്പോഴത്തെ ഗവൺമെന്റ് ലംഘിച്ചിരിക്കുകയാണ്. സി.പി.എം. എല്ലാ മതത്തെയും ബഹുമാനിക്കുകയും ഒന്നുപോലെ കാണുകയും ചെയ്യുന്നു. എല്ലാവരെയും അവനവന്റെ വിശ്വാസം പിന്തുടരുവാൻ അനുവദിക്കുക. ശ്രീരാം വിളിക്കുന്നവൻ മാത്രമെ ചടങ്ങിലേക്ക് വരുകയുള്ളൂ എന്ന തത്വജ്ഞാനപരമായ സമീപനം ആണ് സ്വീകരിച്ചത്.

തൃണമൂൽ കോൺഗ്രസും, ക്ഷേത്രപ്രതിഷ്ഠാ ചടങ്ങു ബഹിഷ്ക്കരിച്ചുകൊണ്ട് പറഞ്ഞത് രാഷ്ട്രീയത്തെയും മതത്തെയും തമ്മിൽ കൂട്ടിക്കുഴക്കുന്നതിനോട് യോജിക്കുന്നില്ല എന്നാണ്. സാം പിത്രോട എന്ന ഗാന്ധി കുടുംബ വിശ്വാസി രാജ്യം ഇന്ന് അഭിമുഖീകരിക്കുന്ന ഏറ്റവും ഗൗരവേറിയ പ്രശ്നം നാണയപ്പെരുപ്പവും തൊഴിലില്ലായ്മയും ആണെന്നും മതമോ ക്ഷേത്രമോ അല്ലെന്നും പറഞ്ഞു. മതാനുഷ്ഠാനങ്ങൾ പിന്തുടരുക. അതേ സമയം മതത്തെ രാഷ്ട്രീയത്തിൽ നിന്നും മാറ്റിനിറുത്തുക. ശാസ്ത്രവും ടെക്നോളജിയും ആണ് പ്രധാനം. മതം ഒരിക്കലും പ്രധാനവേദി ആകരുത്. രാമക്ഷേത്രം ആണോ നാണയപ്പെരുപ്പവും തൊഴിലില്ലായ്മയും ആണോ പ്രധാന പ്രശ്നമെന്ന് അദ്ദേഹം ആവർത്തിച്ചു ചോദിച്ചു.


For the Betterment & BENEFIT of FOMAA!
JOHN C. VARGHESE
(Salim)
For FOMAA
President
2024-2026
To lead FOMAA with
clarity of Vision

**സാം പിത്രോട എന്ന ഗാന്ധി കുടുംബ വിശ്വാസി രാജ്യം ഇന്ന് അഭിമുഖീകരിക്കുന്ന ഏറ്റവും ഗൗരവേറിയ പ്രശ്നം നാണയപ്പെരുപ്പവും തൊഴിലില്ലായ്മയും ആണെന്നും മതമോ ക്ഷേത്രമോ അല്ലെന്നും പറഞ്ഞു. മതാനുഷ്ഠാനങ്ങൾ പിന്തുടരുക. അതേ സമയം മതത്തെ രാഷ്ട്രീയത്തിൽ നിന്നും മാറ്റിനിറുത്തുക. ശാസ്ത്രവും ടെക്നോളജിയും ആണ് പ്രധാനം. മതം ഒരിക്കലും പ്രധാനവേദി ആകരുത്. രാമക്ഷേത്രം ആണോ നാണയപ്പെരുപ്പവും തൊഴിലില്ലായ്മയും ആണോ പ്രധാന പ്രശ്നമെന്ന് അദ്ദേഹം ആവർത്തിച്ചു ചോദിച്ചു.**




ബി.ജെ.പി.യുടെ ഈ ക്ഷണം 'ഇൻഡ്യ' സഖ്യത്തെ പിളർത്തുവാനുള്ള ഒരു തന്ത്രമായും കാണുന്നവർ സഖ്യത്തിലും രാഷ്ട്രീയ നിരീക്ഷകരിലും ഉണ്ട്. ഒപ്പം മതധ്രുവീകരണത്തിനുള്ള ഒരു ഉപാധിയും. കോൺഗ്രസിന്റെ ഭയം ക്ഷേത്ര പ്രതിഷ്ഠ ചടങ്ങിനോട് മുഖം തിരിച്ചുനിന്നാൽ ഹിന്ദുവോട്ട് ബാങ്കിന്റെ തിരിച്ചടി ഉണ്ടാകുമോ എന്നതാണ്. അതിലാണ് കോൺഗ്രസ് ഹിന്ദു ഹൃദയഭൂമിയിൽ മൃദു ഹിന്ദുത്വ എന്ന സമീപനം സ്വീകരിച്ചത്. പക്ഷേ അത് വിജയിച്ചില്ലെന്ന് മനസിലാക്കുവാൻ മധ്യപ്രദേശ്, രാജസ്ഥാൻ, ഛത്തീസ്ഘട്ട് തെരഞ്ഞെടുപ്പ് പരാജയങ്ങൾക്കും അതിനു മുമ്പുള്ളവക്കും ശേഷവും പാർട്ടിക്ക് സാധിച്ചില്ല എന്നതാണ് ഏറ്റവും വലിയ പരാജയം. തീവ്രഹിന്ദുത്വയെ മൃദുഹിന്ദുത്വ കൊണ്ട് തോൽപിക്കുവാൻ സാധിക്കുകയില്ല. കോൺഗ്രസ് അയോദ്ധ്യയിലെ രാമക്ഷേത്ര പ്രതിഷ്ഠ ചടങ്ങിൽ പങ്കെടുക്കാൻ സംശയിച്ചു നിൽക്കുന്നതിനെ പരിഹസിച്ചുകൊണ്ട് ബി.ജെ.പി. പറഞ്ഞത് കോൺഗ്രസ് എപ്പോഴും ശ്രീരാമനെ ഒരു കഥാസൃഷ്ടിയായിട്ടു മാത്രമെ കണ്ടിട്ടുള്ളൂ. 'ഇൻഡ്യ' സഖ്യം സനാതന ധർമ്മത്തെപ്പോലും നിന്ദിച്ചിരിക്കുന്നു.

രാമക്ഷേത്രം നിർമ്മിച്ചത് ഒരു മസ്ജിദ്-ബാബരി മസ്ജിദ്-നിന്നിരുന്നിടത്താണ്. ആ മസ്ജിദ് ഇടിച്ചുനിരത്തി കളയുകയായിരുന്നു കർസേവകർ. ഈ മുന്നേറ്റത്തിന്റെ പ്രധാന സംഘാടകരായ ലാൽ കിഷൻ അദ്വാനിയെയും മുരളി മനോഹർ ജോഷിയെയും ക്ഷേത്രപ്രതിഷ്ഠ കർമ്മത്തിലേക്ക് ക്ഷണിച്ചിട്ടില്ലെന്നതും ശ്രദ്ധേയമാണ്. അയോദ്ധ്യയും രാമക്ഷേത്രവും ഇൻഡ്യചരിത്രത്തിലെ സുപ്രധാന ഏടുകൾ ആണ്. മസ്ജിദ് തകർത്തതിലും രാമക്ഷേത്രം നിർമ്മിച്ചതിലും കോൺഗ്രസിനും ഒരു പങ്കുണ്ട്. അതേ സമയം അത് മതേതര ഇൻഡ്യക്ക് ഏറ്റ കനത്ത ആഘാതം ആണെന്നും കോൺഗ്രസ് വിലപിക്കുന്നു. ഇതുകൊണ്ടാണ് ചടങ്ങിൽ പങ്കെടുക്കുന്നതിൽ ഒരു നിലപാട് എടുക്കുവാൻ കോൺഗ്രസിന് ആശയക്കുഴപ്പം.

1986-ൽ അതുവരെ അടഞ്ഞു കിടന്ന ബാബരി മസ്ജിദിന്റെ പൂട്ട് തുറന്നത് കോൺഗ്രസിന്റെ മേൽനോട്ടത്തിലായിരുന്നു. 1949-ലാണ് അവിടെ രഹസ്യമായി ഒരു പാതിരാത്രിയിൽ ഹിന്ദുദേവവിഗ്രഹങ്ങൾ സ്ഥാപിച്ചത്. 1990കളിൽ അദ്വാനിയുടെ നേതൃത്വത്തിൽ സംസാകരിക ദേശീയത എന്ന പേരിൽ അയോധ്യ രഥയാത്ര സോമനാഥ ക്ഷേത്രത്തിൽ നിന്നും പുറപ്പെട്ടു. 1992 ഡിസംബർ ആറിന് കർസേവകർ മസ്ജിദ് തകർത്തു. ഇത് നിയമലംഘനവും കുറ്റകൃത്യവും ആയിരുന്നുവെന്നാണ് സുപ്രീം കോടതി പറഞ്ഞത്. പക്ഷേ മസ്ജിദ് തകർത്ത കേസിലെ എല്ലാ പ്രതികളെയും, അദ്വാനിയും ജോഷിയും, ഉൾപ്പെടെ, വെറുതെവിട്ടു.

**രാമക്ഷേത്രം നിർമ്മിച്ചത് ഒരു മസ്ജിദ്– ബാബരി മസ്ജിദ്– നിന്നിരുന്നിടത്താണ്. ആ മസ്ജിദ് ഇടിച്ചുനിരത്തി കളയുകയായിരുന്നു കർസേവകർ. ഈ മുന്നേറ്റത്തിന്റെ പ്രധാന സംഘാടകരായ ലാൽ കിഷൻ അദ്വാനിയെയും മുരളി മനോഹർ ജോഷിയെയും ക്ഷേത്ര പ്രതിഷ്ഠ കർമ്മത്തിലേക്ക് ക്ഷണിച്ചിട്ടില്ലെന്നതും ശ്രദ്ധേയമാണ്. അയോദ്ധ്യയും രാമക്ഷേത്രവും ഇൻഡ്യചരിത്രത്തിലെ സുപ്രധാന ഏടുകൾ ആണ്. മസ്ജിദ് തകർത്തതിലും രാമക്ഷേത്രം നിർമ്മിച്ചതിലും കോൺഗ്രസിനും ഒരു പങ്കുണ്ട്.**



മസ്ജിദ് തകർത്തത് കുറ്റകൃത്യമാണെന്നു പറഞ്ഞ സുപ്രീം കോടതി തർക്കഭൂമി ഹിന്ദു പക്ഷത്തിനായി നൽകി. 2019 നവംബർ 9-ന് സുപ്രീംകോടതി ഉത്തരവിട്ടു ഇതേ സ്ഥലത്ത് ഗവൺമെന്റ് ഒരു രാമക്ഷേത്രം നിർമ്മിക്കുവാൻ. സുപ്രീംകോടതിയുടെ വിധിയിൽ വിധികർത്താവിന്റെ പേര് വച്ചിരുന്നില്ലെന്നത് ശ്രദ്ധേയം ആണ്. പക്ഷേ കോടതി അംഗീകരിച്ചു മസ്ജിദ് ഇതേ സ്ഥലത്ത് 500 വർഷമായി നിലകൊള്ളുന്നുണ്ടായിരുന്നുവെന്ന്. മസ്ജിദ് നിർമ്മിച്ചത് ഒരു ക്ഷേത്രം തകർത്തിട്ടാണെന്നുള്ളതിന് ഒരു തെളിവും ഇല്ലെന്നും കോടതി കണ്ടെത്തി. പക്ഷേ, ഒടുവിൽ ആ സ്ഥലം ക്ഷേത്രം പണിയുവാനായി വിട്ടു കൊടുത്തു.

ഈ ക്ഷേത്ര നിർമ്മിതിയുടെ ഉദ്ദേശം മതപരമോ ആത്മീയമോ അല്ല രാഷ്ട്രീയം ആണെന്നു വിമർശകർ വാദിക്കുന്നു. രാമക്ഷേത്ര നിർമ്മാണത്തിനുള്ള മുന്നേറ്റം രാഷ്ട്രീയം ആയിരുന്നുവെന്നും വിമർശകർ നിരീക്ഷിക്കുന്നു. ഹിന്ദുമതത്തിന് അതിൽ സ്ഥാനം ഇല്ല. മറിച്ച് ഹിന്ദുത്വ തെരഞ്ഞെടുപ്പു രാഷ്ട്രീയം ആയിരുന്നു അതിന്റെ അജണ്ട. കോൺഗ്രസ് അതിന്റെ കുറ്റകൃത്യം മറക്കരുത് 1949-ലും 1992-ലും നടന്നത്. ആശയങ്ങളിലും നിലപാടുകളിലും വ്യക്തതയില്ലാത്തതാണ് കോൺഗ്രസിന്റെ ഇപ്പോഴത്തെ ഈ ആശയക്കുഴപ്പത്തിനു കാരണം. ആശയകുഴപ്പം തീരുന്നതിന്റെ ഒടുവിൽ സോണിയയും മറ്റുള്ളവരും പ്രതിഷ്ഠ ചടങ്ങിൽ പങ്കെടുക്കുകയാണെങ്കിൽ അത് വലിയ പ്രശ്നമാകും.


the cotillion
Authentic Indian Cuisine & Asian Fusion Rich in Flavor and Taste
Celebrate Your Precious Wedding and Any Gatherings at Cotillion, Where Timeless Elegance Meets Modern Luxury. Book Your Party today with Us!
the cotillion
440 Jericho Turnpike
JERICHO, NY 11753
(516) 938-3300
The Cotillion is Guaranteed to be a Great Dine Experience

# ഫൊക്കാനയുടെ പ്രമുഖ നേതാവ് സതീശൻ നായർ ട്രസ്റ്റീ ബോർഡിലേക്ക് മത്സരിക്കുന്നു

ശ്രീകുമാർ ഉണ്ണിത്താൻ



ന്യൂ യോർക്ക് : ഫൊക്കാനയുടെ പ്രമുഖ നേതാവ്  സതീശൻ നായർ 2024-2026 ഭരണസമിതിയിൽ  ട്രസ്റ്റീ ബോർഡിലേക്ക് മത്സരിക്കുന്നു. ചിക്കാഗോ മലയാളീ സമൂഹത്തിൽ നിറഞ്ഞു നിൽക്കുന്ന സതീഷ് നായർ  മിഡ് വെസ്റ്റ് മലയാളീ അസോസിയെഷന്റെ മുൻ പ്രസിഡന്റ്  കൂടിയാണ് . ചിക്കാഗോ മലയാളീകളുടെ ഏത്  പ്രവർത്തനങ്ങൾക്കും മുമ്പിൽ നിന്നു പ്രവർത്തിക്കുന്ന അദ്ദേഹം  സജിമോൻ നേതൃത്വം നൽകുന്ന ഡ്രീം ടീമിന്റെ ഭാഗമായാണ് മത്സരിക്കുന്നത്.

ഫൊക്കാനയുടെ നാഷണൽ കമ്മിറ്റി മെംബേർ ആയും പ്രവർത്തിച്ചിട്ടുള്ള സതീഷ് .ഫൊക്കാനയുടെ വിവിധ  കൺവെൻഷനുകളുടെ നടത്തിപ്പിനായി രൂപീകരിക്കപ്പെട്ട പല കമ്മിറ്റികളിലും അംഗവുംമായിരുന്നു. ചിക്കാഗോ  മലയാളികൾക്കിടയിൽ സാമൂഹ്യ- സാംസ്കാരിക-രാഷ്ട്രീയ-സാമുദായിക മേഖലകളിൽ  തിളങ്ങി നിൽക്കുന്ന കരുത്തുറ്റ വെക്തിത്വമാണ്.  ആരുമായും സഹകരിച്ചു പോകുന്ന നേതൃത്വപാടവം, അങ്ങനെ ആർക്കും പകരംവെക്കനില്ലാത്ത നേതാവാണ് സതീശൻ നായർ..  മിഡ് വെസ്റ്റ് മലയാളീ അസോസിയെഷന്റെ സജീവ പ്രവർത്തകനായ സതീഷ്  അസോസിയേഷന്റെ പ്രസിഡന്റ്  ഉൾപ്പെടെ  മിക്ക പദവികളും വഹിച്ചിട്ടുണ്ട്. അദ്ദേഹം പ്രസിഡന്റ് ആയി ഇരിക്കുന്ന സമയത്തു മിഡ്വെസ്ററ് എന്ന  സംഘടനയെ അമേരിക്കയിൽ അറിയപ്പെടുന്ന സംഘടനകളിൽ ഒന്നാക്കി മാറ്റാൻ  കഴിഞ്ഞു .

NFIA യുടെ സജീവ പ്രവർത്തകൻ ആയ സതീഷ് നായർ അതിന്റെ സെക്രട്ടറി , വൈസ് പ്രസിഡന്റ്  എന്നീ പദവികളും വഹിച്ചിട്ടുണ്ട്. ചിക്കാഗോ FIA യുടെ വൈസ് പ്രസിഡന്റ് ആയും പ്രവർത്തിച്ചിട്ടുള്ള സതീഷ്  ഗഒചഅ യുടെ വൈസ് പ്രസിഡന്റ് , ട്രസ്റ്റീ വൈസ് ചെയർ , കമ്മിറ്റി മെംബെർ  എന്നീ പദവികളും വഹിച്ചിട്ടുണ്ട്. ഓവർസീസ് കോൺഗ്രസിന്റെ സജീവ പ്രവർത്തകൻ കൂടിയായ സതീഷ്  IOC USA യുടെ സീനിയർ വൈസ് പ്രസിഡന്റ് ആയി പ്രവർത്തിക്കുന്നു  അദ്ദേഹം  ചാപ്റ്റർ  പ്രസിഡന്റ് ആയും സേവനം അനുഷ്ടിച്ചിട്ടുണ്ട്. ഗീതാമണ്ഡലം സെക്രട്ടറി ആയും പ്രവർത്തിച്ചിട്ടുള്ള അദ്ദേഹം കരുണാ ഫൗണ്ടേഷന്റെ ചെയർമാൻ ആയും പ്രവർത്തിക്കുന്നു .  ലോകകേരളാസഭ  മെംബേർ കൂടിയാണ് സതീഷ് നായർ .

കേരളാ വിദ്യാർത്ഥി യൂണിയന്റെ  പ്രവർത്തകനായി  സ്കൂൾ കോളേജ്  തലങ്ങളിൽ  സംഘടന പ്രവർത്തനം നടത്തി നേത്യനിരയിൽ പ്രവർത്തിച്ചു.യൂത്ത് കോൺഗ്രസ്  ഭാരവാഹിയായും പ്രവർത്തിച്ച പരിചയമാണ് പിന്നീട് അമേരിക്കൻ സംസ്കരിക മേഖലയിൽ പ്രവർത്തിക്കാൻ ഉണ്ടായ പ്രചോദനം.

ഒരു ചാരിറ്റി പ്രവർത്തകൻ  കൂടിയായ  സതീഷ്  പല ചാരിറ്റി പ്രവർത്തങ്ങൾക്കും നേതൃത്വം നൽകിയിട്ടുള്ള വെക്തികൂടിയാണ് ഏൽപ്പിക്കുന്ന ചുമതലകൾ കൃത്യമായും ഭംഗിയായും നിർവ്വഹിക്കുന്ന സംഘാടകനാണ് അതുകൊണ്ടു തന്നെയാണ് സതീശനെ തേടി സ്ഥാനങ്ങൾ എത്തുന്നത് .

നിരവധി പുരസ്കാരങ്ങളും അവാർഡുകളും നേടിയിട്ടുള്ള സതീഷ് നായർ  ഭാര്യ. വിജി നായർ മക്കൾ: വരുൺ നായർ ,  നിതിൻ നായർ  എന്നിവരോടൊപ്പം  ചിക്കാഗോയിൽ ആണ് താമസം.

സ്വന്തം ജീവിതവും കരിയറും ജനക്ഷേമ പ്രവർത്തനങ്ങൾക്കും സാമൂഹ്യ പ്രവർത്തനത്തിനുമായി മാറ്റിവച്ച അതുല്യ പ്രതിഭയാണ് സതീഷ് നായർ അദ്ദേഹത്തിന്റെ പ്രവർത്തനങ്ങൾ യുവതലമുറക്ക് മാതൃകയാണ് സതീഷിന്റെ  സംഘടനാ മികവും നേതൃ പാടവവും യുവ നേതാകൾക്ക് മുൻതൂക്കമുള്ള  ഫൊക്കാനയുടെ അടുത്ത ഭരണസമിതിയിലും ട്രസ്റ്റീ ബോർഡിലും  ഒരു  മുതൽ കുട്ടാകും  എന്ന കാര്യത്തിൽ യാതൊരു സംശയവും ഇല്ല.

യുവതലമുറയെ അംഗീകരിക്കുന്നതിനോടൊപ്പം അനുഭവസമ്പത്തുള്ള  വ്യക്തികളെ  കുടി മുന്നിൽ നിർത്തി  പ്രവർത്തിക്കുവാൻ തയ്യാർ എടുക്കുമ്പോൾ  സതീഷ് നായരുടെ  അനുഭവ സമ്പത്തിനും കഴിവിനും   കിട്ടുന്ന അംഗീകാരമാണ്. മാറ്റങ്ങൾക്ക് ശംഖോലി മുഴങ്ങിക്കൊണ്ടിരിക്കുന്ന ഫൊക്കാനയിൽ ഇത്തവണ  യുവാക്കളുടെ ഒരു നിരതന്നെയാണ് സജിമോൻ ആന്റണിയുടെ നേതൃത്വത്തിൽ  ഡ്രീം പ്രോജെക്റ്റുമായി മുന്നോട്ട്  വന്നുകൊണ്ടിരിക്കുന്നത്.ചിക്കാഗോ  റീജിയനിൽ  നിന്നുള്ള എല്ലാവരുംഒരേ സ്വരത്തിൽ സതീഷ് നായരുടെ  മത്സരത്തെ പിന്തുണക്കുന്നു . കൂടാതെ  സെക്രട്ടറി ആയി മത്സരിക്കുന്ന ശ്രീകുമാർ ഉണ്ണിത്താൻ ,ട്രഷർ ആയി മത്സരിക്കുന്ന ജോയി ചക്കപ്പൻ , എക്സി . പ്രസിഡന്റ്  സ്ഥാനാർഥി പ്രവീൺ തോമസ് ,  വൈസ് പ്രസിഡന്റ്  സ്ഥാനാർഥി വിപിൻ രാജു, ജോയിന്റ് സെക്രട്ടറി സ്ഥാനാർഥി മനോജ് ഇടമന ,  അഡിഷണൽ  ജോയിന്റ് സെക്രട്ടറി അപ്പുകുട്ടൻ പിള്ള, അഡിഷണൽ ജോയിന്റ് ട്രഷർ മില്ലി ഫിലിപ്പ് വിമൻസ് ഫോറം ചെയർപേഴ്സൺ സ്ഥാനാർഥി രേവതി പിള്ള, നാഷണൽ കമ്മിറ്റി മെംബേഴ്സ് ആയ സോണി അമ്പൂക്കൻ , ഷിബു എബ്രഹാം സാമുവേൽ, ഗ്രേസ് ജോസഫ്, അരുൺ ചാക്കോ , രാജീവ് കുമാരൻ,  ജോജി വർഗീസ്, മേരി ഫിലിപ്പ് , മേരികുട്ടി മൈക്കിൾ , മനോജ് മാത്യു  ,ഡോ. ഷൈനി രാജു, ലത മേനോൻ , സ്റ്റാൻലി ഇത്തൂണിക്കൽ റീജിയണൽ വൈസ് പ്രസിഡന്റ് ആയിമത്സരിക്കുന്ന  ബെൻ പോൾ, ലിൻഡോ ജോളി , കോശി കുരുവിള, ഷാജി  സാമുവേൽ, ധീരജ് പ്രസാദ് , ജോസി കാരക്കാട്  എന്നിവർ സതീഷ് നായർക്ക് വിജയാശംസകൾ നേർന്നു.

# തോമസ് തോമസ്



കാനഡയിൽ നിന്ന്
ഫോമാ പ്രസിഡന്റ്
(2024- 26)
സ്ഥാനാർഥി

**മികവിന്റെ പാരമ്പര്യം കൈമുതൽ**
**അവിഭക്ത ഫൊക്കാനയിലും ഫോമായിലും**
**കരുത്തുറ്റ നേതൃത്വം**
**ഫോമായിൽ പ്രാദേശിക സന്തുലനം ആവശ്യം**

# ഡിട്രോയിറ്റ് കേരളക്ലബ്ബിന്റെ 2024-ലെ സാരഥികൾ

മിഷിഗൺ: ഡിട്രോയിറ്റ് കേരളക്ലബ്ബിന്റെ 2024-ലെ ഭാരവാഹികളായി ആശ മനോഹരൻ (പ്രസിഡന്റ്), പ്രീതി പ്രേംകുമാർ (സെക്രട്ടറി), ഷിബു ദേവപാലൻ (ട്രഷറർ), ജോളി ദാനിയേൽ (വൈസ് പ്രസിഡന്റ്), ഗൗതം ത്യാഗരാജൻ (ജോയിൻറ് സെക്രട്ടറി), സുജിത് നായർ (ജോയിൻറ് ട്രഷറർ) എന്നിവർ തിരഞ്ഞെടുക്കപ്പെട്ടു.

കേരള ക്ലബ്ബ് ബോർഡ് ഓഫ് ട്രസ്റ്റീസ് ചെയർമാൻ സുജിത് മേനോൻ, സെക്രട്ടറി ധന്യ മേനോൻ, വൈസ് ചെയർമാൻ ജെയിൻ കണ്ണച്ചാൻപറമ്പിൽ, എക്സ്ഓഫീഷ്യയോ അംഗം ഫിലോമിന സഖറിയ എന്നിവരും ചുമതലയേറ്റു.

അൻപതോളം അംഗങ്ങളെ ഉൾപ്പെടുത്തി വിപുലമായ എക്സിക്യൂട്ടീവ് കമ്മിറ്റിയും രൂപീകരിച്ചു. കേരളക്ലബ്ബിന്റെ 2024 വർഷത്തെ പ്രവർത്തനങ്ങളുടെ രൂപരേഖ തയ്യാറാക്കി കമ്മറ്റി പ്രവർത്തങ്ങൾ ആരംഭിച്ചു. പുതിയ വർഷം വർണ്ണാഭമായ പരുപാടികൾക്കാണ് രൂപം നൽകിയിരിക്കുന്നത്. ഓണം ക്രിസ്തുമസ് ആഘോഷങ്ങൾ, പിക്നിക്, വാലന്റൈൻസ് ഡേ, ക്യാമ്പിംഗ് തുടങ്ങി നിരവധി പരിപാടികൾ നടത്തപ്പെടും.

പുതിയ തലമുറയിലെ യുവജനങ്ങളെ ഉൾപ്പെടുത്തി കേരള ക്ലബ്ബ് യൂത്ത് ലീഡർഷിപ്പ് ഫോറത്തിന്റെ നേതൃത്വത്തിൽ സാമൂഹ്യ പ്രതിബദ്ധതയുള്ള ജീവകാരുണ്യ പ്രവർത്തനങ്ങളും നടപ്പാക്കും. കേരള ക്ലബ്ബിന്റെ പുതിയ വർഷത്തെ പ്രവർത്തനങ്ങൾക്ക് ഏവരുടെയും സഹകരണം അഭ്യർത്ഥിക്കുന്നതായി ഭാരവാഹികൾ അറിയിച്ചു.

**അലൻ ചെന്നിത്തല**




TOGETHER, WE CAN
FINISH THE JOB
FOR THE
AMERICAN
PEOPLE!
BIDEN
HARRIS
OFFICIAL STORE
SHOP ALL
DONATE
MADE IN AMERICA
PROUDLY
UNION PRINTED
OFFICIAL
CAMPAIGN MERCHANDISE
BEST SELLERS
CHANGES COLOR!
Dark Roast Color-changing Mug
$32.00
BUY
Double-sided Big Head
$25.00
BUY
THE ORIGINAL!
20 24
Dark Roast Mug
$22.00
BUY

# ഇ- മലയാളി കഥാമത്സരം 2023 - ഫൈനലിസ്റ്റുകളുടെ ചുരുക്കപ്പട്ടിക

ഇ- മലയാളിയുടെ മൂന്നാമത് ആഗോള കഥാമത്സരത്തിനു ഇരുനൂറിൽപ്പരം രചനകൾ ലഭിച്ചെങ്കിലും കഥകളുടെ നിലവാരം നിരാശാജനകമായിരുന്നു. പല കഥകളും എഴുതാൻ വേണ്ടി കെട്ടിച്ചമച്ചപോലെയാണെങ്കിൽ ചിലതെല്ലാം നാട്ടിൽ നടക്കുന്ന സംഭവങ്ങൾ അങ്ങനെ തന്നെ പകർത്തി എഴുതിയപോലെയായിരുന്നു.

ജഡ്ജിങ് കമ്മറ്റി വളരെ നിഷ്പക്ഷമായ വിലയിരുത്തലുകൾ നടത്തിയാണ് ഷോർട്ട് ലിസ്റ്റ് തയ്യാറാക്കിയത് . അത് വീണ്ടും പത്രാധിപസമിതി പരിശോധിച്ചു.




ഒന്നാം സമ്മാനം 50000 രൂപയാണ്. ഒന്നിൽ കൂടുതൽ വിജയികൾ ഉണ്ടെങ്കിൽ പണം രണ്ടുപേർക്കും വീതിച്ചുനല്കും.

രണ്ടാം സമ്മാനങ്ങൾ പതിനായിരം വച്ച് അഞ്ചു പേർക്ക് ലഭിക്കും.

ചില കഥകൾക്ക് പ്രോത്സാഹന സമ്മാനം നൽകുന്നു. കൂടാതെ സ്പെഷ്യൽ ജൂറി അവാർഡും ഉണ്ടായിരിക്കും.

കഥാമത്സരത്തിൽ പങ്കെടുത്ത എല്ലാ എഴുത്തുകാർക്കും നന്ദി.

എഴുത്തുകാരുടെ ചുരുക്കപ്പട്ടികയാണിത്. ഇതിൽ നിന്നുമായിരിക്കും വിജയികളെ തിരഞ്ഞെടുക്കുക. കാത്തിരിക്കുക നിങ്ങളിൽ ആരൊക്കെ വിജയികളാകുമെന്ന്. പുതുവർഷ തുടക്കത്തിൽ വിജയികളെ പ്രഖ്യാപിക്കും.

എല്ലാവർക്കും അനുഗ്രഹപ്രദമായ കൃസ്തുമസ്സും ഐശ്വര്യപൂർണ്ണമായ നവവത്സരവും നേരുന്നു.

സസ്നേഹം

ഇ-മലയാളി പത്രാധിപസമിതി.

1. കറുത്ത മറുക്

സ്വാതികൃഷ്ണ

2. കാവ് തീണ്ടലുകളും ലിമിറ്റിങ് ബിലീവ്സും

ചിത്ര സുരേന്ദ്രൻ

3. മഹാകവി കുവെമ്പു രാസ്തേ

രമ പിഷാരടി

4. അർഥം

കണ്ണൻ എസ് നായർ

5.ലെസ്ബിയൻ കിളികൾ

സബീന എം സാലി

6.ഉറുവാടി ഏടത്തി

വിമത പ്രദീപ്

7. ഗൗരിയും തോമാശ്ലീഹായും

ജോസഫ് ഏബ്രഹാം

8. പാവ

ലക്ഷ്മി എസ് ദേവി

9.വാടകവീട്

ജ്യോതി അനിൽ

10. കാത്തിരിപ്പ് വിധിക്കപ്പെട്ടവൾ

പി ആർ കെ ചേനം

11. മനുഷ്യമേഘങ്ങൾ

ജോൺ വേറ്റം

12. ബച്ചാ പോഷ്

ശ്രീകല മേനോൻ

13.. ഒരു വാൾസ്ട്രീറ്റ് വൈറസ്

അനീഷ് ചാക്കോ

14,. "മരിച്ചാപ്പിന്നെ കാണാമ്പറ്റോ

ലേഖ ബാലകൃഷ്ണൻ

15. ഉറവയിലേക്കൊരു ഒഴുക്ക്

സനൂപ് ശശിധരൻ

16. ഒഴിഞ്ഞ കിളിക്കൂട്

ജെസ്സി ജിജി

17. ഇഴയടുപ്പങ്ങൾ

രാജു സംജസ

18. ഭൂപടങ്ങളിലാത്ത മഹാസമുദ്രങ്ങൾ

അനശ്വര എസ

19. ആത്മാവില്ലാത്ത മുഖങ്ങൾ

സുധ അജിത്

20. പുര നിറയാത്ത മകൾ

രവി നീലഗിരി

21. ലാളനം

അബ്ദുൽ പുന്നയൂർക്കുളം

22 . ഒക്കുള് ലീലാ മ്മളെ ഓട്ടി

ജയേഷ് മരുതോറ

23 . പ്ലാസ്റ്റിക്ക് സ്പൂൺ

ബാബു പാറക്കൽ

24. മാംഗല്യം തന്തുനാനേന

ജ്യോതിലക്ഷ്മി നമ്പ്യാർ

25. ആൾ ചിത

ബിൻസി മരിയ

26. സമയമാവുന്നതും കാത്ത്

ഗിരി ബി വാരിയർ

27. അഴുക്കുചാലിനരികെ

മായാദത്ത്

28. നോവായ്

ചിഞ്ചു തോമസ്


MUKKUT
MONUMENTS INC.
PHONE (C) 972-342-0041
E-mail: mukkutmonuments@gmail.com
www.mukkutmonuments.com
ST. GREGORIOS OF PARUMALA
MEMORIAL MONUMENT
Edith
Espinoza
Edith Espinoza
12-02-1970
04-17-2016
Joaquin Espinoza
11-16-1962
KURIAN
FAMILY
THEKKEDATH
We Specialize in Custom Creation and Installation of
Cemetery Granites, Bronze Memorials Sculptures,
Large Stone Cross for Churches. We Serve in USA, Canada and India

# കഥയും കാതലുമുള്ള ചിത്രങ്ങൾ പോയ വർഷത്തെ സിനിമ...



നല്ല കഥയും കഥാപാത്രങ്ങളുമുണ്ടെങ്കിൽ ഒരു റിവ്യൂവിനെയും മലയാള സിനിമ പേടിക്കേണ്ടെന്ന് അടിവരയിട്ട വർഷമായിരുന്നു കടന്നു പോയത്. എല്ലാ തരം സിനിമകളും ആളുകൾ കണ്ടു, അവർക്ക് ആസ്വദിക്കാനുള്ളവയെ രണ്ടു കൈകൊണ്ടും സ്വീകരിച്ചു. ആർപ്പുവിളിച്ചു, സന്തോഷിച്ചു. അതേ സമയം സിനിമ എന്ന പേരിൽ ഇറങ്ങുന്ന ഒരു കാട്ടിക്കൂട്ടലുകളെയും പ്രേക്ഷകർ സ്വീകരിച്ചുമില്ല. നല്ല കഥയുണ്ടെങ്കിൽ, കണ്ടിരിക്കാൻ കഴിയുന്ന സിനിമ നൽകിയാൽ മലയാള പ്രേക്ഷകർ എവിടെയും പോകില്ലെന്നു കൂടി തെളിഞ്ഞൊരു വർഷമായിരുന്നു പോയത്. തിയേറ്ററുകളിലെ സിനിമകൾ മാത്രമല്ല, ഒ.ടി.ടി വഴിയെത്തുന്ന അന്യഭാഷാ, വിദേശഭാഷാ ചിത്രങ്ങളെല്ലാം മലയാളികൾ അവരുടെ വീട്ടിലിരുന്ന് ആസ്വദിച്ചതും എടുത്തുപറയത്തക്ക മാറ്റമാണ്. പല സിനിമകളും അവർ അന്വേഷിച്ചു തന്നെ കണ്ടെത്തി കണ്ടു. സൂപ്പർതാരങ്ങൾക്കുമപ്പുറം നല്ല നടൻമാരെ പ്രേക്ഷകർ അംഗീകരിച്ച വർഷം കൂടിയായിരുന്നു കടന്നുപോയത്. അത്തരം പരിവേഷങ്ങളൊന്നുമില്ലാതെ വന്ന ചിത്രങ്ങളും ഹൃദയപൂർവമാണ് സ്വീകരിക്കപ്പെട്ടത്. ഒട്ടേറെ പുതുമുഖ സംവിധായകർ മികച്ച സിനിമകളൊരുക്കിയെന്നതും പോയവർഷത്തിന്റെ നേട്ടമാണ്.

## 2023ലെ സൂപ്പർഹിറ്റുകൾ

ജൂഡ് ആന്തണി ജോസഫിന്റെ 2018, റോബി വർഗീസിന്റെ കണ്ണൂർ സ്ക്വാഡ്, നഹാസ് ഹിദായത്തിന്റെ ആർഡിഎക്സ്, ജിത്തു മാധവന്റെ രോമാഞ്ചം എന്നീ ചിത്രങ്ങളിലാണ് തിയേറ്ററുകളിൽ ജനപ്രളയമുണ്ടാക്കിയത്. 2022 ഡിസംബർ 29ന് റിലീസ് ചെയ്ത് മാളികപ്പുറവും മികച്ച കലക്ഷൻ നേടിയത് 2023ലാണ്. കഥയാണ് സൂപ്പർ സ്റ്റാർ എന്ന് തെളിയിക്കുന്നുണ്ട് ഈ ചിത്രങ്ങളെല്ലാം തന്നെ.

## കേരളം തൊട്ട് ഓസ്കാർ മത്സരത്തിൽ വരെ എത്തിയ 2018

ഓസ്കാറിലോളം എത്തിയ പെരുമ തന്നെയാണ് 2018 സിനിമയെ വാനോളമുയർത്തിയത്. പ്രഖ്യാപിച്ചിട്ട് ഏറെ വൈകി ചിത്രീകരണം തുടങ്ങിയ ചിത്രം പക്ഷേ, തിയേറ്ററിലെത്തിയപ്പോൾ ആളുകൾ ആർത്തലച്ചെത്തി. കേരളം നേരിട്ട് കണ്ടറിഞ്ഞ പ്രളയത്തിന്റെ പല കഥകൾ ഭംഗിയായി അവതരിപ്പിക്കാൻ സംവിധായകൻ ജൂഡ് ആന്തണി ജോസഫിന് കഴിഞ്ഞു. പ്രളയത്തോടനുബന്ധിച്ച് സർക്കാർ നടത്തിയ സേവനങ്ങളെ ഉൾപ്പെടുത്തിയില്ല എന്ന് പിന്നീട് വിവാദങ്ങളുണ്ടായെങ്കിലും തിയേറ്ററിൽ പക്ഷേ, ചിത്രം കോടികൾ കൊയ്തു. സാങ്കേതികത്തികവും താരങ്ങളുടെ പ്രകടനവും കലാസംവിധാനവും എല്ലാം ഒന്നിനൊന്ന് മികവ് പുലർത്തി.

## അടി, ഇടി ആർ.ഡി. എക്സ്

നഹാസ് ഹിദായത്ത് സംവിധാനം ചെയ്ത ആർ.ഡി. എക്സ് അതിന്റെ ചടുലത കൊണ്ടും യുവത്വത്തിന്റെ ഊർജ്ജം കൊണ്ടും തുടക്കം മുതൽ അവസാനം വരെ കയ്യടി വാങ്ങിയ ചിത്രമാണ്. പ്രേക്ഷകരെ അവരിലേക്ക് കണക്ട് ചെയ്യുന്ന വൈകാരികതയായിരുന്നു ആർ.ഡി. എക്സിന്റെ ഏറ്റവും വലിയ മൂലധനം. ഗംഭീര ഫൈറ്റ് സീനുകളും സിനിമയുടെ ഗ്രാഫ് ഉയർത്തി. ഇടിപ്പടമാണെങ്കിൽ




HEDGE
BROKERAGE INC.
Life Insurance with Long Term Care
Disability Income
Business Overhead Expense Disability Insurance
10 Pay Life Insurance
Estate Planning
Advantage Index Universal Life S&P 500
Life Income Annuity
HEDGE
BROKERAGE INC.
1-516-433-4310
hedgebrokerage@gmail.com

പോലും ഒരിക്കലും അങ്ങനെ തോന്നാത്തവിധം വൈകാരികതയും കഥാമുഹൂർത്തങ്ങളും കൊണ്ട് സമ്പന്നമായ ചിത്രം കൂടിയായിരുന്നു ഇത്. നഹാസ് ഹിദായത്ത് എന്ന പുതുമുഖസംവിധായകൻ തന്റെ പ്രതിഭ കൊണ്ട് മലയാള സിനിമയെ കീഴടക്കി എന്നു തന്നെ പറയാം. സ്ത്രീകളും കുട്ടികളുമുൾപ്പെടെ തിയേറ്റർ നിറഞ്ഞു എന്നു പറഞ്ഞാലും അതിശോക്തിയാവില്ല.

### തിയേറ്ററിലുണ്ടായ രോമാഞ്ചം




ജിത്തു മാധവൻ സംവിധാനം ചെയ്ത രോമാഞ്ചം മലയാള സിനിമ അന്നുവരെ കണ്ട സിനിമയേ ആയിരുന്നില്ല. ഒരു പ്രത്യേക ജനറിലുള്ള ഈ ചിത്രം തമാശയും പേടിയും സമാസമം അവതരിപ്പിച്ചു എന്നു പറയാം. സിനിമ ഒ.ടി.ടിയിൽ വന്നപ്പോൾ പല പ്രേക്ഷകരും കഥ മനസിലായെന്ന് സോഷ്യൽ മീഡിയയിൽ പോസ്റ്റുകളിട്ടെങ്കിലും സിനിമ തിയേറ്ററിൽ യുവജനത ആഘോഷമാക്കിയതാണ്. രണ്ടാംഭാഗത്തിന്റെ സൂചന നൽകി അപൂർണമായ രീതിയിലാണ് രോമാഞ്ചം അവസാനിച്ചതെങ്കിലും ഇതുവരെ ചിത്രത്തെക്കുറിച്ചുള്ള അനൗൺസ്മെന്റുകളൊന്നും വന്നില്ല. സാധാരണ കണ്ടുമടുത്ത കോമഡികളല്ലാതെ, പുതിയ തമാശകളായിരുന്നു ചിത്രത്തിന്റെ ഹൈലൈറ്റ്. പുതിയ നടൻമാരുൾപ്പെടെ ഗംഭീരപ്രകടനമായിരുന്നു നടത്തിയത്.

### അനുഭവങ്ങളുടെ നൻപകൽ നേരത്ത് മയക്കം

മനുഷ്യമനസിന്റെ ഉള്ളറകൾലേക്ക് ഒരു കവിത പോലെ ചെന്നെത്തുന്ന നൻപകൽ നേരത്ത് മയക്കം എന്ന ലിജോ ജോസ് പെല്ലിശ്ശേരിയുടെ സിനിമ സമ്മാനിക്കുന്ന ഒരു പ്രത്യേക അനുഭവമുണ്ട്. ആ അനുഭവം ലഭിക്കണമെങ്കിൽ നമ്മളും ആ കൂടെ സഞ്ചരിച്ചേ മതിയാകൂ. സിനിമ കാണുമ്പോൾ ആ തമിഴ്നാട്ടിലെ നിസ്സഹായരായ മനുഷ്യർക്കിടയിൽ നമ്മളും പെട്ടു പോകുന്നതുപോലെ ഒരു തോന്നലുണ്ടാകും. അതു തന്നെയാണ് ആ സിനിമയുടെ കാഴ്ചയും കാഴ്ചപ്പാടും. മലയാളസിനിമയിൽ ലോകസിനിമയുടെ ജാലകം തുറന്നു തരുന്ന ലിജോ ഒരുക്കിയ ഫ്രെയിമുകൾ കൊണ്ടും ആശയം കൊണ്ടും മികവുറ്റതാക്കിയ സിനിമ കൂടിയാണ് നൻപകൽ നേരത്ത് മയക്കം എന്ന സിനിമ.



### ഫാലിമി എന്ന ഫാമിലി

നിതീഷ് സഹദേവ് ഒരുക്കിയ ഫാലിമി അത്ര മനോഹരമായ രസച്ചരടാണ്. പലവഴിയായി ഒഴുകുന്ന ഒരു കുടുംബം ഓർക്കാപ്പുറത്തെത്തുന്ന അനുഭവങ്ങളിലൂടെ പരസ്പരം കൂടുതൽ മനസിലാക്കുന്ന രംഗങ്ങൾ അത്രയേറെ ഭംഗിയോടെയാണ് സിനിമയിൽ ചേർത്തുവച്ചിരിക്കുന്നത്. കൊച്ചു കൊച്ചു തമാശകളും വീണ്ടും ഓർത്തെടുക്കാൻ കഴിയുന്ന മുഹൂർത്തങ്ങളുമായി ഒരു ഗംഭീര സിനിമ എന്നു തന്നെ പറയാം. ബേസിൽ ജോസഫ്, ജഗദീഷ്, മഞ്ജുപിള്ള എന്നീ അഭിനേതാക്കളുടെ മത്സരിച്ചുള്ള അഭിനയവും പുതുമുഖങ്ങളുടെ തകർപ്പൻ പ്രകടനവുമാണ് ഫാലിമിയെ ഇത്ര കണ്ട് രസകരമാക്കുന്നത്. ആദ്യത്തെ ചിത്രത്തിൽ സംവിധായകൻ പുലർത്തിയ കയ്യടക്കവും എടുത്തു പറയണം.

### വിജയത്തേരിൽ പറന്ന ഗരുഡൻ

സുരേഷ് ഗോപി, ബിജുമേനോൻ എന്നീ നടൻമാരുടെ സ്പേസ് കൃത്യമായി ഉൾക്കൊള്ളിച്ച് അവർക്ക് അനുയോജ്യമായ ഒരു സിനിമ ഒരുക്കി എന്നിടത്താണ് അരുൺ വർമ്മ എന്ന സംവിധായകന്റെ മിടുക്ക് അടയാളപ്പെടുത്തുന്നത്. ഓരോ നിമിഷവും ഉദ്വേഗം നിറച്ച് പ്രേക്ഷകരെ ത്രില്ലടിപ്പിക്കുന്ന രീതിയിൽ ഒരുക്കിയ ചിത്രം തിയേറ്ററുകൾ നിറഞ്ഞാണ് ആളുകൾ കാണാനെത്തിയത്. ഒരു പൊലീസ് ഓഫീസറുടെ നിരാശയും അതിനെ മറികടക്കുന്ന അയാളുടെ ആത്മവിശ്വാസവുമെല്ലാം പ്രേക്ഷകനെ വിശ്വസിപ്പിക്കുന്ന രീതിയിൽ അവതരിപ്പിക്കാൻ കഴിഞ്ഞു എന്നതിലാണ് സംവിധായകന്റെ വിജയം. അതുകൊണ്ടു തന്നെ ഒരിടത്തും പ്രേക്ഷകന് തുടർച്ച നഷ്ടപ്പെട്ടതുമില്ല.





### കാതലിന്റെ കാതൽ

സ്വവർഗലൈംഗികത പലവട്ടം സിനിമയിൽ പറഞ്ഞ പ്രമേയമാണെങ്കിലും ഓരോ സിനിമയിലൂടെയും പ്രേക്ഷകന്റെ മനസിനെ ഒരു വട്ടമെങ്കിലും ചിന്തിപ്പിക്കുന്ന ജിയോ ബേബി ആ വിഷയം കൈകാര്യം ചെയ്യുമ്പോൾ പ്രതീക്ഷിക്കാനേറെയുണ്ടാകും. അതുകൊണ്ടു തന്നെയാണ് പൊതുവേ ഇത്തരം വിഷയങ്ങളിൽ ഇരട്ട നിലപാട് സ്വീകരിക്കാറുള്ള മലയാളികൾ പോലും സിനിമ കൊള്ളാമെന്ന് തുറന്നു സമ്മതിച്ചത്. ഒരു സമൂഹത്തിനുണ്ടാകുന്ന മാറ്റം പതുക്കെയെങ്കിലും സിനിമ അടയാളപ്പെടുത്തി പോകുന്നുണ്ട്. ഇന്നല്ലെങ്കിൽ നാളെ ഒരുമാറ്റം വരുമെന്ന പ്രതീക്ഷ പങ്കുവയ്ക്കുന്നുമുണ്ട്. മമ്മൂട്ടി കമ്പനി എന്ന നിർമ്മാണ കമ്പനിയും മമ്മൂട്ടി എന്ന മഹാനടനും ഈ സിനിമയിലേക്ക് വരുമ്പോൾ അത് കൃത്യമായ സന്ദേശവുമാകുന്നുണ്ട്. ആദ്യദിവസം മുതൽ തിയേറ്ററിൽ ആളുകളെത്തിയിരുന്നു. നിറഞ്ഞ കയ്യടിയോടെയാണ് സിനിമയിലെ പല രംഗങ്ങളിലും പ്രത്യേകിച്ച് അവസാന സീനുകളിലുമെല്ലാം പ്രേക്ഷകർ ഈ സിനിമയെ സ്വീകരിച്ചത്.

### നേരായി പറഞ്ഞ നേര്

വർഷാവസാനമെത്തിയ ജീത്തു ജോസഫിന്റെ നേര് ഒരാഴ്ച പിന്നിടുമ്പോഴേക്കും അമ്പതുകോടി ക്ലബിലെത്തിയിരിക്കുന്നു. ടിസ്റ്റും ടേണിംഗും ഒന്നുമില്ലെങ്കിലും ഒരു കേസ് കോടതിയിലെത്തുമ്പോഴുള്ള നടപടിക്രമങ്ങളും അതോടൊപ്പം ഒരു ഇര കടന്നുപോകേണ്ടി വരുന്ന സാഹചര്യങ്ങളിലെ സമ്മർദ്ദവുമെല്ലാം അത്ര പ്രാധാന്യത്തോടെയാണ് ചിത്രത്തിൽ അവതരിപ്പിച്ചിരിക്കുന്നത്. കൃത്യമായ ഒരു സിനിമാറ്റിക് അനുഭവം നൽകാൻ ജീത്തുജോസഫിന് കഴിഞ്ഞു എന്നത് സിനിമയുടെ മികവാണ്. മോഹൻലാൽ എന്ന നടന്റെ മികച്ച വേഷങ്ങളിലൊന്നായിരിക്കും നേരിലെ വിജയമോഹൻ എന്ന കഥാപാത്രം. പരാജയപ്പെട്ടു നിൽക്കുന്ന ഒരാളുടെ തിരിച്ചുവരവ് അത്ര നന്നായി മോഹൻലാൽ ചെയ്തിട്ടുണ്ട്.




### കയ്യടി നേടിയ ചിത്രങ്ങൾ

നെയ്മർ, പ്രണയവിലാസം, പാച്ചുവും അത്ഭുതവിളക്കും, പൂക്കാലം, മധുര മനോഹര മോഹം, ആയിഷ, ആന്റണി, ആയിരത്തൊന്നു നുണകൾ, പുരുഷപ്രേതം, നീലവെളിച്ചം എന്നീ ചിത്രങ്ങളും പ്രേക്ഷക പ്രശംസ നേടിയവയാണ്.

# Got into an accident?

# NEVER TO WORRY



CALL

GLOBAL COLLISION
& BODY WORKS LLC

1-845-727-4022

We will pick up the vehicle
and repair it fully to your satisfaction!



# ബിനോയ് വിശ്വം

## സി.പി.ഐ. സെക്രട്ടറി ആകുമ്പോൾ

**അധികാരത്തിന്റേതായ രാഷ്ട്രീയ ഗിമ്മിക്സുകളൊന്നും തന്നെ ബിനോയ് എന്ന രാഷ്ട്രീയ നേതാവിന്റെ പേര് കാണാൻ സാധിക്കില്ല. പുഴ പോലെ ശാന്തനാണെങ്കിലും നിലപാടുകളിൽ മൂർച്ച എപ്പോഴും സൂക്ഷിക്കാറുണ്ട്. അയോധ്യാ ക്ഷേത്രത്തിന്റെ ഉദ്ഘാടനത്തിൽ വിവിധ നേതാക്കൾ പങ്കെടുക്കുന്നതുമായി ബന്ധപ്പെട്ട വിവാദങ്ങളുണ്ടയപ്പോൾ ബിനോയ് വിശ്വം പറഞ്ഞത് ഒരൊറ്റക്കാര്യമാണ്, ക്ഷേത്രം പണിയുന്നതിന് ആരും എതിരല്ലെന്നും എന്നാൽ പള്ളി പൊളിച്ചിടത്ത് അമ്പലം പണിയുന്നിടത്താണ് പ്രശ്നമെന്നുമായിരുന്നു ബിനോയ് വിശ്വത്തിന്റെ പ്രതികരണം.**

**രമ്യ മുകുന്ദൻ**

ഓർക്കാപ്പുറത്തായിരുന്നു സി.പി.ഐ സംസ്ഥാന സെക്രട്ടറിയായിരുന്ന കാനം രാജേന്ദ്രന്റെ വിടവാങ്ങൽ. ചികിത്സയ്ക്ക് പോകുന്നതിനായി മൂന്നുമാസത്തെ ലീവെടുത്ത കാനം തനിക്കു പകരം ചുമതലയിലേക്ക് നിർദ്ദേശിച്ചത് കേരളത്തിന് എന്നെന്നും പ്രിയങ്കരനായ നേതാവ് ബിനോയ് വിശ്വത്തെയാണ്. നമുക്ക് ചുറ്റിലും വറ്റിപ്പോയ്ക്കൊണ്ടിരിക്കുന്ന ആദർശമെന്ന തണൽപ്പരപ്പിൽ ആശ്വസിക്കാൻ ബിനോയ്യെ പോലെ അത്രയധികം പേരില്ല തന്നെ. അതുകൊണ്ടു തന്നെ നീണ്ടപാരമ്പര്യമുള്ള പാർട്ടിയെ സംബന്ധിച്ചിടത്തോളം പുതിയ സംസ്ഥാന സെക്രട്ടറിയായി ബിനോയ് വിശ്വം എന്ന പേര് വരുമ്പോൾ അത് കൃത്യമായ സന്ദേശമാകുന്നുണ്ട്. ഇതും കണക്കുകൂട്ടിയാവണം താനെടുക്കുന്ന ഇടവേളയിൽ ബിനോയ് മതിയെന്ന് കാനവും കണക്കുക്കൂട്ടിയത്. ഓർക്കാപ്പുറത്തെന്ന് പറയട്ടെ, അത് അടുത്ത ഊഴത്തിലേക്ക് ആരെന്ന പേര് കാനം നിർദ്ദേശിച്ചതുപോലെയുമായി. പാർട്ടിക്കകത്തും പുറത്തും അധികം ശത്രുക്കളില്ലാത്ത ആളാണ് ബിനോയ് വിശ്വം. ഒരേയൊരു പേര് മാത്രം ആ സ്ഥാനത്തേക്ക് വരുന്നതിന് പിന്നിലെ കാരണവും സൗമ്യവും വ്യക്തവുമായ പ്രവർത്തനശൈലി തന്നെയാണ്.

പരിസ്ഥിതിപ്രശ്നങ്ങളിലുൾപ്പെടെ ബിനോയ് വിശ്വത്തിന്റെ നിലപാടുകൾക്ക് കേരളം എന്നും കാതോർക്കുന്നതാണ്. പരിസ്ഥിതിക്ക് വേണ്ടി ശബ്ദമുയർത്തുന്നവരുടെ കൂട്ടത്തിൽ എന്നും മുൻനിരയിൽ ബിനോയ് വിശ്വമുണ്ടായിരുന്നു. ആരുടെയും മുഖത്തേക്ക് നോക്കാതെ പറയുള്ളത് കൃത്യമായി പറയുന്ന നേതാവാണ് അദ്ദേഹം. രാഷ്ട്രീയസാഹചര്യങ്ങൾക്കും അന്നന്നേരത്തെ നേട്ടങ്ങൾക്കും വേണ്ടി വാക്കു മാറി പറയുന്നയാളല്ല. നിലപാടുകളിൽ വെള്ളം ചേർക്കാത്ത ബിനോയ് യെയാണ് കേരളത്തിന് എന്നും പരിചിതം.

അധികാരത്തിന്റേതായ രാഷ്ട്രീയ ഗിമ്മിക്സുകളൊന്നും തന്നെ ബിനോയ് എന്ന രാഷ്ട്രീയ നേതാവിന്റെ പേര് കാണാൻ സാധിക്കില്ല. പുഴ പോലെ ശാന്തനാണെങ്കിലും നിലപാടുകളിൽ മൂർച്ച എപ്പോഴും സൂക്ഷിക്കാറുണ്ട്. അയോധ്യാ ക്ഷേത്രത്തിന്റെ ഉദ്ഘാടനത്തിൽ വിവിധ നേതാക്കൾ പങ്കെടുക്കുന്നതുമായി ബന്ധപ്പെട്ട വിവാദങ്ങളുണ്ടയപ്പോൾ ബിനോയ് വിശ്വം പറഞ്ഞത് ഒരൊറ്റക്കാര്യമാണ്, ക്ഷേത്രം പണിയുന്നതിന് ആരും എതിരല്ലെന്നും എന്നാൽ പള്ളി പൊളിച്ചിടത്ത് അമ്പലം പണിയുന്നിടത്താണ് പ്രശ്നമെന്നുമായിരുന്നു ബിനോയ് വിശ്വത്തിന്റെ പ്രതികരണം.

ഇന്ത്യൻ മതേതര മൂല്യങ്ങളുടെ നെഞ്ചിൽ കഠാര കുത്തിയിറക്കിയ ആ സ്ഥലത്തേക്കാണ് രാഷ്ട്രീയ ദുരുദേശ്യത്തോടെ ബി.ജെ.പി ക്ഷണിക്കുന്നതെന്നും ഈ കുതന്ത്രം തിരിച്ചറിയാനും നോ പറയാനും കോൺഗ്രസിനാവണമെന്നും അദ്ദേഹം പറഞ്ഞു. പള്ളി പൊളിച്ച സ്ഥലത്താണ് പ്രതിഷ്ഠ നടക്കാനിരിക്കുന്നതെന്നും അവിടെ പോകില്ലെന്ന് പറയാൻ കോൺഗ്രസിന് എന്താണിത്ര പ്രശ്നമെന്നും ചോദിച്ച വിരലിലെണ്ണാവുന്ന, അല്ല ഒരേയൊരു നേതാവാണ് ബിനോയ് വിശ്വം. ചിലർ രാത്രി ഉറങ്ങാൻ കിടക്കുമ്പോൾ കോൺഗ്രസാണെന്നും എന്നാൽ രാവിലെ എഴുന്നേൽക്കുമ്പോൾ ബി.ജെ.പിയാണെന്നും കോൺഗ്രസിന്റെ അയോധ്യാവിഷയത്തിലെ സമീപനത്തെ ചോദ്യം ചെയ്തുകൊണ്ട് പറഞ്ഞു.



പുതിയ കാഴ്ചപ്പാട്,
തെളിയിക്കപ്പെട്ട
മികച്ച നേതൃപാടവം
ഫോമയെ പുതിയ
തലത്തിലേക്കുയർത്തുവാൻ
വ്യക്തമായ കർമ്മപരിപാടികൾ

# തോമസ് ടി ഉമ്മൻ

**ഫോമാ പ്രസിഡന്റ്
സ്ഥാനത്തേക്ക് (2024 – 26)**



## സാദരം നിങ്ങളുടെ
## പിന്തുണ അഭ്യർത്ഥിക്കുന്നു



കാനം രാജേന്ദ്രൻ അന്തരിച്ചതോടെ കേരളത്തിൽ നിന്നുള്ള സി.പി.ഐയുടെ ഏക കേന്ദ്ര സെക്രട്ടേറിയറ്റ് അംഗംബിനോയ് വിശ്വമാണ്. കാനത്തെ പോലെ സി.പി.ഐയെ മുന്നിൽ നിന്നു നയിച്ച്, വെല്ലുവിളികളുടെ കാലത്ത് ചങ്കുറപ്പോടെ നേരിട്ട നേതാവിന്റെ പിൻഗാമിയാകുമ്പോൾ വെല്ലുവിളികളേറെയാണ്. എങ്കിലും സ്വതസിദ്ധമായ പ്രവർത്തനശൈലി കൊണ്ട് അതെല്ലാം കൂടുതൽ മികവോടെ പൂർത്തിയാക്കാൻ ബിനോയ് വിശ്വം എന്ന പ്രിയപ്പെട്ടവരുടെ സഖാവിന് കഴിയട്ടെ.

വൈക്കം എം.എൽ.എ ആയിരുന്ന സി.കെ.വിശ്വനാഥന്റെയും സി.കെ.ഓമനയുടെയും മകനായി 1955 നവംബർ 25നാണ് ബിനോയ് വിശ്വത്തിന്റെ ജനനം. ഹൈസ്കൂളിൽ പഠിക്കുമ്പോഴാണ് എ.ഐ.എസ്.എഫിലൂടെ രാഷ്ട്രീയരംഗത്തെത്തിയത്.

ചിട്ടയായ പ്രവർത്തനങ്ങളിലൂടെ അവിടെ നിന്ന് സംഘടനയുടെ അഖിലേന്ത്യാ പ്രസിഡന്റ് സ്ഥാനത്തേക്ക് ഉയർന്നു. എം.എയും എൽ.എൽ.ബിയുമാണ് യോഗ്യത. അറിയപ്പെടുന്ന എഴുത്തുകാരനും മാധ്യമപ്രവർത്തകനുമാണ്. 2001ലും 2006ലും കോഴിക്കോട് നാദാപുരത്തുനിന്ന് നിയമസഭയിലെത്തി. 2006ലെ വി.എസ് അച്യുതാനന്ദൻ മന്ത്രിസഭയിൽ വനം മന്ത്രിയായിരുന്നു.

2018 ജൂണിലാണ് രാജ്യസഭയിലേക്ക് തിരഞ്ഞെടുക്കപ്പെട്ടത്. മൂന്നുമാസം കഴിയുമ്പോൾ രാജ്യസഭാ അംഗത്വത്തിന്റെ കാലാവധി കഴിയും.

കാനം രാജേന്ദ്രൻ അന്തരിച്ചതോടെ കേരളത്തിൽ നിന്നുള്ള സി.പി.ഐയുടെ ഏക കേന്ദ്ര സെക്രട്ടേറിയറ്റ് അംഗംബിനോയ് വിശ്വമാണ്. കാനത്തെ പോലെ സി.പി.ഐയെ മുന്നിൽ നിന്നു നയിച്ച്, വെല്ലുവിളികളുടെ കാലത്ത് ചങ്കുറപ്പോടെ നേരിട്ട നേതാവിന്റെ പിൻഗാമിയാകുമ്പോൾ വെല്ലുവിളികളേറെയാണ്. എങ്കിലും സ്വതസിദ്ധമായ പ്രവർത്തനശൈലി കൊണ്ട് അതെല്ലാം കൂടുതൽ മികവോടെ പൂർത്തിയാക്കാൻ ബിനോയ് വിശ്വം എന്ന പ്രിയപ്പെട്ടവരുടെ സഖാവിന് കഴിയട്ടെ. ജാഗ്രതയോടെ മുന്നോട്ടുപോകേണ്ട കാലമാണ് കൺമുന്നിലുള്ളത്. രാഷ്ട്രീയസാഹചര്യം അനുദിനം മാറിക്കൊണ്ടിരിക്കുന്നു. വികസനത്തിൽ മുന്നോട്ടുപോകുമ്പോഴും മാനുഷികത നഷ്ടപ്പെടുന്ന കാലത്ത് ബിനോയ് വിശ്വത്തെ പോലുള്ള നേതാവിന് ഒരുപാട് ചെയ്യാനുണ്ട്. വരാനിരിക്കുന്ന ലോക്സഭാ തിരഞ്ഞെടുപ്പിലേക്ക് പാർട്ടിയെ ഒരുക്കുന്നതുൾപ്പടെ ചെയ്യാനേറെയുണ്ട്. ഇടതുമുന്നണിയിലും കേരള രാഷ്ട്രീയത്തിലും സി.പി.ഐയുടെ പ്രസക്തി ഉറപ്പിച്ചു നിർത്തുക എന്നതാണ് അദ്ദേഹത്തെ കാത്തിരിക്കുന്ന വെല്ലുവിളി. ബിനോയ് വിശ്വത്തെ മികച്ചൊരു നേതാവാക്കിയ സംഘടനാശേഷി ഈ കർമ്മപഥങ്ങളെയും ത്രസിപ്പിക്കും എന്ന് തന്നെ കരുതാം.

# വിർജിനിയയിൽ ഇന്ത്യൻ അമേരിക്കൻ പ്രഭുദോസ് യുഎസ് കോൺഗ്രസിലേക്കു മത്സരിക്കുന്നു

വാഷിംഗ്ടൺ, ഡി.സി: പ്രമുഖ സാമൂഹ്യ പ്രവർത്തകൻ ജോൺ പ്രഭുദോസ് (58) വിർജിനിയയിലെ ഡിസ്ട്രിക്ട് 7 ൽ നിന്നു യുഎസ് കോൺഗ്രസിലേക്കു മത്സരിക്കുന്നു. ഫ്രഡറിക്സ്ബർഗ്, കുൾപെപ്പെർ മേഖലകൾ ഉൾപ്പെട്ടതാണ് ഡിസ്ട്രിക്ട്.



ഫെഡറേഷൻ ഓഫ് ഇന്ത്യൻ അമേരിക്കൻ ക്രിസ്ത്യൻ ഓർഗനൈസേഷൻസ് ചെയർമാനാണ് പ്രഭുദോസ്. വിർജിനിയയിൽ 20 വർഷമായി ജീവിക്കുന്ന സംരംഭകൻ. ഏഷ്യയിലും മിഡിൽ ഈസ്റ്റിലും ആഫ്രിക്കയിലും ഏറെ യാത്ര ചെയ്തിട്ടുണ്ട്.

അമേരിക്കൻ വിദേശകാര്യ നയം അവിടെയൊക്കെ ജനങ്ങളുടെ ജീവിതത്തെ എങ്ങിനെ ബാധിക്കുന്നു എന്നു കണ്ടു മനസിലാക്കാൻ ആയിരുന്നു ആ യാത്രകളെന്നു അദ്ദേഹം പറയുന്നു. ഇറാഖിൽ യുദ്ധം കഴിഞ്ഞു നാലു തവണ പോയി. ജനാധിപത്യത്തിന് അടിത്തറ പണിയുന്ന ശ്രമങ്ങളിൽ സഹായം നൽകി.

അമേരിക്കൻ സൈനികർക്കു സമഗ്രമായ സഹായങ്ങൾ ലഭ്യമാക്കണമെന്ന് പ്രഭുദോസ് വിശ്വസിക്കുന്നു. അഫോർഡബിൾ ഹെൽത്ത് കെയറിനെ പിന്താങ്ങുന്നു.

റിപ്പബ്ലിക്കൻ സ്ഥാനാർഥിത്വത്തിനാണ് അദ്ദേഹം ശ്രമിക്കുന്നത്. ഇപ്പോൾ കോൺഗ്രസംഗം ഡമോക്രാറ്റാണെങ്കിലും റിപ്പബ്ലിക്കൻ പിന്തുണ ഏറിവരുന്നതായി അദ്ദേഹം പറയുന്നു.



ഇഎം-ദി വീക്കിലിക്ക്
ആശംസ!
പരിചയസമ്പന്നമായ നേതൃത്വം
രാഷ്ട്രീയ -സാമൂഹിക മേഖലകളിലെ സമ്പന്നമായ പാരമ്പര്യം
എക്കാലത്തും ഫൊക്കാനയുടെ ശക്തിസ്രോതസ്
ലീല മാരേട്ട്
ഫൊക്കാന 2024-26 പ്രസിഡന്റ് സ്ഥാനാർഥി
സാദരം നിങ്ങളുടെ പിന്തുണ തേടുന്നു

# നിര്യാതരായി





**കെ. സി. വർഗീസ്**

ഡാളസ്: കോയിപ്പുറം മട്ടക്കൽ കുടുംബാംഗവും റിട്ടയേർഡ് തഹസീൽദാരുമായിരുന്ന കെ. സി. വർഗീസ് (94 വയസ്സ്) കുമ്പനാട്ടുള്ള സ്വവസതിയിൽ അന്തരിച്ചു. ഭാര്യ പരേതയായ മറിയാമ്മ വർഗീസ് നെല്ലിക്കൽ അരിപ്പിനെത്തു കുടുംബാംഗമാണ്. പരേതൻ മുപ്പത്തിയഞ്ചു വർഷത്തിൽപരം റെവന്യൂ വകുപ്പിൽ സേവനം അനുഷ്ഠിച്ചതോടൊപ്പം സാമൂഹ്യരംഗത്തു കർമ്മനിരതനായിരുന്നു. കേരളാ കോൺഗ്രസ് (എം.)എൻ.ജി.ഓ. ചെങ്ങന്നൂർ താലൂക്ക് പ്രസിഡന്റും സ്റ്റേറ്റ് കമ്മിറ്റി അംഗവുമായിരുന്നു. മക്കൾ: തങ്കച്ചൻ, മോനച്ചൻ (വർഗീസ്), ബാബു, ഷേർലി, റെജി, ഷാജി. മരുമക്കൾ: കുഞ്ഞുമോൾ, ഷീല, സുബി, ജോയിക്കുട്ടി, ബിന്ദു, ഷൈനി. (എല്ലാവരും ഡാലസിൽ സ്ഥിരതാമസക്കാരാണ്.)




**അന്നമ്മ കുര്യാ ക്കോസ്**

ഹൂസ്റ്റൺ: അന്നമ്മ കുര്യാക്കോസ് (86) ഡിസംബർ അഞ്ചിന് ഹൂസ്റ്റണിൽ അന്തരിച്ചു. പെരുമ്പാവൂർ പുരുമണികരവാത്ത് നാമക്കുഴിയിൽ കുടുംബാംഗമാണ്. മൂലക്കുളം അറക്കപ്പാടി ഐ.പി.സി സഭാംഗമായിരുന്നു. ഭർത്താവ് പരേതനായ കെ. റ്റി കുര്യാക്കോസ്. സഹോദരങ്ങൾ: മറിയാമ്മ പൗലോസ്, ഏലിയാമ്മ വർഗീസ്. മക്കൾ: ജോൺ കുര്യൻ, ലിസി ബാബു, ബെന്നി കുര്യാക്കോസ്, ഷീലാ വർഗീസ്. മരുമക്കൾ: ഓമന ജോൺ, ബാബു വർഗീസ്,എലിസബത്ത് ബെന്നി, പാസ്റ്റർ പി.ഐ. വർഗീസ് (എല്ലാവരും യു.എസ്.എ).

**മറിയാമ്മ ഫിലിപ്പ്**

പാമ്പാടി:ഉപ്പൂട്ടിൽ മറിയാമ്മ ഫിലിപ്പ് (77) അന്തരിച്ചു.ഭർത്താവ്: പരേതനായ ഫിലിപ്പ്.



**ഡോ.ഗുർദേവ് സിംഗ് ഗിൽ**

ഒട്ടാവ: കാനഡയിലെ ആദ്യ ഇന്ത്യൻ വംശജനായ ഫിസിഷ്യൻ ഡോ. ഗുർദേവ് സിംഗ് ഗിൽ (92) അന്തരിച്ചു. കാന ഡയിൽ പ്രാക്ടീസ് ചെയ്ത ആദ്യ ഇന്തോ-കനേഡിയൻ എന്ന നിലയിൽ ചരിത്രം സൃഷ്ടിച്ച ഗുർദേവ് സിംഗിന് 92 വയസായിരുന്നു. കാനഡയിലെ ന്യൂ വെസ്റ്റ്മിൻസ്റ്റർ നഗരത്തിലായിരുന്നു അന്ത്യം. കാനഡയിൽ ഏകദേശം 2,000 ദക്ഷിണേഷ്യക്കാർ മാത്രമുണ്ടായിരുന്ന 1949-കാലത്താണ് ഇന്ത്യയിൽ നിന്ന് കാനഡയിലേക്ക് ഗിൽ എത്തിയത്. ബ്രിട്ടീഷ് കൊളംബിയ സർവകലാശാലയിൽ നിന്ന് മെഡിക്കൽ ബിരുദം നേടിയ ആദ്യത്തെ ഇൻഡോ-കനേഡിയനാണ്. സെന്റ് മേരീസ്, റോയൽ കൊളംബിയൻ, ക്വീൻസ് പാർക്ക് ആശുപത്രികളിലെ സജീവ സ്റ്റാഫ് അംഗമായിരുന്നു.



**മറിയാമ്മ ഉലഹന്നാൻ**

കിടങ്ങൂർ സൗത്ത്: പുന്നത്തുറ സെന്റ് തോമസ് ക്നാനായ ഇടവക കണിയാലിൽ (തെക്കനാട്ട് പീടികയിൽ) പരേതനായ ഉലഹന്നന്റെ ഭാര്യ മറിയാമ്മ ഉലഹന്നാൻ (100) അന്തരിച്ചു. മക്കൾ: പരേതനായ തോമസ് കണി യാലിൽ, ഏലിയാമ്മ ചാണ്ടി അരീച്ചിറ (ഡാളസ്), അന്നമ്മ തോമസ് ചിലമ്പത്ത് (ചിക്കാഗോ). മരുമക്കൾ : ഏലിയാമ്മ, ചാണ്ടി അരീച്ചിറ, പരേതനായ തോമസ് ചിലമ്പത്ത്. കൊച്ചുമക്കൾ: സോണിയാ & സ്റ്റീഫൻ പാത്തിക്കൽ, ഫെബിൻ & മഞ്ജു കണിയാലിൽ (ചിക്കാഗോ), സിൽവിയാ & സജി മൂലക്കാട്ട്, ടിമ്മി & ലില്ലി അരീച്ചിറ (ഡാള സ്), ടിസി & ഐവിൻ പീടികയിൽ (ന്യൂജേഴ്സി), മേരിയൻ&റോയി (ന്യൂയോർ ക്ക്), ജോസഫ് ചിലമ്പത്ത്, ലിസാ ചിലമ്പത്ത് (ചിക്കാഗോ).



**അന്നമ്മ ജോർജ്**

കൊറ്റനാട്: പി.റ്റി തോമസിന്റെ ഭാര്യാമാതാവ് അന്നമ്മജോർജ് അന്തരിച്ചു. പരേതനായ ജോർജ് ആൻഡ്രൂസ്, മേരിക്കുട്ടി തോമസ്,അന്നമ്മ ജോർജ്, സൂസൻ ജോർജ്, റേച്ചൽ മാത്യു, മേഴ്സി ജേ ക്കബ്, മിനി ജേക്കബ് എന്നിവർ മക്കളും, ചിന്നു വർക്കി ആൻഡ്രൂസ്, പി.റ്റി തോമസ്, പരേതനായ കെ. എം ജോർജ്, ജോർജ് സക്കറിയ, പരേത നായ രാജൻ മാത്യു, ജോർജ് ജേക്കബ്, സുജു ജേക്കബ് എന്നിവർ മരുമക്കളും ആണ്. പരേതനായ കെ എം ജോർജ്- തങ്കമ്മ, മേരിക്കു ട്ടി ഈപ്പൻ, എം സി ഈപ്പൻ, (അറ്റ്ലാന്റ), റേച്ചൽ ചാക്കോ പരേതനായ ബേബി ചാക്കോ, ശാമുവേൽ മാത്യു - സാറാമ്മ ശാമുവേൽ,ജേക്കബ് മാത്യു- റോസമ്മ ജേക്കബ്, രാജുകുട്ടി മാത്യു- ഗ്രേസി മാത്യു എന്നിവർ സഹോദരങ്ങൾ.



**എത്സമ്മ**

ചിക്കാഗോ: ചെട്ടിയാത്ത് ജോക്സിന്റെ ഭാര്യ എത്സമ്മ ചെട്ടിയത്ത് ചിക്കാഗോയിലെ ഓർലാൻഡ് പാർക്കിൽ അന്തരിച്ചു. മക്കൾ: സിന്ഡി & റോബർട്ട് കാമിൻസ്കി; പരേതനായ ജെയ്ക് ചെട്ടിയത്ത്. കൊച്ചു മക്കൾ: ഐഡൻ കാമിൻസ്കി, ജിയാന കാമിൻസ്കി. സഹോദരങ്ങൾ: പരേതരായ ബെസ്സി & തോമസ് താച്ചെ; കെറ്റിക്കുട്ടി & പരേതനായ ജോസഫ് എല്ലമ്പള്ളി; മോളി & പരേതനായ ജോൺ പുതുശ്ശേരിൽ, ജോസഫ് & ചിന്നമ്മ (നിരപ്പിൽ) പതിയി ൽ; ത്രേസ്യാമ്മ & ജെയിംസ് മണിമല; മെറി & ജോണി മുട്ടത്തിൽ; സൈബു & റെജീന പതിയിൽ.

**കുഞ്ഞുമോൾ മാത്യു**

തിരുവല്ല: കുഞ്ഞുമോൾ മാത്യു (70) അന്തരിച്ചു. ഭർത്താവ്: പരേതനായ പി.എസ്.മാത്യു. മക്കൾ: പാസ്റ്റർ സാം മാത്യു, ജയിംസ് മാത്യു.



**തോമസ് ജോസഫ്**


താമ്പാ: തോമസ് ജോസഫ് പുതുശ്ശേരിൽ (68) താമ്പായിൽ അന്തരിച്ചു.

**മോനിക്കാ മാത്യു**

കൊഴുവനാൽ: മാരാംകുഴിയിൽ മോനിക്കാ മാത്യു (94) അന്തരിച്ചു. കൊഴുവനാൽ മാരാംകുഴി കുടുംബാംഗമാണ്. ഭർത്താവ്: പരേതനായ മാത്യു. മക്കൾ: സിസ്റ്റർ ട്രീസ (വിജയവാഡ), ബേബി, മേരിക്കുട്ടി (യുകെ), പരേതരായ മാത്യു, തോമസ്. മരുമക്കൾ: അന്നക്കുട്ടി മാത്യു കീച്ചേരിൽ (മറ്റക്കര), പരേതയായ സിസിലി തോമസ് കണ്ണമംഗലം (മരങ്ങാട്ടുപിള്ളി), വൽസമ്മ പുത്തൂർ (വാഴൂർ), ബേബിച്ചൻ കണ്ണംപള്ളിചങ്ങനാശേരി (യുകെ)

**അന്നമ്മ അജി**

വാളക്കുഴി:താഴോംപടിക്കൽ പുതുപ്പറമ്പിൽ അന്നമ്മ അജി (58) അന്തരിച്ചു. ഭർത്താവ്: ബി.അജി. മക്കൾ: ജെസ്റ്റസ്, നിസി.



**ജേക്കബ് ലൂക്കോസ്**

താമ്പാ:ജേക്കബ്ലൂ ക്കോസ് മണിത്തൊട്ടിയിൽ താമ്പായിൽ അന്തരിച്ചു.

**പി.വി.ജേക്കബ്**

ചെമ്മലമറ്റം:ബിഎസ്എൻഎൽ റിട്ട.ഡിവിഷനൽ എൻജിനീയർ പള്ളിപ്പറമ്പിൽ പി.വി.ജേക്കബ് (പാപ്പച്ചൻ-73) അന്തരിച്ചു. ഭാര്യ: കൂട്ടിക്കൽ ഇടത്തിൽ മേരിക്കുട്ടി (റിട്ട. അധ്യാപിക ലിറ്റിൽ ഫ്ളവർ ഹൈസ്കൂൾ ചെമ്മലമറ്റം). മക്കൾ: സ്മിത, ആഷ (ഇരുവരും യുഎസ്). മരുമക്കൾ: ടോണി ജോസ് ഇരയമംഗലം ചങ്ങനാശേരി, ജെന്റിൽ സെബാസ്റ്റ്യൻ മാത്തൻകുന്നേൽ പൂഞ്ഞാർ (ഇരുവരും യുഎസ്).

**ത്രേസ്യാമ്മ ബേബി**

വകയാർ:കണ്ണാങ്കരയിൽ ത്രേസ്യാമ്മ ബേബി (83) അന്തരിച്ചു. കാർമല പെരിഞ്ഞൊട്ടയ്ക്കൽ കുടുബാംഗമാണ്. മക്കൾ: കെ.ജി.ജോസ്, രാജു, ലിസി, പരേതനായ കുഞ്ഞുമോൻ.



**തങ്കമ്മ യോഹന്നാൻ**

കുണ്ടറ: ആറുമുറിക്കട തൃപ്പിലഴികം ആലുവിള വീട്ടിൽ (എട്ടു വീട്ടിൽ) പരേതനായ തര്യൻ യോഹന്നാന്റെ ഭാര്യ തങ്കമ്മ യോഹന്നാൻ (85) അന്തരിച്ചു. മക്കൾ: ലീലാമ്മ സണ്ണി, അലക്സ് യോഹന്നാൻ(യു.എസ്.എ) ജോൺസൺ യോഹന്നാൻ, ലിസിമോൾ (ദോഹ). മരുമക്കൾ: സണ്ണി തര്യൻ, ജെസ്സി അലക്സ് (യു .എസ്. എ ), സിനി ജോൺസൺ, വർഗീസ് തരകൻ (ദോഹ).

**വി.എസ്.ജോസഫ്**

ചങ്ങനാശേരി:എസ്ബി കോളജ് ഇംഗ്ലിഷ് വിഭാഗം റിട്ട. പ്രഫ. കുരിശുംമൂട് വാലുമണ്ണിൽ വി.എസ്. ജോസഫ് (89) അന്തരിച്ചു. ആനിക്കാട് വാലുമണ്ണിൽ കുടുംബാംഗമാണ്. ഭാര്യ: തിരുവനന്തപുരം പൂവണ്ണയ്യത്ത് മോളി ജോസഫ്. മക്കൾ: ആനി, ലെയ, സൂസൻ. മരുമക്കൾ: ഷാജി, ഷാജൻ, ഷിബു.



**ജോസഫ് കുരുവിള**

നീണ്ടൂർ: കണ്ണാലയിൽ ജോസഫ് കുരുവിള (കുട്ടിച്ചേട്ടൻ-82)അന്തരിച്ചു. ഭാര്യ: പരേതയായ അച്ചാമ്മ ജോസഫ് നീണ്ടൂർ പടവത്തിൽ കുടുംബാംഗമാണ്. മക്കൾ: ഡോളി & ഫലിപ്പ് ലൂക്കോസ് പുത്തൻപുരയിൽ ചിക്കാഗോ), ജോർജ് (സജി) & മെറീന കല്ലടാന്തി യിൽ നീണ്ടൂർ (ഡാളസ്), മാത്യു & സുജ നെടുംങ്കുമ്പിൽ ബാംഗ്ലൂർ (ഡിട്രോയിറ്റ്), ലാലിമോൾ & ബെന്നി തേക്കുംകാട്ടുതടത്തിൽ (ഡാളസ്), ജോമോൻ & ജയശ്രീ ഇലയ്ക്കാട്ട് കുറുമുള്ളൂർ.

**കത്രിക്കുട്ടി യോഹന്നാൻ**

പനയമ്പാല: കത്രിക്കുട്ടി യോഹന്നാൻ (മേരിക്കുട്ടി-85) അന്തരിച്ചു. മക്കൾ: ബേബി ജോൺ, ജോളി ജോൺ, സാം കെ. ജോൺ, മോളി മാത്യു, ഡോളി ജോൺ, സിസ്റ്റർ സൗമ്യ, ഫാ. ഡോ. സിറിയക് വലിയകുന്നുംപുറത്ത്


IF YOU NEED
HOME LOAN OR
INVESTMENT LOAN
Scan QR Code
PLEASE CONTACT
Dhan Thomas
NMLS# 1987022
Loan Consultant
Dhanmt@gmail.com
dhanthomas@loandepot.com
https://www.loanDepot.com/dhanthomas
loanDepot
#1 Retail Lender in Volume
Per Scotsman Guide
(267) 475-3410

# Classifieds



Buy & Sell

REAL ESTATE

## Bridegroom Wanted

**Bridegroom wanted**

Catholic parents seeking alliance for their daughter, a 29, with a Doctorate in Pharmacy from the Washington State University in Seattle. She is beautiful, dedicated and compassionate, and is been working as Pharmacist for two years. We are looking for a well-educated, understanding, and caring life partner, preferably with a medical professional background, who is around 30-32 years, from RC or other Christian suitable denominations. We believe in the importance of compatibility, respect, and shared values in a marriage.

Pl contact us with your son's details and recent photographs at **lalithundiyil@yahoo.com**

**Bride Wanted**

Marthomite parents of Physician Associate (PA) 28 born and brought up in the US, seek alliance from qualified girls (ages between 25 to 28) from any Christian denominations. He is 6" tall and works in New York.
Interested parties please call 1-917-900-2123 or email info@medialogistics.us

**Bride groom Wanted**

Marthomite parents of doctor, 26 born and brought up in the US, seek alliance from professionally qualified boys (ages between 26 to 29) from any Christian denominations. She is fair, 5"4" tall and family oriented and now works in New Jersey. Interested parties please call 1-917-900-2123 or email info@ media logistics .us

**Seeking Bride**

B.Tech engineer, mechanical, now working in Dubai Working as a Quality Management System Administrator in Premier Composite Technologies, seeks alliance from girls, any denomination. He belongs to an Orthodox family in Wadakanchery, Thrissur. Age: 26; DOB: 26.01.996; Weight: 61 kg; Height: 172 cm. Complexion: medium

Contact: 845 300 6781

## Real Estate

REAL ESTATE

3 BHK New Luxury Apartment In Trichur Town (Near Round)

Contact – 9846128822

**പത്തനംതിട്ടയിൽ ഭൂമി വിൽപനയ്ക്ക്**

പത്തനംതിട്ട കാതോലിക്കേറ്റ് കോളജിനു സമീപം 25 സെന്റ് സ്ഥലം വിൽപനയ്ക്ക്. വില്ലകളോ ഫ്ളാറ്റുകളോ നിർമ്മിക്കുന്നതിന് ഏറ്റവും അനുയോജ്യമായ സ്ഥലം.
കാതോലിക്കേറ്റ് കോളേജ് റോഡിന്റെ സൈഡിലും പത്തനംതിട്ട-ഓമല്ലൂർ റോഡിൽ നിന്ന് മീറ്റർ ഉള്ളിലാണ് കോമ്പൗണ്ട് വാൾ ഉണ്ട് . ദയവായി ബന്ധപ്പെടുക (516) 5031735.

Land for sale in changanacherry

Changanacherry: 28 Cents of prime land with about 25 meter frontal access to main bypass road and within walkable distance of town/railway, bus stations, schools, colleges, hospitals & places of worship. Suitable for commercial / residential projects – available for sale.

This portion of the land is part of larger 58 cent plot with a ancestral house of 4500 Sq.ft with separate entrance. Genuine buyers only - do contact at: Contact: +971552625657 email: plotcgy@gmail.com

**വരനെ ആവശ്യമുണ്ട്**

ഹിന്ദു യുവതി, Bsc Nurse, വർക്ക് പെർമിറ്റ്, 39 വയസ്സ്, അവിട്ടം '5'1'. ഇരുനിറം. പുനർവിവാഹം. ബാധ്യതകളില്ല. ജാതി സാമ്പത്തികം പ്രശ്നമില്ല. US citizens only

Contact - 215-880-3341
or vincentemmanuel@aol.com

ഗുരുകുലം

Established in 1993
Indian School of Culture, Languages and Arts
P.O Box 521, White Plains, N. Y. 10602

**MALAYALAM THROUGH ENGLISH**

*by:*

**Dr. James Kurichi**




This 358-page book in 32 lessons teaches the English-speaking population to read, write, and speak Malayalam language.
It will be of enormous help to the descendants of Malayalee immigrants.
The best gift Malayalee immigrants can make to their children and grandchildren.

To purchase the book

email: malayalamthroughenglish@gmail.com


pravasi CHANNEL HD
THE ONE AND ONLY
DAILY NEWS BULLETIN
For North American Malayalees!
ഡെയിലി
ന്യൂസ്
ബുള്ളറ്റിൻ
പ്രവാസി മലയാളികളുടെ
സ്വന്തം ചാനലിൽ മാത്രം!
Watch Pravasi Channel LIVE 24 Hrs
www.pravasichannel.com
Or Watch Anytime via 'VOD' Video on Demand
by Downloading
MediaAppUSA App FREE!
Download on the App Store
ANDROID APP ON Google play
Scan the QR Code for instant download
Available in App Store or Google Store
MediaAppUSA
Call 1-917-900-2123 for Advertisements & News